# സത്യദൂതൻ


2022 സെപ്തംബർ | ലക്കം 09

വില ₹ 30



## ആകാശത്ത് വെളിപ്പെട്ട ദൈവികദൃഷ്ടാന്തം

## സ്വാതന്ത്ര്യത്തിന്റെ ഏഴര പതിറ്റാണ്ട്




**ഇസ്‌ലാമിലെ പ്രഖ്യാതനായ കറുത്ത മുത്ത്
ഹദ്‌റത്ത് ബിലാലി (റ) ന്റെ കഥ സൂക്ഷ്മമായ
ചരിത്ര പശ്ചാത്തലത്തിൽ ആത്മകഥന രൂപത്തിൽ
വിവരിക്കപ്പെടുന്ന ഉജ്ജ്വല കൃതി.**

**സത്യദൂതന്റെ 18 ലക്കങ്ങളിൽ ഖണ്ഡശ: പ്രസിദ്ധീകരിച്ച ലേഖന സമാഹാരം.**




The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2022 സെപ്തംബർ
ഹി.ശ.1402- തബൂഖ്
1444 സഫർ - റ.ഉ.അവ്വൽ
പുസ്തകം 94 ലക്കം 09
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം
**പ്രകാശിക്കുന്ന പൂർണ്ണമനുഷ്യൻ**



**7**
പ്രഭാഷണം
**റസൂൽ തിരുമേനി (സ): കാരുണ്യത്തിന്റെ പ്രവാചകൻ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖ്ലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2012 ഒക്ടോബർ 10-ാം തീയതി യുകെ ബൈത്തുഫുത്തൂഹിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം രണ്ടാം ഭാഗം.

**11**
**ശാസ്ത്രവും സാങ്കേതിക ശാസ്ത്രവും ഉസ്മാനിയാ ഭരണത്തിന് കീഴിൽ - 2**
സകരിയ്യാ വിർക്, കനഡ

**15**
**ആകാശത്ത് വെളിപ്പെട്ട ദൈവികദൃഷ്ടാന്തം**
ഡോ. ഹാഫിസ് സാലിഹ് അലാവുദ്ദീൻ

**23**
**അബൂഹുറയ്റ (റ)**
മാലിക്ക് അമീൻ കാക്കനാട്

**28**
**താവോ മതം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**30**
**ആദമിന്റെ ഏദൻ തോട്ടം**
മുഹമ്മദ് നജീബ് ഖാൻ വാഴക്കാല

**34**
ഭാഗം - 31
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**41**
കുറിപ്പുകൾ
**സ്വാതന്ത്ര്യത്തിന്റെ ഏഴര പതിറ്റാണ്ട്**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും മുഹമ്മദിൽ ഇറക്കപ്പെട്ടതിൽ - അവരുടെ നാഥനിൽ നിന്നുള്ള സത്യമാണത് - വിശ്വസിക്കുകയും ചെയ്തവരാരോ അവരുടെ തിന്മകൾ അവരിൽ നിന്ന് അകറ്റുകയും അവരുടെ സ്ഥിതി നന്നാക്കിത്തീർക്കുകയും ചെയ്യുന്നതാണ്. (47: 3)





## നബിവചനം

നബിതിരുമേനി (സ) തന്റെ വീട്ടിൽ എന്താണ് ജോലി ചെയ്തിരുന്നതെന്ന് ആയിശ (റ) നോട് ചിലർ ചോദിച്ചു. അവർ പറഞ്ഞു നബി തിരുമേനി(സ) തന്റെ ഭാര്യമാരെ വീട്ടു ജോലികളിൽ സഹായിച്ചു കൊണ്ടിരിക്കും. നമസ്ക്കാരത്തിന് സമയമായാൽ നമസ്ക്കാരത്തിന്ന് വേണ്ടി പള്ളിയിലേക്ക് പോകുകയും ചെയ്യും. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

### റസൂൽ തിരുമേനി(സ)യെ അവർ അറിയുന്നില്ല

നിർഭാഗ്യകരമെന്ന് പറയട്ടെ മുസ്‌ലിംകളിൽ വലിയൊരു വിഭാഗം ദിവ്യാത്ഭുതങ്ങളുടെ കാലഘട്ടം പണ്ടെന്നോ കഴിഞ്ഞുപോയി എന്ന് വിശ്വസിക്കുന്നു. ഇത് അവരുടെ ഭാഗ്യദോഷവും നഷ്ടബോധവും ആണ് കാണിക്കുന്നത്. യഥാർത്ഥ ഇസ്‌ലാമിന്റെ ശ്രേഷ്ഠതകളും പരിപൂർണ്ണതകളും അതുപോലെതന്നെ റസൂൽ തിരുമേനി(സ)യെ അനുസരിക്കുന്നതിലും അനുഗമിക്കുന്നതിലും ഉണ്ടാകുന്ന മഹാത്മ്യങ്ങളും അവർ അറിയുന്നില്ല. ഈ പ്രഭാവങ്ങളും അനുഗ്രഹങ്ങളും പണ്ടു കഴിഞ്ഞുപോയി എന്നും ഇതൊന്നും ഇപ്പോൾ ഉണ്ടാവുന്നില്ല എന്നും ഇക്കൂട്ടർ കരുതുന്നു. ഇത്തരത്തിലുള്ള മൂഢവിശ്വാസം, കാരണമായി ഇവർ ഹദ്റത്ത് റസൂൽ തിരുമേനി (സ)യെ അനുസരിക്കുന്നതിലും അനുഗമിക്കുന്നതിലും ഉണ്ടാകുന്ന മഹാത്മ്യങ്ങളും അവർ അറിയുന്നില്ല. ഈ പ്രഭാവങ്ങളും അനുഗ്രഹങ്ങളും പണ്ടു കഴിഞ്ഞു പോയി എന്നും ഇതൊനും ഇപ്പോൾ ഉണ്ടാകുന്നില്ല എന്നും ഇക്കുട്ടർ കരുതുന്നു. ഇത്തരത്തിലുള്ള മൂഢ വിശ്വാസം കാരണമായി ഇവർ റസൂൽ തിരുമേനി (സ)യുടെ മഹത്വത്തിന് മേൽ ആക്രമണം നടത്തുകയും ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുകയും ചെയ്യുന്നു. (മൽഫൂസാത്ത് വാ.6 പേ 276)



എഡിറ്റോറിയൽ


# മുഹമ്മദ് നബി:
## മനുഷ്യഹൃദയം കീഴടക്കിയ ദിവ്യജേതാവ്

ആത്മീയതയുടെ പാരമ്യം കണ്ട റസൂൽ തിരുമേനി(സ) സ്നേഹ വികാരം കൊണ്ട് മനുഷ്യഹൃദയങ്ങളെ ജയിച്ചടക്കിയ പ്രവാചക വരേണ്യനാണ്. മനുഷ്യ കേന്ദ്രിതമായ ഈ പ്രപഞ്ചം സൃഷ്ടിക്കാൻ കാരണഭൂതരായ റസൂൽ തിരുമേനി(സ) യിൽ മാനുഷതയുടെ എല്ലാ സദ്ഗുണങ്ങളുടെയും സമ്പൂർണ്ണ മാതൃകയുണ്ട്. ഖുർആൻ പറയുന്നു: ***'നീ അതിമഹത്തായ ധാർമ്മിക ഗുണങ്ങളുള്ളവൻ തന്നെയാണ്' (68:5)***

റസൂൽ തുരുമേനി (സ) അധികാരവും ശക്തിയുമുപയോഗിച്ചല്ല അവിടുത്തെ അനുചരന്മാരെ തന്റെ അലൗകികമായ ആത്മീയ വലയത്തിൽ ചേർത്തു നിർത്തിയത്. സൂര്യസമാനം സുവ്യക്തമായിരുന്നു അവിടത്തെ ആർദ്രപൂരിതമായ ഉദീരണങ്ങൾ. കഠിനമായ വാക്കുകളോ അഹങ്കാരത്തിന്റെ ധ്വനിയോ അധികാരത്തിന്റെ നിഴലോ അവയിൽ ഉണ്ടായിരുന്നില്ല. തത്വജ്ഞാനനിർഭരവും യുക്തിസമ്പൂർണ്ണവുമായിരുന്നു അവിടുത്തെ ഭാഷണങ്ങൾ. ഭൂമി വസ്തുക്കളെ ആകർഷിക്കുന്നത് പോലെ അനുചരന്മാരുടെ ഹൃദയങ്ങൾ ആ ദിവ്യവ്യക്തിത്വത്തിൽ ബന്ധിതമായിരുന്നു. അഗ്നി പരീക്ഷകളുടെ കാലഘട്ടത്തിൽ പോലും ആ സവിധം വിട്ടുപോകാൻ സഹാബികൾ ഇഷ്ടപ്പെട്ടിരുന്നില്ല. തങ്ങളുടെ എല്ലാമെല്ലാമായ യജമാന് ജീവൻ ബലിദാനമായി നൽകാൻ തയ്യാറായി അവർ നബിക്ക് ചുറ്റും നിന്നു. അത്രമാത്രം ഗാഢമായിരുന്നു റസൂൽ തിരുമേനി(സ) യോടുള്ള അവരുടെ അനുരക്തി. ഖുർആൻ പറയുന്നു: ***'അല്ലാഹുവിന്റെ മഹത്തായ കാരുണ്യംകൊണ്ട് തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ അവർ നിന്റെ ചുറ്റും നിന്ന് ചിതറിപ്പോയ്ക്കളയുമായിരുന്നു. അതിനാൽ നീ അവർക്ക് മാപ്പു നൽകുകയും അവർക്കായി പാപമോചനത്തിന് വേണ്ടി നീ പ്രാർത്ഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക.' (3:160) 'സത്യമായും നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന്ന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമകാര്യങ്ങളിൽ ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കാരുണ്യവുമുള്ളയാളാണ്.' (9:128)***

അളവറ്റ ആത്മീയ തേജസ്സിന്റെ ആലക്തിക ശക്തികൾ പ്രവഹിച്ച അവിടുത്തെ കരസ്പർശത്താലും ചന്ദ്രബിംബംപോലെ വിളങ്ങിയ മുഖദർശനത്താലും മൃഗപ്രായരായി ജീവിച്ച മനുഷ്യാത്മാക്കൾ വലിയ വലിയ ആത്മീയനില പ്രാപിച്ചു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

***'ലാഹൂത്തി മഖാമിൽ (ദിവ്യസ്ഥാനത്ത്) നിന്നും പരിപൂർണ്ണമായ അംശം (പങ്ക്) ലഭിച്ചതിന് ശേഷം നാസൂത്ത് (മനുഷ്യത്വത്തിലേക്ക്)ലേക്ക് പൂർണ്ണമായും തിരിച്ചു ചെല്ലുകയുണ്ടായി. അതായത് ഉബൂദിയത്തിന്റെ (ദാസത്വത്തിന്റെ) പാരമ്യത്തിലേക്ക് താൻ എത്തുകയും മനുഷ്യത്വത്തിന്റെ സദ്ഭാവനകളായ അനുകമ്പ, ആർദ്രത, സ്നേഹം എന്നീ ഗുണങ്ങൾ പരിപൂർണ്ണമായും ഉൾക്കൊള്ളുകയുമുണ്ടായി. ചുരുക്കത്തിൽ ആ മഹാത്മാവ് ഒരു ഭാഗത്ത് ദൈവ സ്നേഹത്തിലും മറുഭാഗത്ത് സൃഷ്ടി സ്നേഹത്തിലും പരിപൂർണ്ണത പ്രാപിക്കുകയുണ്ടായി '(റിവ്യൂ ഓഫ് റിലീജ്യൻസ് ഉറുദു വാല്യം, ഭാഗം, 182)*** വാഗ്ദത്ത മസീഹ് (അ) തുടരുന്നു: ***'ലക്ഷക്കണക്കിന്ന് മൃതന്മാർ ഏതാനും ദിനങ്ങൾ കൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറതലമുറയായി വഴിപിഴച്ചുപോയവർ ദിവ്യ വർണ്ണങ്ങൾ സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്കയെന്ന അത്ഭുത പ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടൻ കാണുവാൻ തുടങ്ങുകയും ഊമകളുടെ നാവിൽ നിന്നും ദിവ്യജ്ഞാനം പ്രവഹിക്കാൻ തുടങ്ങുകയും ചെയ്തു'(ബറക്കാത്തു ദുആ)*** ലോകജനതയിലെ ഒരോരുത്തനേയും മാലാഖമാരെ പോലെയാക്കി മാറ്റാൻ ആത്മീയ ശേഷിയുള്ള മുഹമ്മദ് നബി (സ)യുടെ ദിവ്യവ്യക്തിത്വം വാഗ്ദത്ത മസീഹിനാൽ ലോകം അതിവേഗം തിരിച്ചറിയപ്പെടുമാറാകട്ടെ. (ആമീൻ)



ഹദ്റത്ത് അഹ്മദ് (അ)

# പ്രകാശിക്കുന്ന പൂർണ്ണമനുഷ്യൻ

സൂര്യനിൽ എന്ന പോലെ മനുഷ്യാത്മാവിലും ഒരു തേജസ്സ് അഥവാ, വിവേക ബുദ്ധിയുടെയും ജ്ഞാനത്തിന്റെയും പ്രകാശം സ്ഥിതി ചെയ്യുന്നുണ്ട്. അതുമൂലം അവന് മുഴു ലോകത്തെയും പ്രകാശമാനമാക്കിത്തീർക്കുവാൻ സാധിക്കുന്നതാണ്. ചന്ദ്രനെപോലെ അവൻ സർവ്വ തേജോകേന്ദ്രമായ ദൈവത്തിൽ നിന്നുള്ള ആത്മദർശനവും ദിവ്യവെളിപാടുമാകുന്ന പ്രകാശം സ്വീകരിക്കുകയും മനുഷ്യ പൂർണ്ണത സിദ്ധിക്കാതെ അന്ധകാരത്തിൽ വർത്തിക്കുന്നവർക്ക് തൽപ്രഭാപൂരം വിതരണം ചെയ്യുകയും ചെയ്യുന്നു. അതിനാൽ പ്രവാചക പട്ടം വെറും ഭോഷ്കാണെന്നും സർവ്വോന്നതനായ ദൈവത്തിൽ നിന്നുള്ള ദൗത്യവും ധർമ്മനിയമവും തത്ത്വഗ്രന്ഥവുമെല്ലാം സ്വാർത്ഥത പുലർത്തുന്നതിന്നുള്ള കുതന്ത്രമാണെന്ന് പറയുന്നത് തീരെ ബുദ്ധി പൂർവ്വകമല്ല.

പകൽ പ്രകാശ പൂർണ്ണമായിരിക്കുന്നത് കൊണ്ട് സകല മാർഗ്ഗങ്ങളും പാതകളും അവയുടെ ഉയർച്ചയും താഴ്ച്ചയും കുന്നും കുഴിയുമെല്ലാം തെളിഞ്ഞു കാണുമാറാകുന്ന പ്രകാരം, അദ്ധ്യാത്മ പ്രഭയുടെ അഹസ്സാകുന്ന പരിപൂർണ്ണ മനുഷ്യന്റെ ആവിർഭാവത്താൽ എല്ലാമാർഗ്ഗവും ദൃഷ്ടി ഗോചരമായി ഭവിക്കുന്നതാണ് ആസൽപുമാൻ സത്യത്തിന്റെയും സൽഗതിയുടെയും ഉജ്ജ്വല ദിനമായിരിക്കുന്നതിനാൽ സത്യാസത്യങ്ങളെ വേർതിരിച്ച് നേരായ മാർഗ്ഗം കാണിച്ചു തരുന്നു. ഇതേപ്രകാരം, രാത്രിയാകട്ടെ ക്ഷീണിതർക്കും ബലഹീനർക്കും വിശ്രമം നൽകുന്നു എന്നത് പ്രത്യക്ഷമാണ്. പകൽ സമയം ജോലി ചെയ്ത് ക്ഷീണിക്കുന്ന തൊഴിലാളികൾ നിശയാകുന്ന ശയ്യയിൽ വിശ്രമിക്കുകയും സുഖമായി നിദ്ര കൊള്ളുകയും ചെയ്യുന്നു. തന്നെയുമല്ല, രാത്രി എല്ലാവരുടേയും കുറ്റങ്ങളും കുറവുകളും മറയ്ക്കുന്ന ഒരാവരണം കൂടിയാണ്. ഈ വിധം തന്നെ പരിപൂർണ്ണ ഗുണങ്ങളോടു കൂടിയ ദൈവദാസൻ ലോകത്തിന് സൗഖ്യവും ആശ്വാസവും പ്രദാനം ചെയ്യുവാനായിട്ടാണ് ആവിർഭവിക്കുന്നത്. ദൈവത്തിന്റെ പ്രേമാത്മകമായ ഭാഷണവും വെളിപാടും സിദ്ധിച്ച പുണ്യാത്മാവ് വിവേക ജ്ഞാനികളുടെ ആന്തരീയ രോഗങ്ങൾ നിഗ്രഹിച്ച് അവർക്ക് സൗഖ്യവും സമാശ്വാസവും നൽകുന്നു. മഹാബുസ്ദ്ധിമാന്മാർക്ക് പോലും കണ്ടെത്താൻ സാധിക്കാത്ത ആത്മീയ തത്ത്വങ്ങളും ജ്ഞാന രഹസ്യങ്ങളും ആ ദൈവദാസൻ മുഖേന വെളിപ്പെടുകയും സുഗ്രാഹ്യമായി ഭവിക്കുകയും ചെയ്യുന്നു. ദൈവവചനത്തിന്റെ വെളിപാട് മനുഷ്യന്റെ വിവേക ബുദ്ധിയെ തീക്ഷ്ണതരമാക്കുകയും അതിന്റെ ന്യൂനതകളെ മറച്ചുകളയുകയും അതിന്റെ വീഴ്ച്ചകൾ ലോകത്തിന്ന് വെളിപ്പെടാതിരിക്കാൻ സൂക്ഷിക്കുകയും ചെയ്യുന്നു. വിവേകികൾ ദൈവചനത്തിന്റെ പ്രകാശം സിദ്ധിക്കമൂലം ആന്തരീയമായ തങ്ങളുടെ തെറ്റുകൾ തിരുത്തുകയും ദൈവത്തിന്റെ വിശുദ്ധ വെളിപാടിന്റെ സഹായത്താൽ ലോകാപവാദത്തിൽ നിന്ന് സ്വയം രക്ഷിക്കുമാറാകുകയും ചെയ്യുന്നു. അതിനാലാണത്രെ ഇസ്‌ലാമിലുണ്ടായ ഒരു തത്വജ്ഞാനിയും യവന ദാർശനികനായ പ്ളാറ്റോ (അഫ്‌ലാത്തൂൻ) വിനെ പോലെ വിഗ്രഹത്തിന്ന് ബലിയർപ്പിക്കാതിരുന്നത്. ഏതാദൃശമായ പ്രകാശസിദ്ധിക്ക് ഭാഗ്യമില്ലാതിരുന്നതിനാൽ പ്ളാറ്റോ തെറ്റിദ്ധാരണകൾക്ക് വശഗതനായി ഭവിച്ചു. മഹാ തത്ത്വജ്ഞാനിയായിരുന്നിട്ടും അദ്ദേഹത്തിന്ന് അനഭിലഷണീയമായ ഈ മൗഢ്യം പിണയുക തന്നെ ചെയ്തു. എന്നാൽ ഇസ്‌ലാമിലെ ത്വജ്ഞാനികളെ ഇത്തരം വിവേക ശൂന്യമായ ക്രിയകളിൽ നിന്നും നിരോധിച്ചത്, നബി നായകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ ഉപദർശനമാണെന്ന കാര്യം നിസ്സന്ദേഹമത്രേ. ഇങ്ങിനെ ദൈവവചനമാകുന്ന വെളിപാട് രാത്രിയെ പോലെ വിവേകികൾക്ക് ഒരാവരണമായി തീരുന്നു.

(ഇസ്‌ലാംമത തത്വജ്ഞാനം)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2012 ഒക്ടോബർ 10-ാം തീയതി യുകെ ബൈത്തുഫുത്തൂഹിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം രണ്ടാം ഭാഗം.

# റസൂൽ തിരുമേനി (സ): കാരുണ്യത്തിന്റെ പ്രവാചകൻ

(രണ്ടാം ഭാഗം)




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

മറ്റൊരു ഓറിയന്റലിസ്റ്റായ സർ വില്യംമ്യൂർ എഴുതുന്നു. ഇദ്ദേഹവും ഇസ്‌ലാമിനെതിരെ ഒരുപാട് എഴുതിയിട്ടുണ്ട്. നബി തിരുമേനി (സ) തന്റെ എല്ലാ കൃത്യങ്ങളും സ്വയം ചെയ്യുമായിരുന്നു. തന്റെ മുമ്പിലുള്ള വസ്തുക്കൾ മാത്രമെ അദ്ദേഹം എടുക്കുമായിരുന്നുള്ളു. പൊതു പെരുമാറ്റത്തിലും ഇങ്ങനെ ത്തന്നെയായിരുന്നു. ആരോടെങ്കിലും സംസാരിക്കുവാനായി തിരിയുകയാണെങ്കിൽ ഭാഗികമായി മുഖം തിരിക്കുമായിരുന്നില്ല. മറിച്ച് മുഴുവനായും മുഖം തിരിഞ്ഞുനിന്ന് സംസാരിക്കുമായിരുന്നു. ആരോടെങ്കിലും ഹസ്തദാനം ചെയ്യുകയാണെങ്കിൽ കൈ ആദ്യം വലിക്കില്ലായിരുന്നു. അപരിചിതനോടായാലും സംസാരിക്കുമ്പോൾ പാതിയിൽ വെച്ച് നിർത്തില്ലായിരുന്നു. മറിച്ച് മുഴുവൻ സംസാരവും ശ്രവിക്കുമായിരുന്നു. അദ്ദേഹത്തിന്റെ പാരമ്പര്യമായ വിനയം അദ്ദേഹത്തിൽ കാണാമായിരുന്നു. സ്വന്തം കാര്യങ്ങൾ സ്വയംതന്നെ ചെയ്യുന്ന സ്വഭാവമാണ് ഉണ്ടായിരുന്നത്. ദാനധർമങ്ങൾ നേരിട്ടാണ് ചെയ്തിട്ടുണ്ടായിരുന്നത്. വീട്ടു ജോലികളിൽ തന്റെ ഭാര്യമാരെ സഹായിക്കുമായിരുന്നു. ആർക്കും അദ്ദേഹവുമായി സമ്പർക്കം പുലർത്താമായിരുന്നു. കടൽ കരയിലേക്കെന്ന പോലെ. സന്ദർശക സംഘങ്ങൾക്ക് ആദരപൂർവം സ്വാഗതമോതുമായിരുന്നു. ചരിത്രത്തിൽ നിന്നും മനസിലാക്കുവാൻ സാധിക്കുന്നത് ഒരു തികഞ്ഞ ഭരണാധികാരിയുടെ കഴിവുകളെല്ലാം തന്നെ അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു എന്നാണ്. ഇങ്ങനെയൊക്കെയായിട്ടും അദ്ദേഹത്തിന് എഴുത്തറിയില്ല എന്ന വസ്തുത വിചിത്രമായിരിക്കുന്നു.

വില്ല്യംമ്യൂർ തുടർന്ന് എഴുതുന്നു: അതിസാധാരണക്കാരായ തന്റെ അനുയായികളോട് അദ്ദേഹത്തിനുണ്ടായിരുന്ന പരിഗണനയും പരിലാളനയും ശ്ലാഘനീയമാണ്. ലജ്ജ, അനുകമ്പ, ക്ഷമ, ദാനധർമം, വിനയം എന്നിവ അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ പ്രധാന വശങ്ങളായിരുന്നു. ഇവയിലൂടെ തന്റെ ചുറ്റുപാടുമുള്ളവരെ അദ്ദേഹം ഹഠാദാകർഷിക്കുമായിരുന്നു. പറ്റില്ലെന്ന് പറയുന്നത് അദ്ദേഹത്തിന് അനിഷ്ടകരമായിരുന്നു. ഏതെങ്കിലും ആവശ്യക്കാരന്റെ ആവശ്യം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെങ്കിൽ നിശബ്ദത പാലിക്കുന്നത് ഉചിതമായി

കരുതിയിരുന്നു. അദ്ദേഹം ഒരിക്കലെങ്കിലും ആരുടേയും ക്ഷണം നിരസിച്ചതായി കാണാൻ സാധിക്കുകയില്ല. അയാൾ എത്രതന്നെ നിസ്സാര വ്യക്തി ആയിരുന്നാലും ശരി. അദ്ദേഹം പാരിതോഷികങ്ങൾ ഒന്നുംതന്നെ അതെത്രതന്നെ തുച്ഛമായിരുന്നാലും തിരിച്ചയച്ചതായി കാണാൻ സാധ്യമല്ല. അദ്ദേഹത്തിന്റെ സദസ്സിലുള്ള ഓരോരുത്തർക്കും താനാണ് ഏറ്റവും പ്രധാനപ്പെട്ട അതിഥി എന്ന് തോന്നുമായിരുന്നു എന്നത് അദ്ദേഹത്തിന്റെ ഒരു അസാധാരണമായ ശ്രേഷ്ടതയായിരുന്നു. ആരെങ്കിലും അവരുടെ വിജയത്തിൽ സന്തോഷവാനായി കണ്ടാൽ ആവേശത്തോടെ അയാളുമായി ഹസ്തദാനവും ആലിംഗനവും ചെയ്യുമായിരുന്നു. അവശരും ബുദ്ധിമുട്ടിനാൽ വലയം ചെയ്യപ്പെട്ടവരുമായവരോട് അനുകമ്പകാണിക്കുമായിരുന്നു. കുട്ടികളോട് വളരെ വാത്സല്യത്തോടെ പെരുമാറുമായിരുന്നു. വഴിയിൽ കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികളോട് സലാം പറയുന്നതിൽ യാതൊരു വിധ അഭിമാനക്ഷതവും കരുതിയിരുന്നില്ല. ക്ഷാമ കാലത്ത് തന്റെ ഭക്ഷണത്തിൽ മറ്റുള്ളവരെ പങ്കുചേർക്കുമായിരുന്നു. എല്ലാവരുടേയും സുഖത്തിന്നായി എപ്പോഴും പരിശ്രമിക്കുമായിരുന്നു. സൗമ്യവും ദയാനിർഭരവുമായ പ്രകൃതം അദ്ദേഹത്തിന്റെ എല്ലാ പ്രവൃത്തികളിലും വ്യക്തമായി കാണാൻ സാധിക്കുമായിരുന്നു. മുഹമ്മദ്(സ) ന്റെ ഒരു ആത്മാർഥ സുഹൃത്തായിരുന്ന അബൂബക്കറിനെ സഹോദരനേക്കാൾ കൂടുതൽ സ്നേഹിച്ചു. അലിയോട് പിതൃതുല്യമായ ലാളന കാണിച്ചു. സ്വതന്ത്രനാക്കിയ അടിമയായിരുന്ന സെയ്ദിനോട് ഈ കാരുണ്യവാനായ നബിക്കുണ്ടായിരുന്ന സ്നേഹാധിക്യം നിമിത്തം സെയ്ദ് തന്റെ പിതാവിനൊപ്പം പോകുന്നതിന് പകരമായി മക്കയിൽ താമസിക്കുന്നത് ഇഷ്ടപ്പെട്ടു. തന്റെ മേൽനോട്ടക്കാരന്റെ കോന്തല പിടിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു, ഞാൻ താങ്കളെ ഉപേക്ഷിക്കുകയില്ല. താങ്കൾ തന്നെയാണ് എനിക്ക് മാതാവും പിതാവും. സൗഹൃദത്തിന്റെ ഈ ബന്ധം സെയ്ദിന്റെ മരണം വരെ നിലനിന്നു. പിന്നീട് സെയ്ദിന്റെ മകൻ ഉസാമയോടും ഈ ബന്ധം കാരണമായി അദ്ദേഹം എല്ലായിപ്പോഴും അങ്ങേയറ്റം കാരുണ്യത്തോട് കൂടി പെരുമാറി. ഉസ്മാനിനും, ഉമറിനും അദ്ദേഹവുമായി ഒരു പ്രത്യേക അടുപ്പമുണ്ടായിരുന്നു. അദ്ദേഹം ഹുദൈബിയ എന്ന സ്ഥലത്ത് ബൈഅത്ത് റിസ്വാന്റെ സമയത്ത് തടവിലാക്കപ്പെട്ട തന്റെ മരുമകനും സുഹൃത്തുമായ ഉസ്മാനിനായി തന്റെ ജീവൻ പോലും നൽകാം എന്ന് വാഗ്ദാനം ചെയ്തത് ഈ സത്യസന്ധമായ സുഹൃദ്ബന്ധത്തിന് ഉത്തമ ഉദാഹരണമാണ്. അദ്ദേഹത്തിന്റെ അചഞ്ചലമായ പരസ്നേഹത്തിന്റെ ഉദാഹരണമായി കാണിക്കാവുന്ന മറ്റനേകം സംഭവങ്ങളുണ്ട്. ഒരവസരത്തിലും ഈ സ്നേഹപ്രകടനങ്ങൾ അസ്ഥാനത്തായിരുന്നില്ല. മറിച്ച് എല്ലാ സംഭവങ്ങളും ഈ സ്നേഹാധിക്യത്തിന്റെ നിദർശനങ്ങളാണ്. .....

മൈക്കിൾ എച്ച് ഹാർട്ട് തന്റെ ഗ്രന്ഥമായ റാങ്കിങ് ഓഫ് ദ മോസ്റ്റ് ഇൻഫ്ളു വെൻഷ്യൽ പെഴ്സൻസ് ഇൻ ദി ഹിസ്റ്ററിയിൽ എഴുതുന്നു: ലോകത്ത് സ്വാധീനം ചെലുത്തിയ വ്യക്തികളിൽ മുഹമ്മദ്(സ) യുടെ പേര് ഒന്നാം സ്ഥാനത്തിനായി തിരഞ്ഞെടുത്തത് ചില അനുവാചകരെ ഒരു പക്ഷെ അദ്ഭുതപ്പെടുത്തിയേക്കാം. ചിലർ ഒരു പക്ഷേ ഇതിനെക്കുറുച്ച് ചോദ്യങ്ങളും ഉന്നയിച്ചേക്കാം. എന്നാൽ ചരിത്രത്തിൽ മതപരവും ഭൗതീകപരവുമായ രണ്ട് മേഖലകളിലും ഏറ്റവും വലിയ വിജയം വരിച്ച ഏക വ്യക്തി അദ്ദേഹം മാത്രമാണ്. മനുഷ്യചരിത്രത്തിൽ മുഹമ്മദ്(സ) എപ്രകാരമാണ് സ്വാധീനം ചെലുത്തിയത് എന്ന ചോദ്യം ഉയർന്ന് വരാം. മറ്റു മതങ്ങളെ പോലെ ഇസ്ലാമും തങ്ങളുടെ അനുയായികളിൽ ഗഹനമായ ഒരു സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട്. ഈ ഒരു കാരണമായാണ് ലോകത്ത് കാണപ്പെടുന്ന മഹത്തായ മതങ്ങളുടെ സ്ഥാപകർക്ക് ഈ ഗ്രന്ഥത്തിൽ പ്രധാനമായ സ്ഥാനം നൽകിയിരിക്കുന്നത്. എഴുതുന്നു: ഒരു ഊഹമനുസരിച്ച് ലോകത്ത് ക്രിസ്ത്യാനികളുടെ അംഗസംഖ്യ മുസ്ലീങ്ങളുടെ അംഗസംഖ്യയേക്കാൾ രണ്ട് ഇരട്ടിയാണ്. (ഇത് അദ്ദേഹം എഴുതിയ കാലത്തെ കാര്യമാണ്). ഇതനുസരിച്ച് ഹ: മുഹമ്മദ്(സ)യെ ഹ: ഈസയെക്കാൾ മുമ്പിൽ വെക്കുന്നത് ഒരു പക്ഷേ നിങ്ങളെ ആശ്ചര്യപ്പെടുത്തിയേക്കാം. എന്നാൽ എന്റെ ഈ തീരുമാനത്തിന് പിന്നിൽ രണ്ട് പ്രധാന കാരണങ്ങളുണ്ട്. ഒന്നാമത്തെ കാര്യം ഇതാണ്; ക്രിസ്തുമതത്തിന്റെ വളർച്ചയിൽ ഈസാ (അ)ന്റെ വ്യക്തിത്വത്തിന് ഉണ്ടായിരുന്നതിനേക്കാൾ ഇസ്ലാമിന്റെ വളർച്ചയിൽ മുഹമ്മദ്(സ)യുടെ പങ്ക് എത്രയോ കൂടുതലായിരുന്നു. ഈസാ (അ)തന്നെയാണ് ക്രിസ്തുമതത്തിന്റെ ആത്മീയവും ഭൗതീകപരവുമായ ജീവിത മാർഗരേഖയ്ക്ക് രൂപ കല്പന നൽകിയത്. എന്നിരുന്നാലും ക്രിസ്തുമതത്തിന്റെ പുരോഗതിയിൽ സെന്റ്പോളിനാണ് ഭൂരിഭാഗവും പങ്കുളളത്. ക്രിസ്തുമതത്തിന് നിലവിലുള്ള രൂപം നൽകിയതും പുതിയ നിയമത്തിലെ സിംഹഭാഗവും എഴുതി ച്ചേർത്തതും സെന്റ് പോളായിരുന്നു. എന്നാൽ ഇസ്ലാംമതത്തിൽ അടങ്ങിയിരിക്കുന്ന ധാർമികതയുടെയും ആദർശങ്ങളുടെയും രചയിതാവ് ഹദ്റത്ത് മുഹമ്മദ്(സ) തന്നെയായിരുന്നു. ഈ പുതിയ മതത്തിന് അദ്ദേഹം തന്നെയാണ് സ്വയം രൂപകല്പന നൽകിയത്. ഇസ്ലാമിക അദ്ധ്യാപനങ്ങൾ സ്ഥാപിക്കുന്നതിലും അദ്ദേഹത്തിന് സുപ്രധാന പങ്കുണ്ട്. ഇത് കൂടാതെ മുസ്ലിങ്ങളുടെ വിശുദ്ധ ഗ്രന്ഥം അതായത് ഖുർആൻ മുഹമ്മദ്(സ)യുടെ ആത്മീയ ദൃഷ്ടിയിൽ അധിഷ്ഠിതമായ ഒരു ഗ്രന്ഥമായിരുന്നു. അത് എഴുതിയത് മുഹമ്മദ്(സ) ആയിരുന്നു. (ഇദ്ദേഹം എതിരാളിയായത് കൊണ്ടാണ് ഇങ്ങനെ എഴുതുന്നത്)

പറയുന്നു: അത് അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് അദ്ദേഹത്തിന് വെളിപാടു മുഖേന ലഭിച്ചത് എന്ന് പറയുന്നു. വിശുദ്ധഖുർആന്റെ ഒരു വലിയഭാഗം മുഹമ്മദ് (സ)യുടെ ജീവിത കാലത്ത് തന്നെ എഴുതി സുരക്ഷിതമാക്കി വെച്ചു. അദ്ദേഹത്തിന്റെ മരണത്തിന് കുറച്ച് കാലങ്ങൾക്ക് ശേഷം അതിനെ പൂർണമായും ക്രോഡീകരിക്കുകയും ഗ്രന്ഥരൂപത്തിൽ സുരക്ഷിതമാക്കി വെക്കുകയും ചെയ്തു. അതുകൊണ്ട് തന്നെ ഖുർആൻ മുഹമ്മദ് (സ)യുടെ അധ്യാപനങ്ങളുടേയും, ചിന്താഗതിയുടേയും യഥാർഥത്തിലുള്ള പ്രതിബിംബമാണ്. എന്നാൽ ഈസാ(അ)യുടെ അധ്യാപനങ്ങളുടെ ഈ വിധത്തിലുള്ള യാതൊരു സമാഹരണവുമില്ല. മുസ്ലീങ്ങളുടെ പക്കൽ വിശുദ്ധഖുർആന്റെ പ്രധാന്യം ക്രിസ്ത്യാനികൾക്ക് ബൈബിളിന് ഉള്ളത്പോലെയാണ്. വിശുദ്ധ ഖുർആൻ മുഖേന മുഹമ്മദ് (സ) ജനങ്ങളിൽ പൂർണമായും സ്വാധീനം ചെലുത്തി. ഈസാ(അ)മും, സെന്റ്പോളും ഒരുമിച്ച് നിന്നു കൊണ്ട് ക്രിസ്തുമതത്തിൽ ചെലുത്തിയതിനേക്കാൾ മുഹമ്മദ്(സ)യുടെ സ്വാധീനമാണ് ഇസ്ലാമിൽ കൂടുതലായിട്ടുള്ളത് എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. പൂർണമായും മതപരമായ ദൃഷ്ടികൊണ്ട് വീക്ഷിക്കുകയാണെങ്കിൽ മുഹമ്മദ് (സ)യും മനുഷ്യചരിത്രത്തിൽ ഹ: ഈസാ (അ) ചെലുത്തിയ അത്രത്തോളം സ്വാധീനം ചെലുത്തിയതായി കാണാൻ സാധിക്കുന്നതാണ്. (ഇത് അദ്ദേഹത്തിന്റെ അഭിപ്രായമാണ്.ഏതായിരുന്നാലും റസൂൽ തിരുമേനി (സ)യുടെ സ്ഥാനം ഒന്നാമതാണ് എന്ന് ഇദ്ദേഹം അംഗീകരിക്കുന്നു.) ..........

ആനിബസന്റ് തന്റെ വിശ്രുത ഗ്രന്ഥമായ ലൈഫ് ആന്റ് ടീച്ചിങ്സ് ഓഫ് മുഹമ്മദിൽ എഴുതുന്നു. അറേബ്യയിലെ മഹാനായ നബിയുടെ ജീവിതം വായിച്ചവർക്കും അദ്ദേഹത്തിന്റെ പാഠങ്ങൾ അറിഞ്ഞവർക്കും ജീവിതരീതി മനസ്സിലാക്കിയവർക്കും ഒരിക്കലും തന്നെ ദൈവദൂതന്മാരിൽ മഹാനായ ഈ നബിയെ ആദരിക്കാതിരിക്കാൻ സാധിക്കുന്നതല്ല. ഞാൻ പറയാൻ പോകുന്ന കാര്യങ്ങൾ ഒരു പക്ഷേ പലർക്കും നേരത്തെ തന്നെ അറിയാമായിരിക്കും. എന്നാൽ ഞാൻ ഈ കാര്യങ്ങൾ വായിക്കുമ്പോൾ ഈ അറബി ഗുരുവിനെ പൂർവാധികം ബഹുമാനിക്കാൻ പ്രേരിതയായിത്തീരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ ചരിത്രത്തിന്റെ പുതിയ ഭാവങ്ങൾ ദൃശ്യമാകുന്നതാണ്.

ഹിസ്റ്ററി ഓഫ് ദ സർസൻ എംപയേഴ്സ് എന്ന ഗ്രന്ഥത്തിൽ എഡ് വാർഡ് ഗിബ്ബൺ എഴുതുന്നു. ആ മഹാത്മാവിന്റെ തബ്ലീഗ് പ്രവർത്തനമല്ല, മറിച്ച് അദ്ദേഹത്തിന്റെ സ്ഥൈര്യ മനോഭാവമാണ് ഞങ്ങളെ അദ്ഭുതപ്പെടുത്തുന്നത്. ഹദ്റത്ത് മുഹമ്മദ് (സ) മക്കയിലും മദീനയിലും പരിപൂർണ ആധിപത്യം നേടിയത് പന്ത്രണ്ട് നൂറ്റാണ്ടുകളുടെ വിപ്ലവ കാലഘട്ടത്തിന് ശേഷവും ഇന്ത്യക്കാരും തുർക്കികളും ആഫ്രിക്കക്കാരുമായിട്ടുള്ള നവമുസ്ലീങ്ങൾ ഇതുവരെയും കാത്തു സൂക്ഷിക്കുന്നുണ്ട്. മുഹമ്മദ് (സ) യുടെ ശിഷ്യന്മാർ തങ്ങളുടെ മതവിശ്വാസങ്ങളെ ഒരു മനുഷ്യന്റെ കാല്പനികതയായി കണക്കു കൂട്ടിയിരുന്നില്ല. ഇസ്ലാമിലുള്ള ലളിത സുന്ദരമായ സത്യസാക്ഷ്യം ഞാൻ ഏക ദൈവത്തിലും അല്ലാഹുവിന്റെ പ്രവാചകൻ മുഹമ്മദ് (സ) യിലും വിശ്വസിക്കുന്നു എന്നതാണ്. അതായത് **ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദു റസൂലുല്ലാഹ്** എന്നതാണ്. ദൈവത്തെക്കുറിച്ചുള്ള ഈ ചിന്താഗതി വികലമാക്കപ്പെട്ട് മുസ്ലിംകളിൽ ഒരു ബിംബരൂപമായി ദൈവം പ്രതിഷ്ഠിക്കപ്പെട്ടിട്ടില്ല. തിരുനബി(സ)യുടെ മഹിത സ്ഥാനമാനങ്ങളും അമാനുഷികമായ നിലയിൽ ഒരിക്കലും അവതരിക്കപ്പെടുകയുണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ ജീവൽ അധ്യാപനങ്ങൾ അദ്ദേഹത്തിന്റെ അനുയായികളെ കൃതജ്ഞതയും ഉപകാരസ്മരണയും പ്രകടിപ്പിക്കുന്നതിൽ ബുദ്ധിയുടെയും മതത്തിന്റെയും അതിരുകൾ ലംഘിക്കുവാൻ ഒരിക്കലും പ്രേരകമായിത്തീർന്നിട്ടില്ല.-എന്നാൽ ക്രിസ്ത്യാനികൾ ഇതിനെ തിരിൽ സൃഷ്ടിയെ ദൈവമാക്കി എന്നാണ് ഇദ്ദേഹം ഇവിടെ പറയുന്നത്-

രണ്ടാഴ്ച മുമ്പുള്ള സെപ്റ്റംബർ 21 ന് നടത്തിയ ഖുത്ബയിൽ ലോകത്തിലെ മുസ്ലിം വക്കീലുമാർ പ്രവാചക നിന്ദക്കെതിരെ കൂട്ടായി പ്രവർത്തിക്കണം എന്ന് ഞാൻ പറഞ്ഞിരുന്നു. അവർ എല്ലാവരും ഒന്നിക്കുമോ ഇല്ലയോ എന്നറിയില്ല. എന്നിരുന്നാലും നമ്മുടെ അഹ്മദി വക്കീലുമാർ മറ്റു സ്ഥലത്തും പാകിസ്താനിലും ഇക്കാര്യത്തിൽ മുന്നോട്ട് വന്നിട്ടുണ്ട്. മതവികാരങ്ങൾ മാനിക്കുക, ആവിഷ്കാര സ്വാതന്ത്രത്തിന് പരിധികൾ നിർണയിക്കുക എന്നിവയെക്കുറിച്ച് എന്ത് ചെയ്യാൻ സാധിക്കുമെന്ന് ഇവർ ചർച്ച നടത്തിയിട്ടുണ്ട്. കുറച്ച് കാര്യങ്ങളും പോയിന്റുകളും ഇതു സംബന്ധമായി ഇവർ ശേഖരിച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിലുള്ള കോടതി വിധികൾ, നിയമങ്ങൾ കൂടാതെ അന്തർദേശീയ നിയമങ്ങൾ എന്നിവ മുന്നിൽ വെച്ച് കൊണ്ട് ചില ചോദ്യങ്ങൾ ഇവർ ഉന്നയിക്കുന്നുണ്ട്. അത് ഇവിടെയും അയച്ചിട്ടുണ്ട്. ഞാൻ അത് വിവിധ രാജ്യങ്ങളിലെ അഹ്മദി വക്കീലുമാർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. പാകിസ്താനിലെ അഹ്മദി വക്കീലുമാർ ഇതിലേക്ക് മുമ്പെ ശ്രദ്ധ തിരിച്ചിരുന്നു. അവർ പറയുകയുണ്ടായി; അവർ മറ്റു മുസ്ലിം വക്കീലുമാരോടൊപ്പം ഇരിക്കുകയായിരുന്നു. ഇതര മുസ്ലിം വക്കീലുമാർ അവരോട് പറഞ്ഞത് സംഘടിതമായ നിലയിൽ ഈ ജോലി ചെയ്യാൻ അഹ്മദിയ്യാ ജമാഅത്തിനു മാത്രമെ സാധിക്കുകയുള്ളൂ, അത് കൊണ്ട് നിങ്ങൾ തന്നെ ഈ ചോദ്യം ലോകത്ത് ഉയർത്തുക എന്നാണ്. എന്തായാലും ഞാൻ ഇത് ലോകത്തിലെ മറ്റു അഹ്മദി വക്കീലുമാർക്ക് അയച്ചു

ക്കാൻ തുടങ്ങിയിരിക്കുന്നു. മുസ്‌ലിം ങ്ങളെ തമ്മിൽ യുദ്ധം ചെയ്യിപ്പിച്ച് എല്ലാ വിധത്തിലുള്ള പ്രയോജനവും എടുക്കുകയെന്നത് തന്നെയാണ് മുസ്‌ലിം വിരുദ്ധ ശക്തികളുടെ നയം. ഇതാണ് അവരുടെ പ്രഥമ അജണ്ട. ഇക്കാര്യം മുസ്‌ലിംകൾ മനസ്സിലാക്കുന്നില്ല. അല്ലാഹു മുസ്‌ലിം ഉമ്മത്തിനെ തന്റെ സംരക്ഷണത്തിൽ വെക്കട്ടെ. അവർക്ക് ഈ യാഥാർഥ്യം മനസ്സിലാക്കാൻ ബുദ്ധി നൽകട്ടെ. അവർ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുന്നവരായിത്തീരട്ടെ.

# മനുഷ്യസമൂഹത്തിന്റെ ഐക്യം

## ഹ്ദറത്ത് അഹ്മദ് (അ)

അല്ലാഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളത് പോലെ ശാശ്വതമായ ദൈവിക ദാസ്യത്തിന്ന് വേണ്ടി സൃഷ്ടിക്കപ്പെട്ട മന്യുഷ്യ സമുദായത്തിന്നും ഏകത്വം തന്നെയാണ് അവൻ വിധിച്ചിരിക്കുന്നത്. വംശവർദ്ധന കാരണം മനുഷ്യ സമുദായത്തിൽ രൂപ പെട്ടിട്ടുള്ള വൈവിധ്യങ്ങൾ തന്നെയും പൂർണ്ണമായ മനുഷ്യൈക്യത്തിന്ന് വേണ്ടിയുള്ള മുന്നൊരുക്കമായിരുന്നു. ആദ്യം മനുഷ്യ സമുദായത്തിൽ ഏകതയുടെ വിഭിന്ന ശാഖകൾ സ്ഥാപിച്ചു കൊണ്ട് പിന്നീട് പൂർണ്ണമായ ഐക്യവൃത്തത്തിൽ ഏകോപിപ്പിക്കുവാനായിട്ടാണ് ദൈവം ഇഛിക്കുന്നത്. ആകയാൽ ദൈവം സമുദായങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർപ്പെടുത്തുകയും ഓരോ സമുദായത്തിന്നും ഓരോ ഏകത സൃഷ്ടിക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം പരിചയപ്പെടുന്നതിന്ന് സൗകര്യവും എളുപ്പവും ഉണ്ടാക്കുകയും അവർ പരസ്പരം ബന്ധപ്പെടുന്നതിന്ന് താമസം സംഭവിക്കാതിരിക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം. സമുദായങ്ങളുടെ ചെറിയ ചെറിയ ഘടകങ്ങൾ തമ്മിൽ പരിചയപ്പെടുന്നതോടെ മുഴുവൻ സമുദായങ്ങളെയും ഒരു സമുദായമാക്കി ഒന്നിപ്പിക്കുവാനാണ് ദൈവം ഇഛിക്കുന്നത്. ഉദാഹരണമായി ഒരാൾ ഒരുതോട്ടം നിർമ്മിക്കുവാൻ ഇഛിക്കുന്നുവെന്നിരിക്കട്ടെ, തോട്ടത്തിൽ വ്യത്യസ്തങ്ങളായ ചെടികളെ വ്യത്യസ്തങ്ങളായ ഗണങ്ങളായി വേർതിരിക്കുകയും അതിൽ പിന്നെ തോട്ടത്തിന്ന് ചുറ്റുമായി മതിൽ കെട്ടി വൃക്ഷങ്ങളെയെല്ലാം ഒരൊറ്റ വൃത്തത്തിൽ ഒതുക്കുകയും ചെയ്യുന്നു. ഇതിലേയ്ക്ക് തന്നെയാണ് വിശുദ്ധ ഖുർആൻ സൂചന നൽകിയിരിക്കുന്നത്

***'ഓ ലോകത്തിന്റെ വിവിധ നബിമാരെ വിവിധ സമുദായങ്ങളിൽ നിന്ന് ലോകത്ത് ഒരുമിച്ച്കൂട്ടിയിട്ടുള്ള ഈ മുസ്‌ലിംകളായ നിങ്ങളെല്ലാവരും ചേർന്ന് ഒരു സമുദായമാകുന്നു. അവർ എല്ലാവരിലും വിശ്വസിക്കുന്നു. ഞാൻ നിങ്ങളുടെ ദൈവം ആയിരിക്കയാൽ നിങ്ങളെല്ലാവരും ചേർന്ന് എന്നെ ആരാധിക്കുവീൻ.' (21: 93)***

കൊടുക്കുകയുണ്ടായി. ഇക്കാര്യത്തിൽ എന്തെല്ലാം ചെയ്യാൻ സാധിക്കും എന്നതിനെക്കുറിച്ച് ഇവർ എത്രയും പെട്ടെന്ന് ചിന്തിക്കേണ്ടതാണ്. അതെനിക്ക് അയച്ചു തരിക. ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ലഭിച്ച വക്കീലുമാരുടെ അഭിപ്രായങ്ങൾ പരസ്പരം കൈമാറിയതിനു ശേഷം ഉരുത്തിരിയുന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വല്ലതും ചെയ്യാനാകുമോ എന്ന് പരിശോധിക്കാവുന്നതാണ്. ഈ ജോലി പെട്ടെന്ന് ചെയ്യാൻ അല്ലാഹു എല്ലാ അഹ്മദി വക്കീലുമാർക്കും തൗഫീഖ് നല്കു മാറാകട്ടെ.

അഹ്മദികൾ, വിവിധ രാജ്യങ്ങളിലുള്ള രാഷ്ട്രീയക്കാരുമായും രാഷ്ട്രീയക്കാരുമായി അടുത്ത ബന്ധമുള്ളവരുമായും ബന്ധപ്പെട്ടുകൊണ്ട് ഈ പ്രശ്നം നല്ല നിലയിൽ ഏതെങ്കിലുമൊരു പ്ലാറ്റ്ഫോമിൽ കൊണ്ടുവരേണ്ടതാണ്. ഇങ്ങനെ ആവിഷ്കാര സ്വാതന്ത്ര്യത്തിന് പരിധികൾ ഏർപ്പെടുത്തേണ്ടതാണ്. അല്ലെങ്കിൽ ലോകത്ത് മുമ്പത്തെക്കാളുപരി കുഴപ്പങ്ങൾ ഉണ്ടായിത്തീരും എന്ന് മനസ്സിലാക്കി കൊടുക്കുക. ഇതുമായി ബന്ധപ്പെട്ട് ഞാൻ ഒരു ദുആയുടെ കാര്യവും ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. മുസ്‌ലിം ഉമ്മത്തിനായി ഈ ദിവങ്ങളിൽ വളരെയധികം ദുആ ചെയ്യുക. മുസ്‌ലിം നേതാക്കന്മാർക്ക് അല്ലാഹു ബുദ്ധി നൽകട്ടെ. അവർ അവരുടെ പൗരന്മാരുടെ രക്തം കൊണ്ട് കളിക്കുന്നവരായി തീരാതിരിക്കട്ടെ. മുസ്‌ലിം നാട്ടിലെ പൗരന്മാർക്കും ബുദ്ധി നൽകട്ടെ. അവർ സ്വാർഥരായ നേതാക്കന്മാരുടെ കയ്യിലെ ആയുധമായി കൊണ്ട് പരസ്പരം കഴുത്തറുക്കുന്നവരാകാതിരിക്കട്ടെ. മുസ്‌ലിം ഭരണകൂടങ്ങൾക്ക് വിവേകം നൽകുമാറാകട്ടെ. അവർ അന്യരുടെ ഉപകരണമായിക്കൊണ്ട് പരസ്പരം ആക്രമിക്കുന്നവരായിതീരാതിരിക്കട്ടെ. ഇന്ന് വീണ്ടും തുർക്കിയും സിറിയയും പരസ്പരം ആക്രമി

# ശാസ്ത്രവും സാങ്കേതിക ശാസ്ത്രവും ഉസ്മാനിയാ ഭരണത്തിന് കീഴിൽ

മുസ്‌ലിം ഖിലാഫത്തിന്റെ പ്രാതിനിധ്യം വഹിച്ചിരുന്ന ഉസ്മാനിയാ സാമ്രാജ്യത്വത്തിന് (1299 മുതൽ 1922 വരെ) കീഴിൽ ശാസ്ത്രത്തിനുണ്ടായിരുന്ന പുരോഗതി വിലയിരുത്തുന്ന ലേഖനം രണ്ടാം ഭാഗം.

**സകരിയ്യാ വിർക്, കനഡ**

വ്യോമയാന സാങ്കേതിക വിദ്യയെ പ്രതിപാദിക്കുമ്പോൾ ഹെസെർഫെൻ അഹ്മദ് ചെലിബി (Hezarfen Ahmed Celebi) ആണ് ആദ്യമായി വിജയകരമായി വിമാനം പറപ്പിച്ച വൈമാനികൻ.(1630–1632) ഹെസെർഫെൻ ആയിരം ശാസ്ത്ര മേഖലകളിൽ വിദഗ്ദനായിരുന്ന ഒരു ബഹുമുഖ പ്രതിഭയായിരുന്നു. ഇസ്താംബൂളിലെ മൂന്ന് എയർ പോർട്ടുകളിൽ ഒന്ന് 'ഹെസെർ ഫെൻ എയർഫൽഡ്' എന്നാണ് അറിയപ്പെടുന്നത്.

ഐവ്‌ലിയാ ചെലിബി (Evliya Çelebi) യുടെ അഭിപ്രായ പ്രകാരം അഹ്മദിന്റെ സഹോദരൻ ലഗാരി ഹസൻ ചെലിബി (Lagari Hasan Çelebi) ആണ് ആറു ചിറകുകളുള്ള ഒരു റോക്കറ്റിൽ പറന്ന മറ്റൊരു വൈമാനികൻ. 1663 ൽ സുൽത്താൻ മുറാദ് നാലാമന്റെ മകളുടെ ജനനം ആഘോഷിക്കാൻ കോൺ ആകൃതിയിലുള്ള മൂടിയുള്ള ഒരു വലിയ കൂട് തയ്യാറാക്കി അതിൽ നിറയെ വെടിമരുന്ന് നിറച്ചായിരുന്നു ഈ പറക്കൽ യജ്ഞം നടത്തിയത്. അവലിയ റിപ്പോർട്ട് ചെയ്തത് പ്രകാരം ഗഗന ചാരികൾ പാരച്യൂട്ട് ഉപയോഗിച്ച് ചെയ്യുന്നത് പോലെ ബോസ്ഫറസ് കടലിന്നഭിമുഖമായി നിന്ന് ആകാശത്ത് സഞ്ചരിച്ച് കടലിൽ സോഫ്റ്റ് ലാന്റിംങ് രീതിയിലാണ് ലാഹിരി ഈ പ്രകടനം നടത്തിയത്. ലാഹിരിയുടെ വിമാനം ഏകദേശം 300 മീറ്റർ ഉയരത്തിൽ 20 സെക്കന്റ് മാത്രമാണ് പറന്നത്. ഇതാണ് അറിയപ്പെട്ട മനുഷ്യന്റെ ആദ്യ റോക്കറ്റ് യാത്രയും യന്ത്ര നിർമ്മിത വിമാന യാത്രയും.

യൂറോപ്പിൽ നിന്നും ഓട്ടോമൻ തുർക്കികളുടെ ഭരണ പ്രദേശങ്ങളിലേക്ക് കുടിയേറിയ യഹൂദ പണ്ഡിതന്മാരാണ് ഖഗോള ശാസ്ത്രത്തിലും വൈദ്യശാസ്ത്രത്തിലുമുണ്ടായ മുന്നേറ്റം തുർക്കിയിൽ കൊണ്ടുവന്നത്. പാരാസിലസിന്റെ (Paracelsus) വൈദ്യശാസ്ത്രതത്വങ്ങൾ തുർക്കി വൈദ്യശാസ്ത്ര സാഹിത്യത്തിൽ തിബ്ബി ജദീദ് (നവ വൈദ്യശാസ്ത്രം) തിബ്ബി കീമീയ (രസതന്ത്രവിദ്യ) എന്നിവ പുനരവതരിപ്പിക്കുകയായിരുന്നു. നുസുഹത്തുൽ അബദാൻ *(Nuzhatul Abdan)*, സാലിഹ് ബ്നു നസറുല്ലാ (Salih bin Nasrullah) (1669) എന്നിവർ യൂറോപ്യൻ പണ്ഡിതന്മാരെ ഉദ്ദരിച്ചു കൊണ്ട് പല യൂറോപ്യൻ സ്റോതസ്സുകളിൽ നിന്നും ഉദ്ദരിച്ച് രചനകൾ നടത്തി. കിത്താബു ക്വവാനൈനി എറ്റിബെ ഫെയിലിസോഫാൻ, അൽ ഇസ്നികി (*Kitab Qawaniney Ettibaey Feylesofan*, al-Izniki 18–ാം നൂറ്റാണ്ട്) പുതിയതും പഴയതുമായ മരുന്നുകളെ പറ്റിയുള്ള വിവരണമാണ് നൽകുന്നത്. ജവഹർ അൽ ഫരീദ് എന്ന പുസ്തകത്തിന്റെ കർത്താവ് ഒമർ ശിഫായീ (1742) യാണ് യൂറോപ്യൻ ഭാഷയിൽ നിന്നും ചികിത്സകളെ പറ്റി തുർക്കിയിലേക്ക് വിവർത്തനം ചെയ്താണ് ആ പുസ്തകം.

കത്തീബ് ജലീബി-(1658) എന്നത് മുസ്തഫ അബ്ദുല്ലയുടെ മറ്റൊരു പേരാണ്. അദ്ദേഹം അറിയപ്പെടുന്നത് ഹാജീ ഖലീഫ എന്ന പേരിലാണ്. അദ്ദേഹം അന്ന് അറിയപ്പെടുന്ന പുസ്തകങ്ങളെ പറ്റിയുള്ള വിവരണം നൽകിയ ആളാണ്. അദ്ദേഹം പല വിഷയങ്ങളെ പറ്റിയും അറബിയിലും തുർക്കി ഭാഷയിലും പുസ്തക മെഴുതിയിട്ടുണ്ട്. തരീഖിയ കോൺസ്റ്റന്റീനിയ വ കൈസറീയ (കോൺസ്റ്റാണ്ടിനോപ്പിളിന്റെയും സാമ്രാജ്യത്വത്തിന്റെയും ചരിത്രം). റോനിക്കാ സുൽ

ത്താൻ (സുൽത്താനിയത്തിന്റെ വിസ്മയങ്ങൾ) എന്ന പേരിലും അത് അറിയപ്പെടുന്നു. 1632 ജർമ്മനിയിൽ പ്രസിദ്ധീകരിച്ച് 'ക്രോണിക്ക് ഓഫ് ജോഹൻ കാരിയോൺ' എന്ന പുസ്തകം തുർക്കി ഭാഷയിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി. ലവാമെ അൽ നൂർ ഫീ സുൽമത്ത് അറ്റ്ലസ് മിനൂർ (അറ്റ്ലസ് മൈനരിലെ അന്ധകാരത്തിൽ വെളിച്ചത്തിന്റെ മിന്നൽ) അദ്ദേഹത്തിന്റെ മീസാനുൽ ഹഖ് ഫീ ഇഖ്തിയാർ അൽ ഹഖ് (സത്യത്തിന്റെ സന്തുലനവും സത്യത്തിന്റെ തിരെഞ്ഞെടുപ്പും) എന്ന പുസ്തകം ഇസ്‌ലാമിക നിയമത്തെ കുറിച്ചുള്ള ലഘു ഉപന്യാസങ്ങളും. ധാർമ്മികത, മതശാസ്ത്രം മുതലായവയെ പറ്റിയുള്ള ഉപന്യാസങ്ങളുമാണ്. അദ്ദേഹത്തിന്റെ സുപ്രധാന രചനകളിലൊന്നാണ് കശ്ഫുൽ സുനൂം ആൻ അസാമി അൽ ഖുതൂബ് (*Kashf al-zunûn an-asâmî al-kutub wa-al-funûn Kashf al-zunûn an- asâmî al-kutub wa-al-funûnKashf al-zunûn an- asâmî al-kutub wa-al-funûn* പുസ്തക നാമങ്ങളിൽ നിന്നും ശാസ്ത്രത്തിൽ നിന്നുമുള്ള സംശയങ്ങളുടെ ദുരീകരണം) അക്ഷരമാലാ ക്രമത്തിൽ 15000 അറബി ടർകി പേഴ്സ്യൻ ഗ്രന്ഥമാലാ വിവരണമാണ്. 1650ൽ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം. പുസ്തകങ്ങളുടെ ഒരു വിജ്ഞാന കോശമാണ്. അദ്ദേഹത്തിന്റെ 'ജിഹാൻ നുമാ' എന്ന പുസ്തകം തുർക്കി പാഠത്തോടെയുള്ള ഒരു ഗ്രന്ഥമാണ്. യൂറോപിൽ ഇറങ്ങിയ ആദ്യത്തെ അറ്റ്ലസ് ആണത്. യൂറോപ്യൻ ഭാഷയിൽ നിന്നും തുർക്കിയിലേക്ക് വിവർത്തനം ചെയ്ത ആദ്യ ഗോളശാസ്ത്ര പുസ്തകം നോയൽ ഡൂറെറ്റ്ന്റെ ഗോളശാസ്ത്ര പട്ടികയാണ്. (1650) 1660ൽ ഇബ്രാഹിം അഫെന്തി എഫ്‌ലാക്, ഡൂറെറ്റിന്റെ ഫീ ഗയാത്ത് മെറൈഡ്സ് സെലെസ്റ്റിയം എന്ന പുസ്തകം 'അബ്ലാഖ്ഫീ ഗയാത്ത് അൽ ഈദാക്' എന്ന് പേരിൽ വിവർത്തനം ചെയ്യുകയുണ്ടായി. ഈ ഗ്രന്ഥമാണ് തുർക്കി ഭാഷയിൽ കോപ്പർ നിക്കസിന്റെ സൂര്യകേന്ദ്ര സിദ്ധാന്തം ആദ്യമായി പ്രതിപാദിച്ച തുർക്കി ഗ്രന്ഥം. ശ്രദ്ധേയമായ കാര്യം കോപ്പർ നിക്കസ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ 30 വർഷം കാത്തുനിന്നു 1543 ലാണ് പ്രസിദ്ധീകരിച്ചത്. ചർച്ചിന്റെ കോപം ഭയന്ന് 'ഇത് വെറും ഒരു ഭാവന സിദ്ധാന്തം മാത്രം' എന്ന തലവാചകത്തോടെയാണ് ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. ആ പുസ്തകം പ്രസിദ്ധീകരിച്ചതിന് ശേഷം അത് ചർച്ചിന്റെ നിരോധന പുസ്തകങ്ങളുടെ പട്ടികയിൽ പ്പെടുത്തുകയാണുണ്ടായത്. അതുകൊണ്ട് ആ പുസ്തകത്തിന്റെ സ്വാധീനം നൂറ് വർഷം കൂടി വൈകുകയാണുണ്ടായത്.

അബൂബക്കർ ബെഹ്റാം ഐഫന്തി അൽദിമശ്കി (1691) മദ്രസ്സയിലെ ഒരു അദ്ധ്യാപകനായിരുന്നു. പിന്നീട് അദ്ദേഹം ആലിപ്പോയിലെ ഖാസിയുമായി. അദ്ദേഹമാണ് ജാൻസൂം ബ്ലാഊസിന്റെ 11 വാല്യങ്ങളുള്ള 'അറ്റ്ലസ് മേജർ' എന്ന പുസ്തകം നുസ്റത്തുൽ ഇസ്‌ലാം വ സുറൂർ ഫീ തഹ്‌രീർ അറ്റ്ലസ് മേജർ (ഇസ്‌ലാമിന്റെ വിജയവും അറ്റ്ലസ് മേജറിന്റെ എഡിറ്റിംങ്ങിലെ ആഹ്ലാദവും) എന്ന പേരിൽ പുസ്തകം വിവർത്തനം ചെയ്തത്. തഹ്‌രീർ മൂലകൃതി സംഗ്രഹിച്ചുള്ള ഒരു സ്വതന്ത്ര വിവർത്തനമായിരുന്നു. ഈ ഗ്രന്ഥത്തിന്റെ 9 വാല്യങ്ങളുടെ വിവർത്തനം മൂലകൃതി ഇസ്താംബൂളിലെ ടോപ്കാംപി മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ഒസ്മാൻ അബ്ദുൾ മന്നാൻ, ബെർനാർഡ് വെരുനിയൂസിന്റെ (1676) ജിയോഗ്രാഫിയ ജെനറാലിസ് എന്ന പുസ്തകം ലാറ്റിനിൽ നിന്നും വിവർത്തനം ചെയ്ത് 'തർജ്ജുമായെ കിതാബ് ജോഗ്രഫിയ' എന്ന പേരിൽ വിവർത്തനം ചെയ്യുകയുണ്ടായി. വിവർത്തനത്തിന്ന് 6 വാല്യങ്ങളിൽ ആമുഖമുണ്ട്. ഒരു ഉപസംഹാരവും. സൂര്യൻ ഭൂമിയെ ചുറ്റുന്നു എന്നതിനേക്കാൾ ഭൂമി സൂര്യനെ ചുറ്റുന്നു എന്നാണ് യുക്തിയും വസ്തുതകളും മനസ്സിലാക്കി തരുന്നത് എന്ന് അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ഇത് കാണിക്കുന്നത് ഓട്ടോമൻ പണ്ഡിതന്മാർ യൂറോപ്പിൽ നിന്നുള്ള നവം നവംങ്ങളായ ശാസ്ത്ര വിജ്ഞാനം സ്വീകരിക്കുന്നതിൽ തുറന്ന മനസ്സുള്ളവരായിരുന്നു എന്നാണ്. മുസ്‌ലിം മതപണ്ഡിതന്മാർ അത്തരം സൂര്യകേന്ദ്ര സിദ്ധാന്തത്തോട് അസഹിഷ്ണുതയുള്ളവരായിരുന്നില്ല. അവർ പാശ്ചാത്യ ശാസ്ത്രവും മതവും തമ്മിൽ ഒരു വൈരുദ്ധ്യവും കണ്ടിരുന്നില്ല. കോപ്പർനിക്കസിന്റെ സൂര്യകേന്ദ്ര സിദ്ധാന്തം പോലെയുള്ള തത്വങ്ങളോട് ഒരു ശത്രുതയും പുലർത്തിയിരുന്നില്ല. അല്ലെങ്കിൽ ആ സിദ്ധാന്തങ്ങൾ പൂർണ്ണ രൂപത്തിൽ അവർ ഗ്രഹിച്ചിട്ടുണ്ടായിരുന്നില്ല. 'കിതാബുൽ നബാത്ത്' എന്ന ഗ്രന്ഥത്തിൽ ഗ്രന്ഥകർത്താവിന്റെ ബോസ്നിയൻ പാരമ്പര്യമനുസരിച്ച് സസ്യങ്ങൾക്കെല്ലാം ബോസ്നിയൻ നാമങ്ങളാണ് നൽകിയത്.

ഇബ്റാഹിം മുത്തഫൈരീക്ക് (1745) ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്ത് ഒരു ഹങ്കേറിയൻ യൂനിറ്റേറിയൻ പുരോഹിതനായിരുന്നു. അദ്ദേഹമാണ് ആദ്യമായി മാറ്റിവെക്കാവുന്ന അറബി ടൈപ്പോടുകൂടിയ പ്രിന്റിങ്ങ് പ്രസ്സ് ആരംഭിച്ചത്. മുത്തഫരീക്കീന്റെ രചനകളിലൊന്ന് കടിപ് ജലിബിയുടെ 'ജിഹാൻ നുമ' (വിശ്വദർപ്പണം) എന്ന പുസ്തകമാണ്. ആ പുസ്തകത്തിന്റെ അനുബന്ധത്തിൽ കോപ്പർ നിക്കസിന്റെ സൂര്യകേന്ദ്ര സിദ്ധാന്തത്തിനെതിരെയുള്ള വാദമുഖങ്ങളെ ഖണ്ഡിച്ച് ശാസ്ത്രീയമായ തെളിവുകളോടെ ചർച്ച ചെയ്യുന്നുണ്ട്. ഈ വിഷയത്തിൽ സൂര്യ കേന്ദ്രസിദ്ധാന്തം എറ്റവും വ്യക്തമായി അവതരിപ്പിച്ച ആദ്യ ശാസ്ത്രജ്ഞന്മാരിൽ ഒരാളായാണ് അദ്ദേഹം അറിയപ്പെടുന്നത്. ഇബ്റാഹിം മുത്തഫൈരീക്ക് ഒരു ഭൂമി

ശാസ്ത്രജ്ഞനും ഗോള ശാസ്ത്ര ജ്ഞനും തത്വജ്ഞാനിയും കൂടിയായിരുന്നു. അദ്ദേഹം ജർമ്മൻ കാർട്ടോഗ്രഫിസ്റ്റ് (ഭൂപടങ്ങളും ചാർട്ടുകളും നിർമ്മിക്കുന്ന വിദ്യയിൽ വിദഗ്ദൻ) ആയ ആൻഡ്രിയാസ് സെല്ലാരിയൂസ് (1665) ന്റെ അറ്റ്ലസ് കോയലിസ്റ്റിസ് (1708) എന്ന ഗ്രന്ഥം ലാറ്റിനിൽ നിന്നും വിവർത്തനം ചെയ്ത് 'മജ്മത്തുൽ ഹയ്യ ഖാദിം വൽ ജദീദ്'(1773) എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

### സൈനിക പരിശീലനം

1683 ൽ ഓട്ടോമൻ സൈന്യം വിയന്നയിൽ പരാജയപ്പെട്ടതിന് ശേഷം തുർക്കി ഭരണാധികാരികൾക്ക് യുദ്ധ തന്ത്രങ്ങൾ മാറ്റേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുകയുണ്ടായി. യുദ്ധത്തിന്റെയും യുദ്ധോപകരണങ്ങളുടെയും സാങ്കേതിക മികവ് പരിഷ്ക്കരിക്കാൻ സാങ്കേതികവിദ്യയുടെ കൈമാറ്റങ്ങളും അവർക്ക് ബോദ്ധ്യപ്പെട്ടു. പ്രിന്റിങ്ങ് പ്രസ്സ്, പമ്പിംങ്ങ് ഉപകരണങ്ങൾ മുതലായവ അവർ യൂറോപ്പിൽ നിന്നും ഇറക്കുമതി ചെയ്തു. മിലിറ്ററി ഓഫീസർമാർക്ക് യൂറോപ്യൻ സൈനിക പരിശീലനം നൽകുകയുണ്ടായി. യൂറോപ്യൻ സൈനികർ ഉപയോഗിക്കുന്നത് പോലെയുള്ള ആയുധങ്ങൾ അവർക്ക് നൽകപ്പെട്ടു. ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്ത ഫ്രഞ്ച് ജനറൽ ക്ലോഡ് ബോണിവെല്ലിന്റെ, പിന്നീട് ഹിബറാച്ചി അഹ്മദ് പാഷ എന്ന പേരിലാണ് ഇദ്ദേഹം അറിയപ്പെട്ടത്. (1747) പാഷയുടെ സഹായത്തോടെ ബോബിംങ്ങിൽ പരിശീലനം തുർക്കികൾക്ക് നൽകുകയുണ്ടായി. ഫ്രഞ്ച്, സ്കോട്ടിഷ് അദ്ധ്യാപകന്മാരും സൈനിക വിദ്യാഭ്യാസത്തിന്നായി നിയമിക്കപ്പെട്ടു. മെഹമദ് സയ്യിദ് അഫെന്തി ജോമട്രിയിലെ അദ്ധ്യാപകനായിരുന്നു. ഇബ്രാഹിം ഹോജ ഗണതവും സലീം ആഗ് മെക്കാനിക്സും പഠിപ്പിച്ചു.

1775 ൽ സ്ഥാപിച്ച ഹെൻസ് ഖാനെ (ഹൗസ് ഓഫ് ജോമട്രി) സൈനിക പരിശീലനത്തിലെ ഒരു വലിയ മുന്നേറ്റമായിരുന്നു. ഈ സ്ഥാപനത്തിന്റെ ഉദ്ദേശം നാവിക സേനക്ക് ജ്യോമട്രിയിലും ജിയോഗ്രഫിയിലുമുള്ള പരിശീലനമായിരുന്നു. യൂറോപ്യൻ സിദ്ധാന്തങ്ങളും മാതൃകകളും അടിസ്ഥാനമാക്കി ഗണിതവും കോട്ടകെട്ടൽ നിർമ്മാണവും ആദ്യമായി പഠിപ്പിച്ച സ്ഥാപനം ഇതായിരുന്നു. ഈ സ്ഥാപനത്തിലെ അദ്ധ്യാപകരെ ഹോജ (പ്രൊഫസർ) എന്നാണ് വിളിച്ചിരുന്നത്. പിന്നീട് ഈ സ്ഥാപനം മുഹന്ദിസ് ഖാനി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഒരേസമയം 10 വുദ്യാത്ഥികൾക്കാണ് ഇവിടെ നിന്നും പരിശീലനം നൽകപ്പെട്ടത്.

18-ാം നൂറ്റാണ്ടുവരെ ശാസ്ത്രീയ വിഷയങ്ങൾ പഠിപ്പിക്കാൻ ക്ലാസിക്കൽ ശാസ്ത്ര പുസ്തകങ്ങളും വിദേശ പുസ്തകങ്ങളുമായിരുന്നു ഉപയോഗിച്ചിരുന്നത്. 1793 ൽ ഒരു പുതിയ മുഹന്ദിസ് ഖാനീ ജദീദ് സ്ഥാപിക്കപ്പെട്ടു. അവിടെ ബോംബിംങ്ങിന്റെ രീതികളാണ് പരിശീലിപ്പിക്കപ്പെട്ടിരുന്നത്. കൂടാതെ ജ്യോമട്രി, ത്രികോണമിതി, സർവ്വേയിംങ്ങ് കപ്പൽ നിർമ്മാണം കപ്പലോട്ടം, ഭൂമിശാസ്ത്രം എന്നീ വിഷയങ്ങളും പഠിപ്പിച്ചിരുന്നു.

1721 ൽ ഫ്രാൻസിലെ ഓട്ടോമൻ അംബാസഡർ മെഹമ്മദ് ജെലിബി പ്യാരീസിലെ ഒബ്സർവ്വേറ്ററി സന്ദർശിച്ചിരുന്നു. അദ്ദേഹം അതിന്റെ ഡയറക്ടർ കാസിനിയുമായി വിശദമായ ചർച്ചകൾ നടത്തുകയും അവിടുത്തെ അന്നത്തെ ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ പരിശോധിക്കുകയും ചെയ്തു. ആലിഫ്സാദാ ഇസ്മായിൽ ഐഫന്തി ഫ്രഞ്ച് അസ്ട്രോണമർ ക്ലയിറൗട്ടിന്റെ (1765) ഗ്രന്ഥം 'തർജുമാ സിജെ കിലാരോ' (1768) ജീൻ കാസിനി (1756)യുടെ 'തർജുമാ സിജെയ് കിലാരോ'(1768) എന്ന മറ്റൊരു കൃതിയും പ്രസിദ്ധീകരിച്ചു. റുടെ അസ്ട്രോണമിക്കൽ ടേബിൽ പ്രസിദ്ധീകരിച്ചതോടെയാണ് ലോകഗരിതം ഓട്ടോമൻ പണ്ഡിത വൃത്തങ്ങളിൽ അത് പ്രചരിച്ചത്. കാസിനിയുടെ അസ്റ്റ്രോണമിക്കൽ ടേബിൾ പ്രസിദ്ധീകരിച്ചതിന് ശേഷമാണ് 'ഉലൂഗ് ബേഗ്സ്'ടേബിൽ മാറ്റി പകരം കലണ്ടർ നിർമാണത്തിന് ആ പട്ടിക ഉപയോഗിക്കാൻ തുടങ്ങിയത്. ഇബ്രാഹിം ഹഖി എസ്റൂമി രണ്ട് പുസ്തകങ്ങൾ എഴുതി. 'ഉർവ്വത്തുൽ ഇസ്ലാം.' 'ഹയാത്തുൽ ഇസ്ലാം' എന്നീ രണ്ട് പുസ്തകങ്ങൾ രചിക്കുകയുണ്ടായി. രണ്ടാമത്തെ പുസ്തകം ഇസ്ലാമിലെ മതസ്രോതസ്സുകളിൽ നിന്നെടുത്ത നാടൻ ഗോള ശാസ്ത്രമായിരുന്നു പ്രതിപാദിച്ചത്. അദ്ദേഹത്തിന്റെ പ്രകൃഷ്ഠകൃതി 'മഅരിഫത്ത് നാമ' ആയിരുന്നു. (1775) അക്കാലത്ത് ഇസ്ലാമിക് അസ്ട്രോണമി എന്നൊരു വിഭാഗം തന്നെയുണ്ടായിരുന്നു. അതിൽ രണ്ട് അദ്ധ്യായങ്ങൾ പുതിയതും പഴയതുമായ ഗോള ശാസ്ത്രത്തെപറ്റിയാണ് പ്രതിപാദിച്ചിരുന്നത്. അദ്ദേഹം അതിൽ ഭൂമി ഗോളാകൃതിയാണെന്നും സൂര്യൻ ചന്ദ്രൻ മറ്റു ഗോളങ്ങൾ എന്നിവയെ പറ്റി വിശദമായ വിവരണവും പുതിയ സിദ്ധാന്തങ്ങളുമാണ് വിവരിച്ചിരിക്കുന്നത്.

വൈദ്യവിജ്ഞാനികൾ തിബ്ബിയ്യി മദ്രസി (മെഡിക്കൽ സ്കൂൾ) ലോ ദാറുശ്ശിഫയിലോ (ഹോസ്പിറ്റൽസ്) പരിശീലനം നേടിയവരായിരുന്നു. ഇസ്താംബൂളിൽ അഭയാർത്ഥികളായി കഴിഞ്ഞിരുന്ന അമുസ്ലിംകളും സ്പെയിനിൽ നിന്നുള്ള യഹൂദ വൈദ്യന്മാരും ഈ സ്ഥാപനങ്ങളിൽ പഠിച്ചിരുന്നു. ധാരാളം സൈനിക സ്ഥാപനങ്ങൾക്കും രാഷ്ട്രത്തിന്റെ സ്ഥാപനങ്ങൾക്കും സ്വകാര്യ ഡോക്ടർമാരും സർജന്മാരും ഉണ്ടായിരുന്നു. 1806 ൽ സ്ഥാപിച്ച ടെർസനെ സ്കൂൾ ഓഫ് മെഡിസിനിൽ ആധുനിക വൈദ്യശാസ്ത്രവും സാങ്കേതിക ശാസ്ത്രവുമാണ് പഠിപ്പിച്ചത്. ഹുസൈയിൽ റിഫ്കി തെമാനി (1817) യായിരുന്നു മുഹന്ദിസ് ഖാനെ ബെഹ്റി ഹുമയൂൺ ഇംമ്പീരിയൽ നേവൽ എൻഞ്ചിനീയറിംങ്ങ് കോളേജിൽ 11

വർഷം (1806-1817) മുഖ്യ അദ്ധ്യാപകനായി ജോലി ചെയ്തിരുന്നത്. ഹുസൈയിൻ റിഫ്കി തമാനി ( 1817) 'ഉസൂലീ ഹെൻസി'(1797) ഇംതിഹാൻ മുഹന്ദിസിൻ, മെജ്മുഅത്തുൽ മുഹന്ദിസിൻ എന്നീ പുസ്തകൾ രചിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന ഇസ്ഹാഖ് എഫെന്തി ഗോളശാസ്ത്രത്തെ പറ്റിയുള്ള അദ്ദേഹത്തിന്റെ ലക്ച്ചറുകൾ എഡിറ്റു ചെയ്ത് ഒരു പുസ്തകമാക്കി 1831 'അൽ മദ്ക്കൽ ഫിൽ ഗൊദ്രാഫിയ' എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

1834 പ്രസിദ്ധീകരിച്ച മജ്മഉൽ ഉലൂം റിയാസിയയുടെ കർത്താവാണ് ഇസ്ഹാഖ് അഫെന്തി. അദ്ദേഹത്തിന്റെ നാല് വാല്യങ്ങളുള്ള ഈ ഗ്രന്ഥത്തിൽ പുതിയ ശാസ്ത്ര സിദ്ധാന്തങ്ങൾ പ്രസിദ്ധീകരിക്കുകയും ഡെക്കാർട്ടെയുടെയും ന്യൂട്ടന്റെയും നിയമങ്ങൾ പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്.

സനിസാദെ മെഹ്മദ് അതാ ഉല്ലാ എഫെൻദി (1826) ആധുനിക വൈദ്യശാസ്ത്രവും അനാട്ടമിയും 'ഹംസെ സാനിസാദെ' എന്ന പേരിൽ തുർക്കി ഭാഷയിൽ അഞ്ച് വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹം അനാട്ടമിയിൽ 'മിറാത്ത് അൽ അബ്ദാൻ ഫി തശ്രീഹെ അദാ അൽ ഇൻസാൻ' (1820) എന്ന പേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുകയുണ്ടായി. യൂറോപ്യൻ മൂലഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ച സർജിക്കൽ ഡയഗ്രാമോടുകൂടിയാണ് അത് പ്രസിദ്ധീകരിച്ചത്. തുർക്കിയിൽ ആധുനിക വൈദ്യശാസ്ത്രം കൊണ്ടു വന്നത് അദ്ദേഹമാണ്.

മുസ്തഫാ ബെഹ്ജത്ത് എഫെന്തി കൊട്ടാരത്തിലെ മുഖ്യ വൈദ്യനായിരുന്നു. 1831ൽ ശസ്ത്രക്രിയാ ചെയ്യുന്നവരെ പരിശീലിപ്പിക്കാൻ ജിഹാത്ത് ഖാനെ അമീറെ (റോയൽ കോളേജ് ഓഫ് സർജറി) എന്ന സ്ഥാപനം ടോപ്കാപ്പി കൊട്ടാരത്തിനരികെ സ്ഥാപിക്കുകയുണ്ടായി. ജമാലുദ്ദീൻ അഫെന്തി ഇംപീരിയൽ കോളേജ് ഓഫ് മെഡിക്കൽ സയിൻസിന്റെ ഒരു സ്പെഷൽ ക്ലാസ് (മുംതാസ് സിനാഫ്) സംവിധാനിച്ചു. അവിടെ ടർക്കിഷ് അറബിക് പേർഷ്യൻ ഭാഷകൾ പഠിപ്പിക്കാനാണ് ജമാലുദ്ദീൻ അഫെന്തി ഊന്നൽ നൽകിയത്.

മിർസാ മുഹമ്മദ് ഹാനി സാനി (1846) 'അസ്റാർ അൽ മലക്കൂത്ത്' എന്ന പേരിൽ ഒരു പുസ്തകമെഴുതുകയുണ്ടായി. അതിൽ ഗോളശാസ്ത്രത്തെ പറ്റി ഒരു ലഘു ചരിത്രം എഴുതിയതിന് ശേഷം അദ്ദേഹം കോപ്പർ നിക്കസിന്റെ സിദ്ധാന്തങ്ങളാണ് ഏറ്റവും വിജയകരമായതും ശരിയായതുമെന്ന് പ്രസ്താവിക്കുകയുണ്ടായി. ആധുനിക ഗോളശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രപഞ്ച സങ്കൽപ്പം വിശുദ്ധ ഖുർആൻ വചനങ്ങളുമായി പൂർണ്ണമായും യോജിക്കുന്നു എന്ന് അദ്ദേഹം എഴുതി.

## ദാരിൽ ഫുനൂൻ ഉസ്മാനി

1830ൽ നാല് ടർക്കിഷ് വിദ്യാർത്ഥികളെ മിലിറ്ററി സയിൻസ് പഠിക്കാൻ ഫ്രാൻസിലേക്ക് അയക്കുകയുണ്ടായി. അവരുടെ ചിലവെല്ലാം വഹിച്ചത് കൊട്ടാര നിധിയിൽ നിന്നാണ്. 1857 ൽ തുർക്കി വിദ്യാർത്ഥികളെ പഠിപ്പിക്കാൻ 'മക്തബി ഉസ്മാനി' സ്കൂൾ എന്ന സ്ഥാപനം പാരീസിൽ ആരംഭിക്കുകയുണ്ടായി. 19-ാം നൂറ്റാണ്ടിൽ ഈ സ്ഥാപനത്തിൽ വിദ്യാർത്ഥികളുടെ എണ്ണം ധാരാളം വർദ്ധിക്കുകയുണ്ടായി.

ദാറുൽ ഫുനൂൻ (ശാസ്ത്ര ഗേഹം) എന്നത് ഒരു യൂണിവേഴ്സിറ്റിയെ പോലെ ഉന്നത പഠനത്തിനുള്ള ഒരു അതുല്യസ്ഥാപനമായിരുന്നു. അതിന്റെ ലക്ഷ്യം ഭാവിയിൽ രാജ്യത്തെ സേവിക്കുന്ന തൊഴിലാളികളെയും പ്രബുദ്ധരായ സിവിൽ ഉദ്യോഗസ്ഥന്മാരെ(മുനവ്വർ ബന്ധിഗാൻ)യും പരിശീലിക്കാനായിരുന്നു. 1865 ൽ 125 മുറികളുള്ള ഒരു കെട്ടിടം ഇതിന്നായി നിർമ്മിക്കപ്പെട്ടു. അതിനകത്തുള്ള ആഭ്യന്തരസംവിധാനങ്ങളെല്ലാം രൂപകൽപ്പന ചെയ്യപ്പെട്ടത് ഫ്രഞ്ച് യൂണിവേഴ്സിറ്റികളുടെ മാതൃകയിലാണ്. ഇസ്ലാമിക നിയമങ്ങളും റോമൻ നിയമങ്ങളും അവിടെ പഠിപ്പിക്കപ്പെട്ടു. തെഹ്സിൻ അഫെന്തിയാണ് ഈ സ്ഥാപനത്തിന്റെ ആദ്യത്തെ പ്രിൻസിപ്പൾ. നാല് വർഷത്തെ പഠനത്തിന് ശേഷം വിദ്യാർത്ഥികൾ പണ്ഡിതോചിതമായ ഒരു തീസീസ് സമർപ്പിക്കണം. ബിരുദത്തിന് ശേഷം അവർക്ക് ഡോക്ടർ എന്ന ബിരുദം നൽകപ്പെടുന്നു. തീസിസ് അവതരിപ്പിക്കാത്ത വിദ്യാർത്ഥികൾ ജൂനിയർ ലക്ച്ചർമാരായും അഭിഭാഷകരായും എഞ്ചിൻ ഡ്രൈവേഴ്സ് ആയും നിയമിക്കപ്പെടും. 1895 പ്രധാനമന്ത്രി സയ്യിദ് പാഷ സുൽത്താൻ അബ്ദുൽഹമീദ് (1876-1909) അഭിപ്രായപ്പെട്ടത് വിദ്യാർത്ഥികൾക്ക് മികച്ച ഉന്നത വിദ്യാഭ്യാസം ലഭിക്കാനായി യൂറോപ്യൻ അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ ഉള്ളത് പോലെ വിദ്യാർത്ഥികൾക്ക് അക്കാദമിക് വിദ്യാഭ്യാസം ലഭിക്കാനായി ഷഹനെ ഫുനൂൻ (ഇംമ്പീരിയൽ സ്കൂൾ ഓഫ് ആർട്ട്സ്) അഞ്ച് ഫാക്കൽറ്റിയോടൊപ്പം സ്ഥാപിക്കണമെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

യൂറോപ്യൻ സൊസൈറ്റികളുടെ മാതൃകയിൽ പണ്ഡിതന്മാരുടെ സൊസൈറ്റികൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ തുർക്കിയിൽ ആരംഭിക്കുകയുണ്ടായി. അത്തരത്തിൽ ആദ്യത്തേത് ഫ്രഞ്ച് മാതൃകയിലുള്ള 'അഞ്ചുമനെ ദാനിഷ്' ആണ്. 1852ൽ 'അകാദമീയ ഫ്രാൻസായീ' പോലെയുള്ള ഒരു സൊസൈറ്റി കോൺസ്റ്റാന്റിനോപ്പിൾ ജാമിയത്തെ ഇൽമിയ്യാ ഒസ്മാനിയ്യാ സ്ഥാപിച്ചത് മുനീഫ് പാഷയാണ്. അദ്ദേഹം ആരംഭിച്ച മാസികയാണ് 'മജ്മൂഅയെ ഫുനൂൻ'. ആ മാസികയാണ് ഉസ്മാനിയാ സാമ്രാജ്യത്തിൽ ഇത്തരത്തിലുള്ള ആദ്യത്തെ പ്രസിദ്ധീകരണം.

ശേഷം പേജ് 22 ൽ

# ആകാശത്ത് വെളിപ്പെട്ട ദൈവികദൃഷ്ടാന്തം

വാഗ്ദത്ത മസീഹിന്റെ അടയാളമായി റസൂൽ തിരുമേനി(സ) പ്രവചിച്ച സൂര്യചന്ദ്ര ഗ്രഹണങ്ങൾ ഗോളഗണിതത്തിന്റെ അത്ഭുതകരമായ കണിഷതയിൽ ഹദ്റത്ത് അഹ്മദ് (അ)ന്ന് സാക്ഷ്യമായി പുലരുകയുണ്ടായി. വിസ്മയകരമായ ആ ആകാശ ദൃഷ്ടാന്തത്തിന്റെ നാനാ വശങ്ങളിലേക്കും ലോക പ്രശസ്ത ജ്യോതി ശാസ്ത്ര പണ്ഡിതനായിരുന്ന ലേഖകൻ വിശദീകരിക്കുന്നു.

ഡോ. ഹാഫിസ് സാലിഹ് അലാവുദ്ദീൻ

**അല്ലാഹുവല്ലാതെ ആരാധന ക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് അവന്റെ ദാസനും ദൂതനു മാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.**

**ശപ്തനായ പിശാചിൽ നിന്നും അല്ലാഹുവിൽ ഞാൻ ശരണം പ്രാപിക്കുന്നു. അല്ലാഹുവിന്റെ തിരുനാമത്തിൽ പരമ കാരുണികനാ യുള്ളവൻ. കരുണാനിധി! വിധി നാളിന്റെ അധിപതി!. നിന്നെമാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോ ട് മാത്രം സഹായമർത്ഥിക്കുകയും ചെയ്യുന്നു. നീ ഋജു മാർഗ്ഗത്തിൽ ഞങ്ങളെ നയിച്ചാലും! നീ അനു ഗ്രഹം ചെരിഞ്ഞവരുടെ മാർഗ്ഗ ത്തിൽ! നിന്റെ കോപം പതിച്ചവരു ടെ മാർഗ്ഗത്തിലല്ല.**

**ഓ നാഥാ നിന്റെ അനുഗ്രഹ വർഷങ്ങൾ മുഹമ്മദ് നബി (സ) യിലും അവിടുത്തെ സന്തതി പരമ്പരകളിലും ഉണ്ടവേണമേ! ഇബ്രാഹിമിലും അദ്ദേഹത്തിന്റെ സന്തതി പരമ്പരകളിലും വർഷിച്ചത് പ്രകാരം! നിശ്ചയം നീ സ്തുത്യർ ഹനും മഹത്വമുടയവനുമാകുന്നു.**

## സൂര്യ ചന്ദ്ര ഗ്രഹണങ്ങളെ സംബന്ധിച്ച പ്രവചനങ്ങൾ

അവസാന കാലത്ത് ആവിർഭ വിക്കുന്ന യുഗപ്രഭാവവാനായ ഒരു ആത്മീയ പരിഷ്ക്കർത്താവിനെ ക്കുറിച്ച് വിവിധ മതഗ്രന്ഥങ്ങളിൽ പ്രവചനമുണ്ട്. ഇത് സംബന്ധിച്ച് നമ്മുടെ യജമാനനും പ്രവാചക വരേണ്യനുമായ തിരുമേനി (സ) യുടെ ചില പ്രധാനപ്പെട്ട പ്രവചന ങ്ങൾ മാത്രം ചർച്ചചെയ്യാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഒരു സത്യാന്വേഷകന്ന് അദ്ദേഹത്തെ കണ്ടെത്താൻ ഇത് സഹായകമാണ്. തിരുനബി(സ) യുടെ പ്രവചന പ്രകാരം റമദാൻ മാസത്തിലെ നിർണ്ണിത ദിവസങ്ങളിൽ സംഭവിച്ച സൂര്യചന്ദ്ര ഗ്രഹണങ്ങൾ വാഗ്ദത്ത പരിഷ്ക്കർത്താവിന്റെ ആഗമന തിനുള്ള അനിഷേധ്യമായ അടയാള മാണ്. അല്ലാഹു വിശുദ്ധ ഖുർആനി ൽ പറയുന്നു.

***' അവൻ അദൃശ്യ കാര്യങ്ങൾ അറിയുന്നവനാണ്. അവന്റെ ഗോപ്യമായ അറിവ് ആർക്കും വെളിപ്പെടുത്തിക്കൊടുക്കുന്നതല്ല. അവൻ തിരഞ്ഞെടുത്ത ഒരു ദൂതന ല്ലാതെ' (72:27,28 വി. ഖുർആൻ)***

ദൈവദൂതന്മാർ ദൈവവുമായി അടുത്ത ബന്ധം പുലർത്തുന്നവരാ ണെന്നും അദൃശ്യജ്ഞാനത്തെ കുറിച്ച് അറിവ് അവർക്ക് മാത്രമേ നൽകപ്പെടുമെന്നും അതിനാൽ അവർക്ക് സ്പഷ്ടമായ പ്രവചന ങ്ങൾ നടത്താൻ കഴിയുമെന്നും ഈ വചനങ്ങൾ വ്യക്തമാക്കുന്നു.

അല്ലാഹുവിൽ നിന്ന് അതി സമൃദ്ധമായ അദൃശ്യജ്ഞാനങ്ങളു ടെ വരലബ്ദികൊണ്ടനുഗ്രഹീത നായിരുന്നു തിരുനബി (സ) അവസാന കാലത്ത് ലോകം ദൈവ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കു മ്പോൾ ഒരു മഹ്ദി മസീഹിന്റെ (ദിവ്യപരിഷ്ക്കർത്താവിന്റെ) ആവിർഭാവമുണ്ടാവുമെന്നും ആ മഹാത്മാവിലൂടെ സത്യവിശ്വാസം പുനസ്ഥാപിക്കപ്പെടുമെന്നും അങ്ങ നെ ഇസ്‌ലാം പുനരുജ്ജീവിപ്പിക്ക പ്പെടുമെന്നും തിരുമേനി (സ) പ്രവചിക്കുകയുണ്ടായി. മഹ്ദി മസീഹിന്റെ ആവിർഭാവത്തെ കുറിക്കുന്ന പല അടയാളങ്ങൾ സംബന്ധിച്ചും നബി തിരുമേനി (സ) അരുളുകയുണ്ടായി. വാഗ്ദ ത്ത മസീഹിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ മഹ്മൂദ് അഹ്മദ് (റ) രചിച്ച അഹ്മദിയ്യത്തിലേക്ക് ഒരു

ക്ഷണം (Invitation to Ahmadiyyath) എന്ന പുസ്തകത്തിൽ വ്യക്തമായി ഇക്കാര്യങ്ങൾ വിവരിച്ചിട്ടുണ്ട്. എന്റെ ഈ പ്രബന്ധത്തിൽ ആകാശത്ത് പ്രത്യക്ഷമായ സൂര്യചന്ദ്രഗ്രഹണങ്ങളുടെ അടയാളങ്ങളെ പറ്റി മാത്രം വിശദീകരിക്കാനാണ് ആഗ്രഹിക്കുന്നത്.

ഹദ്റത്ത് ഇമാം മുഹമ്മദ് ബാഖിർ (റ) നിവേദനം ചെയ്ത ഒരു ഹദീസ് ആധികാരിക ഹദീസ് പൺഡിതനായ അലി ഇബ്നു ഉമർ അൽ ബാഗ്ദാദി അദ്ദാറുഖുത്നി (ഹിജ്റ 306-385) രേഖപ്പെടുത്തിയത് ഇപ്രകാരമാണ്.

നമ്മുടെ മഹ്ദിക്ക് രണ്ട് അടയാളങ്ങളുണ്ട്. ആകാശ ഭൂമികൾ സൃഷ്ടിക്കപ്പെട്ടതിന് ശേഷം ഈ അടയാളങ്ങൾ ഉണ്ടായിട്ടില്ല. അതായത് റമദാനിലെ ആദ്യ രാവിൽ ചന്ദ്രഗ്രഹണവും (ചന്ദ്രഗ്രഹണം സംഭവിക്കാവുന്ന രാവുകളിൽ ആദ്യരാത്രി) റമദാനിലെ മദ്ധ്യദിനത്തിൽ സൂര്യഗ്രഹണവും (സൂര്യഗ്രഹണവും സംഭവിക്കാവുന്ന ദിനങ്ങളിലെ മദ്ധ്യദിനം) ഉണ്ടാവുന്നതാണ് (സുനൻ ദാറുഖുത്നി, വാല്യം1 പുറം188)

ഈ അടയാളങ്ങൾ വിവരിച്ച ഹദീസ് സുന്നികളുടെയും ശിയാക്കളുടെയും ഹദീസ് ശേഖരത്തിൽ ഉൾപ്പെട്ടതാണ്.

ഹിജ്റ 560 ൽ ഡൽഹിയുടെ പ്രാന്തപ്രദേശത്ത് ജീവിച്ച ഒരു വലിയ്യ് ഇപ്രകാരം എഴുതുകയുണ്ടായി.

*'അദ്ദേഹം കാലഘട്ടത്തിന്റെ മഹ്ദിയും ഈസായും ആയിരിക്കും. രണ്ട് ഗുണങ്ങളെ കൊണ്ട് അനുഗ്രഹിക്കപ്പെട്ടവനായി അദ്ദേഹത്തെ കാണുന്നു. സൂര്യചന്ദ്രന്മാരുടെ പ്രകാശം മങ്ങിപ്പോയതായും ഞാൻ കാണുന്നു.'(മുസ്ലിഹ് ആഖിറുസ്സമാൻ - മൗലവി ബഷീറുദ്ദീൻ അഹ്മദ്, ഡൽഹി)*

അഹ്ലെ ഹദീസ് പൺഡിതനായ മൗലാന ഹാഫിസ് മുഹമ്മദ് ബിൻ ബാറക്കല്ലാഹു ലാക്കോഖെ **'അഹ്വാലുൽ ആഖിറത്ത്'** എന്ന ഗ്രന്ഥത്തിൽ എഴുതുന്നു:

*'ഈ വചനത്തിലെ സൂര്യചന്ദ്ര ഗ്രഹണങ്ങൾ റമദാനിലെ 13-17 ദിവസങ്ങളിലാണ് സംഭവിക്കുക എന്ന് സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. പിൽക്കാലത്ത് ഹദീസിന്റേയും പ്രകൃതി നിയമങ്ങളുടെയും വെളിച്ചത്തിൽ ഗ്രഹണത്തിന്റെ യഥാർത്ഥ തീയതികൾ റമദാൻ 13 നും 28 നുമാണെന്ന് വിശദീകരിക്കപ്പെടുന്നതാണ്.'*

ഗ്രഹണത്തെ സംബന്ധിച്ച് ഇസ്ലാമിന്റെ പുനരുത്ഥാന കാലത്തിന്റെ സമാഗമം കുറിക്കുന്ന അതിപ്രധാന അടയാളമായി വിശുദ്ധ ഖുർആൻ ചൂണ്ടിക്കാട്ടുന്നു. ഈ വസ്തുത പ്രസ്തുത ഹദീസിനെ ബലപ്പെടുത്തുകയാണ് ചെയ്യുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു:

***'പുനരുഥാന നാൾ എപ്പോഴാണെന്ന് എന്നാൽ ദൃഷ്ടികൾ സ്തംഭിച്ചു പോകുകയും ചന്ദ്രന്ന് ഗ്രഹണം ബാധിക്കുകയും, സൂര്യനും ചന്ദ്രനും ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്താൽ ആ നാളിൽ ഓടിരക്ഷപ്പെടാനുള്ള സ്ഥലം എവിടെയെന്ന് മനുഷ്യൻ ചോദിക്കും' (75: 711 വിശുദ്ധ ഖുർആൻ)***

ഈ പ്രവചനത്തിന്റെ അടിവേര് വിശുദ്ധ ഖുർആനിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഹദീസ് ഈ വചനത്തെ വിശദീകരിക്കുകയും സുപ്രധാന വിവരങ്ങൾ നൽകുകയുമാണ് ചെയ്യുന്നത്.

ബൈബിൾ പുതിയ നിയമത്തിൽ യേശുവിന്റെ രണ്ടാം വരവിന്റെ അടയാളങ്ങൾ വിവരിക്കുന്നത് കാണുക. ***'ആ കാലത്തിന്റെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടു പോകും. ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും.' (മത്തായി: 24: 29)***

മഹാത്മാ സൂർദാസ്ജി കൽക്കി അവതരിക്കുന്ന കാലത്ത് ചന്ദ്രനും സൂര്യഗ്രനും ഗ്രഹണം ബാധിക്കുമെന്ന പ്രവചനത്തെ പറ്റി പ്രതിപാദിച്ചിട്ടുണ്ട്.

***'ചന്ദ്രനും സൂര്യനും ഗ്രഹണം ബാധിക്കും. മരണവും കുഴപ്പവും മൂലം ഭൂമി കലാപ കലുഷിതമാവും.' (സൂർ സാഗർ)*** സിഖുകാരുടെ പുണ്യഗ്രന്ഥമായ ഗുരു ഗ്രന്ഥസാഹിബിൽ ഇങ്ങനെ കാണാം.

***'മഹാരാജ് നിഷ്ക്കളങ്കാവതാരമായി പ്രത്യക്ഷപ്പെടുമ്പോൾ സൂര്യനും ചന്ദ്രനും അദ്ദേഹത്തിന്ന് സഹായകമാവും'*** (ഗുരു ഗ്രന്ഥസാഹബ്)

ചുരുക്കത്തിൽ സൂര്യ ചന്ദ്രന്മാരുടെ ഗ്രഹണത്തെ പറ്റി മറ്റു മത ഗ്രന്ഥങ്ങളിലും പ്രതിപാദിക്കുന്നുണ്ട്. മുകളിൽ കൊടുത്ത ദാറുഖുത്നിയുടെ ഹദീസിൽ ഈ പ്രതിഭാസത്തെ പറ്റി കൂടുതൽ സൂക്ഷ്മമായ വിവരണങ്ങൾ നൽകിയിരിക്കുന്നു. ഇതിനെ പറ്റി വിശദീകരിക്കാം.

## സൂര്യ ചന്ദ്രഗ്രഹണം പ്രകൃതി നിയമങ്ങളുടെ വെളിച്ചത്തിൽ

സൂര്യചന്ദ്ര ഗ്രഹണങ്ങൾ പ്രകൃതി നിയമങ്ങളുടെ അടിസ്ഥാനത്തിൽ നടക്കുന്ന ഖഗോള പ്രതിഭാസങ്ങളാണ്. വിശുദ്ധ ഖുർആൻ പ്രകൃതി പ്രതിഭാസങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ നിരന്തരം ക്ഷണിക്കുന്നു. ജ്യോതി ശാസ്ത്രത്തെ സംബന്ധിച്ച ചില അടിസ്ഥാന വസ്തുതകൾ വിശകലനം ചെയ്യുന്നത് ഇവിടെ പ്രസക്തമാണെന്ന് തോന്നുന്നു. ഈ ഹദീസിനെ സംബന്ധിച്ച് കൂടുതൽ അവബോധം ആർജ്ജിക്കാൻ സഹായകമായിരിക്കും.

ഭൂമിയും സൂര്യനും ചന്ദ്രനും മൂന്നും ചേർന്ന് ഒരു ത്രികോണ വ്യവസ്ഥ രുപപ്പെടുന്നു. വിശുദ്ധ ഖുർആൻ ഈ വ്യവസ്ഥയെ വളരെ മനോഹരമായി ഇപ്രകാരം വിവരിക്കുന്നു:

***'ഭൂമിയിൽ അങ്കുരിക്കുന്നതിൽ നിന്നും അവരുടെ വർഗ്ഗത്തിൽ നിന്നും സകല ഇണകളേയും***

***സൃഷ്ടിച്ച അല്ലാഹു പരിശുദ്ധനാകുന്നു. രാവ് അവർക്കൊരു ദൃഷ്ടാന്തമാണ്. അതിൽ നിന്നും പകലിനെ നാം ഊരിയെടുത്തു. അപ്പോൾ അവരതാ അന്ധകാരത്തിലായിരുന്നു. സൂര്യൻ അതിന്ന് നിർണ്ണയിക്കപ്പെട്ട സഞ്ചാര പഥത്തിൽ ചരിച്ചുകൊണ്ടിരിക്കുന്നു. അത് പ്രതാപവാനു സർവ്വജ്ഞനുമായ അല്ലാഹുവിന്റെ ആസൂത്രണ മത്രെ. ചന്ദ്രന് നാം ചില പതനങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. അങ്ങനെ അത് പഴകി വരണ്ട ഈത്തപഴക്കുല ത്തണ്ടു പോലെ വീണ്ടും ആയിതീരുന്നു. സൂര്യന്ന് ചന്ദ്രനെ മുൻകടക്കാനാകില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. അവയെല്ലാം അതിന്റെ സഞ്ചാര പഥങ്ങളിൽ നീന്തിക്കൊണ്ടിരിക്കുന്നു.' (38: 37 42 വിശുദ്ധ ഖുർആൻ)***

വിശുദ്ധ ഖുർആനിലെ അഞ്ച് സൂക്തങ്ങൾ ഇവിടെ ഉദ്ദരിച്ചിരിക്കുന്നു. ആദ്യത്തെ വചനത്തിൽ എല്ലാ വസ്തുക്കളും ഇണകളായിട്ടാണ് അഥവാ യുഗ്മങ്ങളായിട്ടാണ് സൃഷ്ടിക്കപ്പെറ്റിട്ടുള്ളതെന്ന മൗലികമായ വസ്തുത ചൂണ്ടികാണിക്കപ്പെടുന്നു. രണ്ടാമത്തെ വചനത്തിൽ ഭൂമിയുടെ ഭ്രമണം കൊണ്ടാണ് രാവും പകലും ഉണ്ടാവുന്നതെന്ന് പ്രസ്താവിക്കുന്നു. മൂന്നാം വചനം സൂര്യന്റെ ചലനത്തെ പറ്റി പ്രതിപാദിക്കുന്നു. നാലാം വചനം ചന്ദ്രന്റെ ചലനത്തെ പറ്റി പറയുന്നു. അഞ്ചാം വചനത്തിൽ സൂര്യനും ചന്ദ്രനും പകലും രാവും എല്ലാറ്റിനെ പറ്റിയും ഒന്നായി പ്രതിപാദിക്കുകയും സൂര്യന്റെയും ചന്ദ്രന്റേയും ചലനങ്ങൾക്ക് അതിന്റേതായ ചില നിർണ്ണയങ്ങളുണ്ടെന്ന വസ്തുതയിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

ഭൂമിയും ചന്ദ്രനും പരസ്പരം പ്രദക്ഷിണം ചെയ്യുന്നുവെന്നും അവ ഒരു പരിക്രമണം (Revolution) പൂർത്തിയാക്കാൻ ഒരു മാസം എടുക്കുന്നുവെന്നും ശാസ്ത്രം നമുക്ക് മനസ്സിലാക്കിത്തരുന്നു. അവ രണ്ടും ചേർന്ന് ഒരു യുഗ്മ വ്യവസ്ഥ (Pair System) രൂപപ്പെടുത്തിയിരിക്കുന്നു. ഭൂമിയും ചന്ദ്രനും സംയുക്തമായി സൂര്യനെ വലം വെക്കുകയും ഒരു വർഷം കൊണ്ട് ഒരു പരിക്രമണം പൂർത്തിയാക്കുകയും ചെയ്യുന്നു. അതായത് സൂര്യനും ഭൂമിചന്ദ്ര യുഗ്മൗം ചേർന്ന് മറ്റൊരു യുഗ്മ വ്യവസ്ഥ സൃഷ്ടിച്ചിരിക്കുന്നു. ഇങ്ങനെ സൗരയുഥത്തിൽ തന്നെ ജോഡികൾക്കുള്ളിൽ ജോഡികളായി കൊണ്ട് നിരവധി യുഗ്മ വ്യവസ്ഥകൾ കാണാവുന്നതാണ്. സൂര്യനും അതിന്റെ ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ചേർന്ന് ഈ ക്ഷീരപഥത്തിന്റെ കേന്ദ്രത്തെ പ്രദക്ഷിണം ചെയ്യുന്നു. 100 ദശലക്ഷം വർഷങ്ങൾ കൊണ്ടാണ് ഈ പ്രദക്ഷിണം പൂർത്തിയാക്കുന്നത്. നമ്മുടെ ക്ഷീരപഥത്തിൽ തന്നെ കോടാനുകോടി നക്ഷത്രങ്ങൾ ക്ഷീര പഥത്തിന്റെ കേന്ദ്രത്തെ വിവിധ അകല ഭേദങ്ങളോടെ പരിക്രമണം ചെയ്തുകൊണ്ടിരിക്കുന്നു.

**'**എല്ലാ വസ്തുക്കളും ഇണകളായിട്ട് സൃഷ്ടിച്ച നാഥൻ എത്ര പരിശുദ്ധൻ**'** (വിശുദ്ധ ഖുർആൻ)

ചന്ദ്രൻ ഭൂമിയെ പ്രദക്ഷിണം ചെയ്യുമ്പോൾ സൂര്യന്റെയും ഭൂമിയുടേയും ഇടയിൽ അവ ഒരു നേർരേഖയിൽ വരുന്നു. അപ്പോൾ ചന്ദ്രൻ സൂര്യ ബിംബത്തെ മറക്കുകയും ഭൂമിയിലേക്കുള്ള സൂര്യ പ്രകാശത്തെ മറക്കുകയും ചെയ്യുന്നു. ഇതാണ് സൂര്യ ഗ്രഹണം. സൂര്യനും ചന്ദ്രനുമിടയിൽ ഒരു നേർരേഖയിൽ ഭൂമി വരുമ്പോൾ ഭൂമിയുടെ നിഴൽ ചന്ദ്രൻ നിഴൽ പതിയുകയും ചന്ദ്രഗ്രഹണം സംഭവിക്കുകയും ചെയ്യുന്നു. ജ്യോതിശാസ്ത്രത്തിൽ സാങ്കേതികമായി സൂര്യഗ്രഹണം അമാവാസി ദിവസവും ചന്ദ്രഗ്രഹണം പൗർണ്ണമി ദിവസവും സംഭവിക്കുന്നു എന്നാണ് നാം പറയാറുള്ളത്. അമാവാസി ദിനത്തിൽ സൂര്യനും ചന്ദ്രനും രേഖാംശത്തിൽ വരുന്നു. അപ്പോൾ ചന്ദ്രനും സൂര്യനും യുതി (Conjunction) യിലാണെന്ന് പറയുന്നു. ഇങ്ങനെയാണെങ്കിലും എല്ലാ അമാവാസിയിലും അതുപോലെ വെളുത്ത വാവിലും ഗ്രഹണം സംഭവിക്കണമെന്നില്ല. ഗ്രഹണം നടക്കണമെങ്കിൽ സൂര്യനും ചന്ദ്രനും ഭൂമിയും ഒരേ നേർരേഖയിൽ വരേണ്ടതുണ്ട്. ഭൂമിയുടെ സൂര്യന്ന് ചുറ്റുമുള്ള ഭ്രമണ പഥവും ഒരേ തലത്തിലായിരുന്നെങ്കിൽ മാസത്തിൽ രണ്ട് തവണ ഒരേ രേഖാംശത്തിൽ വരുമായിരുന്നു. അങ്ങിനെയെങ്കിൽ എല്ലാ മാസവും ഒരു ചന്ദ്രഗ്രഹണവും ഒരു സൂര്യഗ്രഹണവും സംഭവിക്കുമായിരുന്നു. യഥാർത്ഥത്തിൽ അങ്ങനെയല്ല. പ്രസ്തുത രണ്ട് ഗോളങ്ങളുടെയും ഭ്രമണപഥങ്ങളുടെ തലങ്ങൾ (Orbital plane) തമ്മിൽ 5 ഡിഗ്രിയുടെ വ്യത്യാസമുണ്ട്. ഈ വ്യത്യാസം കാരണം ഒരു വർഷത്തിൽ പരമാവധി ഏഴു ഗ്രഹണങ്ങൾ മാത്രമേ സംഭവിക്കാൻ സാധ്യതയുളൂ. (നാലോ അഞ്ചോ സൂര്യഗ്രഹണവും രണ്ടോ മൂന്നോ ചന്ദ്രഗ്രഹണവും) ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് രണ്ട് സൂര്യഗ്രഹണങ്ങൾ സംഭവിക്കുന്നു. സൂര്യഗ്രഹണമാണ് ചന്ദ്രഗ്രഹണത്തേക്കാൾ കൂടുതൽ സംഭവിക്കുന്നത്. പക്ഷേ ചന്ദ്രഗ്രഹണം ദൃശ്യമാകുന്നതിനേക്കാൾ കുറഞ്ഞ സമയം മാത്രമേ ഭൂമിയിൽ നിന്ന് സൂര്യഗ്രഹണം ദൃശ്യമാവുകയുള്ളൂ. അതിനാൽ ഭൂമിയിലെ ഏതെങ്കിലും ഒരു നിർദ്ദിഷ്ട സ്ഥലത്ത് സൂര്യഗ്രഹണത്തേക്കാൾ കൂടുതൽ ചന്ദ്രഗ്രഹണമാണ് അനുഭവപ്പെടുന്നത്. കൂടുതൽ വിവരങ്ങൾക്ക് ഗോളശാസ്ത്രം സംബന്ധിച്ച ഗ്രന്ഥങ്ങൾ കാണുക

ചന്ദ്രന്റെ ചലനം തികച്ചും സങ്കീർണ്ണമാണ്. ചന്ദ്രൻ ഭൂമിയെ ഒരു ദീർഘവൃത്ത ഭ്രമണ പഥത്തിലൂടെയാണ് ഭ്രമണം ചെയ്യുന്നുവെന്നാണ്. ഏകദേശമായി കണക്കാക്കപ്പെടുന്നത്. ഈ ദീർഘ വൃത്ത ഭ്രമണ പഥത്തിലൂടെയാണ് വലംവെക്കുന്നത്. ഈ ദീർഘ വൃത്ത പഥത്തിലൂടെ ചന്ദ്രൻ സഞ്ചരിക്കുമ്പോൾ ഭൂമിയുമായുള്ള അകലത്തിന്നനു

സരിച്ച് ചന്ദ്രന്റെ ഭ്രമണ വേഗത ക്കനുസരിച്ച് വ്യതിയാനം സംഭവി ച്ചുകൊണ്ടിരിക്കും. ചന്ദ്രൻ ഭൂമിയു മായുള്ള അകലം ഏറ്റവും കുറഞ്ഞി രിക്കുന്ന സ്ഥാനത്തെ ഉപഭൂസ്ഥാ നം എന്നറിയപ്പെടുന്നു. ചന്ദ്രൻ ഉപഭൂ സ്ഥാനത്തെത്തുമ്പോൾ ഭ്രമണവേഗത ഭൂമിയെ അപേക്ഷിച്ച് ഏറ്റവും കൂടുതലാവുന്നു. സൂര്യ ന്റെ ആകർഷണ ഫലമായി ഈ ഉപഭൂസ്ഥാനം മാറിക്കൊണ്ടിരിക്കും. ഈ കാരണത്താൽ ചന്ദ്രന്റെ ഭ്രമണ വേഗത മാസത്തിന്റെ ആദ്യ ഘട്ടത്തിൽ അന്ത്യഘട്ടത്തിലും ചിലപ്പോൾ അതിശീഘ്രമാവുന്നു. അപ്രകാരം ഭൂചന്ദ്ര ജോഡികളുടെ സൂര്യനുമായുള്ള അകലവും ഭ്രമണ വേഗതയും കാരണം ഒരു പരിധി വരെ ആകർഷണ ശക്തിക്ക് വിധേ യമായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ പറയുകയാണ്.

***'സൂര്യനും ചന്ദ്രനും ഒരു നിശ്ചിത കണക്കനുസരിച്ചാണ് സഞ്ചരിച്ച് കൊണ്ടിരിക്കുന്നു.'(55: 6 വിശുദ്ധ ഖുർആൻ)***

അകലത്തിലും വേഗതിയിലു മുള്ള വ്യതിയാനമനുസരിച്ച് ഗ്രഹ ണങ്ങളുടെ തീയതികളിലും മാറ്റം സംഭവിക്കുന്നു. അതുകൊണ്ട് ചില പരിമിതികൾക്ക് വിധേയമായി ക്കൊണ്ടുള്ള തീയതികളിലാണ് സൂര്യചന്ദ്ര ഗ്രഹണങ്ങൾ സംഭവി ക്കുന്നത്.

ഖഗോള ശാസ്ത്രജ്ഞന്മാർ ഗോളശാസ്ത്ര പരമായി യുതി (Cojunction) മുതൽക്കാണ് ചന്ദ്രമാസാരംഭം കണക്കാക്കുക. യുതി എന്നാൽ രണ്ടോ അതി ലധികമോ ഗോളങ്ങൾ ഒരു ഋജു രേഖയിൽ വരുന്നതിനെയാണ് യുതി എന്ന് പറയുന്നത്. അതായത് സൂര്യ നും ഭൂമിയും ചന്ദ്രനും യുതിയിലാ ണെങ്കിൽ ആ സമയം കറുത്ത വാവായിരിക്കും അഥവാ അമാവാ സിയായിരിക്കും. എന്നാൽ ഇസ്ലാ മിക വർഷ ഗണനയനുസരിച്ച് ചന്ദ്രക്കല ദൃശ്യമാവുന്നത് മുതൽക്കാണ് മാസം ആരംഭിക്കുന്ന ത്. അതായത് ചന്ദ്രക്കല നഗ്ന ദൃഷ്ടി കൊണ്ട് കാണുവാൻ പാകത്തിൽ ദൃശ്യമാവണം. ഗോളശാസ്ത്ര പരമായ മാസം (Astronomical Lunar Month Modern Guide to Astronomical Calculations of Islamic Calandar, Time and Qibla) എന്ന പുസ്തകം ആരംഭിക്കുന്നത് അമാവാസി മുതൽ ക്കാണ്. അമാവാസി കഴിഞ്ഞ് 24 മണികൂർ കഴിഞ്ഞതിന്ന് ശേഷമേ ചന്ദ്രക്കല കാണാൻ കഴിയൂ. കൂടുതൽ വിവരങ്ങൾക്ക് മാസപ്പിറ വി സംബന്ധിച്ച് ഡോ. മുഹമ്മദ് ഇൽയാസ് എഴുതിയ Modern Guide to Astronomical Calculations of Islamic Calandar, Time and Qibla എന്ന പുസ്തകം കാണുക.

ചന്ദ്രമാസം അനുസരിച്ചുള്ള ഹിജ്റ വർഷം അനുസരിച്ചാണെ ങ്കിൽ ചന്ദ്രഗ്രഹണം മാസത്തിന്റെ 13,14,15 രാവുകളിലായിരിക്കണം സംഭവിക്കുക. സൂര്യഗ്രഹണം മാസത്തിന്റെ 27, 28, 29 ദിനങ്ങളിലു മാണ് സംഭവിക്കുക. പ്രവചനമനു സരിച്ച് ചന്ദ്രഗ്രഹണം പ്രസ്തുത തീയതികളിൽ ആദ്യരാത്രിയിലും സൂര്യഗ്രഹണം മദ്ധ്യദിനത്തിലുമാ ണ് സംഭവിക്കുക. ഇത് പ്രകാരം റമദാനിലെ 13-ാം രാവിലെ ചന്ദ്രഗ്ര ഹണവും 28-ാം ദിനത്തിലെ സൂര്യഗ്ര ഹണവും ഉണ്ടാകുമെന്ന് നിർണ്ണയിക്കപ്പെടുന്നു. ഈ ഹദീസി ൽ **'ഖമർ'** എന്ന പദമാണ് ചന്ദ്രനെ പറ്റി പ്രയോഗിച്ചിരിക്കുനത് 1, 2, 3 രാവുകളിലെ ചന്ദ്രക്കലയെ ഹിലാ ൽ എന്നാണ് വിളിക്കുക. ഖമർ എന്ന പദം നാലാം രാവു മുതൽ വികസിച്ചു വരുന്ന ചന്ദ്രനെക്കുറി ക്കാനാണ് പ്രയോഗിക്കപ്പെടുന്നത്. (അഖ്റബുൽ മവാരിദ് വാല്യം 2) ചുരുക്കത്തിൽ റംദാനിലെ ഒന്നാം രാവ് എന്നത് കൊണ്ട് വിവക്ഷിക്ക പ്പെപടുന്നത് 13-ാം രാവാണ്. അല്ലാ തെ മാസാരംഭത്തിലെ ഒന്നാം രാവല്ല. ഹദീസിൽ പ്രയുക്തമായ ഖമർ എന്ന പദം ഈ വസ്തുത അനിഷേ ധ്യമാം വിധം ബലപ്പെടുത്തുന്നു.

## വാഗ്ദത്ത മസീഹിന്റെ ആവിർ ഭാവവും പ്രവചന പുലർച്ചയും

ഹദീസുകളിലെ പ്രവചനം എപ്രകാരം പൂർത്തിയായി എന്ന് പരിശോധിക്കാം:

ഭാരതത്തിലെ അജ്ഞാത വിദൂരസ്ഥമായ ഖാദിയാൻ എന്ന ഗ്രാമത്തിൽ ക്രിസ്തു വർഷം 1835 ൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി ഭൂജാതനായി. അനിതര സാധരമായ സദ്ഗുണ നിഷ്ഠ, തിരുമേനി(സ) യോടുള്ള അതിരറ്റ അനുരക്തി ഇവയായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മുഗ്ദഭാവങ്ങൾ. ഇസ്ലാമിന്നെതിരെ യുള്ള വിമർശകരുടെ നിശിതമായ കടന്നാക്രമണവും മുസ്ലിംകളുടെ ജീർണ്ണമായ ആത്മീയ സ്ഥിതിയും അദ്ദേഹത്തെ വ്രണിതചിത്തനാക്കി. ഇസ്ലാംമത സേവനത്തിന്നായി സ്വയം സമർപ്പിതനായ അദ്ദേഹം ലോകത്തിന്റെ ആത്മീയ പുനർജനി ക്ക് വേണ്ടി തീഷ്ണമായ ഹൃദയ വേദനയോടെ നിതാന്തമായ പ്രാർ ത്ഥനകളിൽ മുഴുകി,. ചരിത്രം സൃഷ്ടിച്ച അദ്ദേഹത്തിന്റെ വിഖ്യാ തമായ കൃതി ബറാഹീനേ അഹ്മദി യ്യാ 1880 മുതൽ 1884 വരെയുള്ള കാലയളവിൽ നാലു വാല്യങ്ങളി ലായി പ്രസിദ്ധീകരിച്ചു. ഇസ്ലാമി ന്റെ സത്യം വിശുദ്ധ ഖുർആന്റെയും തിരുനബി (സ) യുടെയും വൈശി ഷ്ട്യങ്ങൾ എന്നിവ ഈ വിശിഷ്ട കൃതിയിൽ ചർച്ച ചെയ്യുന്നുണ്ട്.

ഹദറത്ത് അഹ്മദ് (അ) 1876 മുതൽ അദ്ദേഹത്തിന്റെ വിയോഗം വരെ (1908) ദൈവിക വെളി പാടുകൾ കൊണ്ടനുഗ്രഹീതനായി രുന്നു. 1882 ൽ അദ്ദേഹത്തിന്ന് ദൈവത്തിൽ നിന്നും താഴെക്കാ ണുന്ന വചനങ്ങളിൽ ദൈവിക പരിഷ്ക്കർത്താവായി നിയോഗിച്ചു കൊണ്ടുള്ള ദിവ്യബോധനം ലഭിച്ചു.

***'ഓ അഹ്മദ് അല്ലാഹു താങ്ക ളെ അനുഗ്രഹിച്ചിരിക്കുന്നു. നീ***

***എറിഞ്ഞതെന്തോ അത് നീയല്ല എറിഞ്ഞത്. നിനക്ക് ഖുർആൻ പഠിപ്പിച്ച കരുണാനിധി. ആരുടെ പൂർവ്വ പിതാക്കൾക്ക് താക്കീദ് ലഭിച്ചില്ലയോ അവരെ ജാഗരിപ്പിക്കാനും വഴിപിഴപ്പിച്ചവരുടെ മാർഗ്ഗം പ്രകടമാക്കുവാനും വേണ്ടി പ്രഖ്യാപിക്കുക. ഞാൻ ദൈവത്താൽ നിയോഗിതനാകുന്നു. ഞാൻ വിശ്വാസികളിൽ പ്രഥമ സ്ഥാനീയനത്രെ'(ബറാഹീനെ അഹ്മദീയ്യ)***

അദ്ദേഹത്തിന്ന് ഇപ്രകാരം വീണ്ടും വെളിപാട് ലഭിച്ചു.

***'അവരോട് പറയുക, എന്റെ മേൽ അല്ലാഹുവിൽ നിന്നുള്ള സാക്ഷ്യമുണ്ട്. അപ്പോൾ നിങ്ങൾ വിശ്വസിക്കുമോ? അവരോട് പറയുക, എന്റെ മേൽ അല്ലാഹുവിന്റെ സാക്ഷ്യമുണ്ട്. അപ്പോൾ നിങ്ങൾ സമർപ്പണം ചെയ്യുമോ?' (ബറാഹീനെ അഹ്മദിയ്യാ)***

ദൈവിക നിർദേശ പ്രകാരം 14-ാം നൂറ്റാണ്ടിലെ മുജദ്ദിദ് താനാണെന്ന് ഹദ്റത്ത് അഹ്മദ് (അ) പ്രഖ്യാപിക്കുകയുണ്ടായി. ദൈവാജ്ഞയാൽ 1889 മാർച്ച് 23 ന്ന് ലുധിയാനയിലെ വെച്ച് ശിഷ്യന്മാരിൽ നിന്ന് ആദ്യത്തെ ബൈഅത്ത് സ്വീകരിക്കുകയും അഹ്മദിയ്യാ ജമാഅത്ത് രൂപവത്ക്കരിക്കുകയും ചെയ്തു. അഹ്മദിയ്യാ ജമാഅത്തിന്റെ പ്രഥമ ഖലീഫയായ ഹദ്റത്ത് അൽഹാജ് ഹാഫിസ് മൗലവി ഹക്കീം നൂറുദ്ദീൻ (റ) ആയിരുന്നു ആദ്യമായി ബൈഅത്ത് സ്വീകരിച്ച ശിഷ്യപ്രമുഖൻ. അതേ ദിവസം 40 പേർ ഹദ്റത്ത് അഹ്മദ് (അ) ന്ന് ബൈഅത്ത് ചെയ്യുകയുണ്ടായി. ലൗകിക കാര്യങ്ങളേക്കാൾ മത കാര്യങ്ങളിൽ ജീവിതത്തിൽ മുൻ തൂക്കം കൽപ്പിക്കുമെന്ന് ശിഷ്യന്മാർ പ്രതിജ്ഞ ചെയ്തു. ക്രി. വ. 1890 ന്റെ അവസാനത്തിൽ, പ്രവാചക നായ ഈസാ നബി (അ) മരിച്ചു പോയിരിക്കുന്നു എന്ന് അദ്ദേഹത്തിന്ന് ദിവ്യബോധനം ലഭിക്കുകയുണ്ടായി. അതായത് ഈസാ നബി (അ) വാഗ്ദാനം ചെയ്യപ്പെട്ട ഒരു മസീഹായിരുന്നുവെന്നും അദ്ദേഹത്തിന്റെ രണ്ടാം വരവിനെ സംബന്ധിച്ച് പ്രവചനം അദ്ദേഹത്തോട് സദൃശ്യമുള്ള മറ്റൊരു വ്യക്തിയിൽ പുലരുമെന്നും ദൈവം ഹദ്റത്ത് അഹ്മദി(അ) നെ അറിയിച്ചു. അദ്ദേഹത്തിന്ന് ലഭിച്ച ദിവ്യബോധനം ഇപ്രകാരമായിരുന്നു:

***'മറിയമിന്റെ മകനായ മസീഹ് മരണപ്പെട്ട് പോയിരിക്കുന്നു. അദ്ദേഹത്തിന്റെ ഗുണങ്ങൾ വാഗ്ദാന പ്രകാരം നിന്നിൽ പുലർന്നിരിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തികരിക്കപ്പെടുക തന്നെ ചെയ്യും.' (തദ്കിറ)***

അല്ലാഹുവിൽ നിന്നുള്ള ഈ വിശദീകരണം ലഭിച്ചതിന്ന് ശേഷം തിരുനബി (സ) പ്രവചിച്ച വാഗ്ദത്ത മഹ്ദിയും മസീഹും ഞാനാണെന്ന് ഹദ്റത്ത് അഹ്മദ് (അ) വാദിക്കുകയുണ്ടായി. തന്റെ ഈ വാദത്തിന് ഉപോൽബലകമായി അദ്ദേഹം ന്യായ വാദങ്ങളുന്നയിക്കുകയും ഗ്രന്ഥങ്ങൾ രചിക്കുകയുമുണ്ടായി. ഫത്ഹെ ഇസ്‌ലാം (ഇസ്‌ലാമിന്റെ വിജയം), തൗതീഹെ മറാം (ലക്ഷ്യങ്ങളുടെ വിവരണം), ഇസാലെ ഔഹാം (സന്ദേഹനിവാരണം) എന്നീ ഗ്രന്ഥങ്ങൾ അവയിൽ ചിലതാണ്. ജനങ്ങൾക്ക് ആത്മീയ ജീവനം നൽകാൻ ദൈവം തന്നെ നിയോഗിച്ചിരിക്കുകയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. മതപൗരോഹിത്യം അദ്ദേഹത്തിന്റെ വാദത്തെ നിഷേധിക്കുകയും എതിർപ്പിന്റെ തീഷ്ണമായ കൊടുംങ്കാറ്റ് ഉയർത്തിവിടുകയുമുണ്ടായി.

ഹദ്റത്ത് അഹ്മദ് 1894 ൽ അറബിയിൽ രചിച്ച നൂറുൽ ഹഖ് (സത്യത്തിന്റെ പ്രകാശം) എന്ന

ദൈവിക നിർദേശ പ്രകാരം 14-ാം നൂറ്റാണ്ടിലെ മുജദ്ദിദ് താനാണെന്ന് ഹദ്റത്ത് അഹ്മദ് (അ) പ്രഖ്യാപിക്കുകയുണ്ടായി. ദൈവാജ്ഞയാൽ 1889 മാർച്ച് 23 ന്ന് ലുധിയാനയിലെ വെച്ച് ശിഷ്യന്മാരിൽ നിന്ന് ആദ്യത്തെ ബൈഅത്ത് സ്വീകരിക്കുകയും അഹ്മദിയ്യാ ജമാഅത്ത് രൂപവത്ക്കരിക്കുകയും ചെയ്തു. അഹ്മദിയ്യാ ജമാഅത്തിന്റെ പ്രഥമ ഖലീഫയായ ഹദ്റത്ത് അൽഹാജ് ഹാഫിസ് മൗലവി ഹക്കീം നൂറുദ്ദീൻ (റ) ആയിരുന്നു ആദ്യമായി ബൈഅത്ത് സ്വീകരിച്ച ശിഷ്യപ്രമുഖൻ. അതേ ദിവസം 40 പേർ ഹദ്റത്ത് അഹ്മദ് (അ)ന് ബൈഅത്ത് ചെയ്യുകയുണ്ടായി. ലൗകിക കാര്യങ്ങളേക്കാൾ മത കാര്യങ്ങളിൽ ജീവിതത്തിൽ മുൻ തൂക്കം കൽപ്പിക്കുമെന്ന് ശിഷ്യന്മാർ പ്രതിജ്ഞ ചെയ്തു. ക്രി. വ. 1890 ന്റെ അവസാനത്തിൽ, പ്രവാചക നായ ഈസാ നബി (അ) മരിച്ചു പോയിരിക്കുന്നു എന്ന് അദ്ദേഹത്തിന്ന് ദിവ്യബോധനം ലഭിക്കുകയുണ്ടായി. അതായത് ഈസാ നബി (അ) വാഗ്ദാനം ചെയ്യപ്പെട്ട ഒരു മസഹായിരുന്നുവെന്നും അദ്ദേഹ ത്തിന്റെ രണ്ടാം വരവിനെ സംബന്ധിച്ച് പ്രവചനം അദ്ദേഹത്തോട് സദൃശ്യമുള്ള മറ്റൊരു വ്യക്തിയിൽ പുലരുമെന്നും ദൈവം ഹദ്റത്ത് അഹ്മദി(അ) നെ അറിയിച്ചു.

ഗ്രന്ഥത്തിൽ ദൈവത്തോടുള്ള തന്റെ ഹൃദയ നൊമ്പരത്തോട് കൂടിയുള്ള ആത്മീയ വിലാപം രേഖപ്പെടുത്തിയിരിക്കുന്നു.

*'ഓ നാഥാ ഞാൻ നിന്നിൽ നിന്നുൾള്ളവൻ തന്നെയല്ലയോ? എനിക്കെതിരെയുള്ള ശാപവചസ്സു കളും നിഷേധവും എല്ലാ സീമ കളേയും അതിലംഘിച്ചിരിക്കുന്നു! ഞങ്ങളുടേയും ഞങ്ങളുടെ ജനത യുടെയും ഇടയിൽ വിധികൽപ്പി ക്കേണമേ! നിശ്ചയം നീ തന്നെ യാണ് ഏറ്റവും നല്ല വിധികർത്താ വ്. ഓ നാഥാ ആകാശത്ത് നിന്നും നീ എനിക്ക് ഒരു സഹായിയെ നൽകേണമേ. ഞാനിതാ ഒരു ബലഹീനനെ പോലെ അപമാനിത നായിരിക്കുന്നു. ആളുകൾ എന്നെ നിഷേധിക്കുകയും പരിഹാസത്തി ന്റെ കോട്ടയിൽ തള്ളുകയും ചെയ്തിരിക്കുന്നു. ബദർ ദിനത്തിൽ തിരുനബി (സ) തുണയേകിയത് പോലെ നീ എന്റെ സഹായത്തിന്ന് വന്നണയേണമേ! കനിവ് കാട്ടേണ മേ ഞങ്ങളുടെ നേരെ അനുതാപ പൂർവ്വം ചായേണമേ! കനിവ് കാട്ടു ന്ന പരമ കാരുണികൻ നീയാണ ല്ലോ?' (റൂഹാനീ ഖസായിൻ വാ. 8 ഭാ 6)*

അദ്ദേഹത്തിനെതിരെ ഉന്നയി ക്കപ്പെട്ട ആക്ഷേപങ്ങളിലൊന്ന് സൂര്യചന്ദ്രഗ്രഹണങ്ങളെപറ്റിയുള്ള പ്രവചനം പൂർത്തികരിക്കപെട്ടില്ല എന്നായിരുന്നു. ഹിജ്റ 1311 (ക്രി. വ. 1994) ൽ തിരുനബി (സ) യു ടെ മഹത്തായ പ്രവചനപ്രകാരമുള്ള സൂര്യചന്ദ്ര ഗ്രഹണങ്ങൾ നിശ്ചിത ദിവസങ്ങളിൽ ഖാദിയാന്ന് മുകളിൽ ദൃശ്യമാക്കികൊണ്ട് അല്ലാഹു ജ്യോതിർ മൺഡലത്തിലെ ദൃഷ്ടാന്തം പ്രകടമാക്കി. റമദാൻ 13 ന്ന് അസ്തമിച്ച രാത്രി ചന്ദ്രഗ്രഹണവും (മാർച്ച് 21) റമദാൻ 28 ന്ന് ( ഏപ്രിൽ 6) സൂര്യഗ്രഹണവും സംഭവിച്ചു. പഞ്ചാംഗങ്ങളിൽ പ്രതിപാദിക്കപ്പെട്ടത് കൂടാതെ ഈ ഗ്രഹണത്തെ സംബന്ധിച്ച് ഇന്ത്യയിലെ ആസാദ് സിവിൽ ആന്റ് മിലിറ്ററി ഗസറ്റ് മുതലായ പ്രമുഖ പത്രങ്ങളും വാർത്ത പ്രസിദ്ധീകരിക്കുകയുണ്ടായി ഓപോൾസറുടെ ഗ്രഹണത്തിന്റെ സാമാന്യ നിയമം. ( Canon of Eclips by Opposlzer എന്ന പുസ്തകത്തിലും 1894 ൽ പ്രസിദ്ധീകരിച്ച നാവിക പഞ്ചാംഗത്തിലും (Nautical Almanac, London) ഇത് സ്ഥിരീകരിച്ചിട്ടുണ്ട്. മാത്രമല്ല, ചന്ദ്രന്റെ ഇപ്പോഴത്തെ സ്ഥാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള കണക്കുകളിൽ നിന്നും റമദാനിലെ 13 ഉം 28 ഉം ദിവസങ്ങളിലാണ് സൂര്യചന്ദ്ര ഗ്രഹണങ്ങൾ സംഭവിച്ചതെന്ന് വ്യക്തമാവുന്നു.

## ഹിജ്റ 1311 റമദാൻ മാസത്തിൽ (ക്രി.വ. 1894 മാർച്ച് ഏപ്രിൽ) സംഭവിച്ച ഗ്രഹണങ്ങളുടെ പ്രത്യേകതകൾ

ആകാശത്തിലെ അത്ഭുതകരമായ ദൃഷ്ടാന്തം നോക്കിക്കണ്ട ശേഷം വാഗ്ദത്ത മസീഹ് തിരുനബി (സ) മഹത്തായ ഈ പ്രവചനം അത്യാഗാതമായ അവബോധം ജനിപ്പിക്കുമാറ് സസൂക്ഷ്മമായ വിശകലനം നടത്തി ക്കൊണ്ട് നൂറുൽ ഹഖ് (സത്യത്തിന്റെ പ്രകാശം) എന്ന ഗ്രന്ഥം രചിക്കുകയുണ്ടായി. മഹ്ദിയുടെ ആഗമന കാലത്ത് സംഭവിക്കുന്ന ഗ്രഹണത്തെ സംബന്ധിച്ച് ഈ ഹദീസ് ദൈവിക വെളിപാടുകളെ അടിസ്ഥാനമാക്കി ഈ ഗ്രന്ഥത്തിൽ ഹദ്റത്ത് അഹ്മദ് (അ) വ്യാഖ്യാനിക്കുകയുണ്ടയി. ചന്ദ്രഗ്രഹണം സംഭവിക്കാൻ സാദ്ധ്യതയുള്ള മൂന്ന് രാവുകളിൽ ആദ്യത്തെ രാവിൽ ചന്ദ്രഗ്രഹണം സംഭവിക്കുകയും സൂര്യഗ്രഹണം നിർദ്ദിഷ്ടമായ മൂന്നു ദിനങ്ങളുടെ മധ്യത്തിലും ഭവിക്കുകയും ചെയ്യുമെന്നാണ് ഈ ഹദീസിന്റെ യഥാർത്ഥ വിവക്ഷയെന്ന് അദ്ദേഹം വിശദീകരിക്കുകയുണ്ടായി. അതായത് റമദാൻ 13-ാം രാവിൽ ചന്ദ്രഗ്രഹണവും 28-ാം ദിവസം സൂര്യഗ്രഹണവും സംഭവിക്കും.

അത്ഭുതകരമാംവിധം ദൃഷ്ടാന്തീകരിക്കപ്പെട്ട ഈ ഗ്രഹണങ്ങളുടെ സവിശേഷതകളിലേക്ക് വാഗ്ദത്ത മസീഹ് നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. ആദ്യത്തിലും മദ്ധ്യത്തിലും എന്ന പ്രയോഗം രണ്ട് രീതിയിൽ പൂർത്തീകരിക്കപ്പെടുകയുണ്ടായി. അതായത് തീയതിയെ സംബന്ധിച്ചും സമയത്തെ സംബന്ധിച്ചും മൂന്നു രാവുകളിലെ ആദ്യത്തെ രാവിൽ ചന്ദ്രഗ്രഹണം സംഭവിക്കുകമാത്രമല്ല രാത്രിയുടെ ആദ്യ യാമങ്ങളിൽ തന്നെ ഖാദിയാനിൽ അത് ദൃശ്യമാവുകയും ചെയ്തു. അത്പോലെ സൂര്യഗ്രഹണം നിർദ്ദിഷ്ടമായ മൂന്നു ദിവസങ്ങളിലെ മദ്ധ്യ ദിവസത്തിൽ സംഭവിക്കുക മാത്രമല്ല പൂർവ്വാഹ്നത്തിൽ തന്നെ ഖാദിയാനിൽ അത് ദൃശ്യമാവുകയും ചെയ്തു. പ്രഭാതത്തിലല്ല സൂര്യഗ്രഹണം സംഭവിച്ചത് മദ്ധ്യാഹ്നത്തിന് തൊട്ടു മുമ്പാണ് ഖാദിയാനിൽ അത് ദൃശ്യമായത്. ഹദീസിൽ പ്രയോഗിച്ച **'നിസ്ഫ്'** എന്ന പദത്തിന്ന് പകുതി എന്നാണർത്ഥം കൽക്കത്ത സ്റ്റാന്റേർഡ് സമയ പ്രകാരം ചന്ദ്രഗ്രഹണം വൈകുന്നേരം 7 (P.M) മണിക്കും 9:30 (A.M) ഇടയിലും സൂര്യഗ്രഹണം പൂർവ്വാഹ്നത്തിൽ 9 (A.M) മണിക്കും 11 മണിക്കും ഇടയിലാണ് സംഭവിച്ചത്.

ദൈവിക വെളിപാടുകളുടെ സഹായത്താൽ ഹദ്റത്ത് അഹ്മദ് (അ) ഹദീസിന്റെ അതിഗഹനമായ അർത്ഥതലങ്ങളെ വ്യാഖ്യാനിക്കുകയുണ്ടായി.

*'ചന്ദ്രഗ്രഹണം റമദാൻ ആദ്യ രാത്രിയിൽ സംഭവിക്കുമെന്ന പ്രസ്താവനയുടെ അർത്ഥം ഇതാണ്. പൗർണ്ണമി മാസികൾ എന്നറിയപ്പെടുന്ന മൂന്നു പൂർണ്ണ ചന്ദ്രരാവുകളിൽ ആദ്യരാത്രിയിൽ ചന്ദ്രഗ്രഹണമുണ്ടാകും. വെളുത്ത രാത്രികൾ എന്നതിന്റെ അർത്ഥം നിങ്ങൾക്കറിയാമല്ലോ കൂടാതെ പൂർണ്ണചന്ദ്രരാവുകളിൽ ആദ്യത്തെ രാത്രി ഇവിടെ ആരംഭത്തിൽ തന്നെ ഗ്രഹണം സംഭവിക്കുമെന്ന് സുചന ഇതിലടങ്ങിയിരിക്കുന്നു. രാത്രിയുടെ അവസാന യാമങ്ങളിലല്ല അറിവുള്ളവർക്ക് ഇക്കാര്യം*

*എളുപ്പം മനസ്സിലാവും.*

***ഈ രാജ്യത്തെ അനേകം പേരുടെ ദൃക്സാക്ഷ്യത്തോടെയാണ് ചന്ദ്രഗ്രഹണം സംഭവിച്ചത്.' (നൂറുൽ ഹഖ്, വാല്യം 2)***

സൂര്യ ഗ്രഹണത്തെ സംബന്ധിച്ച് അദ്ദേഹം ഇപ്രകാരം എഴുതുകയുണ്ടയി.

***'സൂര്യഗ്രഹണം മദ്ധ്യത്തിൽ ഉണ്ടാവുമെന്ന് പറഞ്ഞതിന്റെ അർത്ഥം സൂര്യഗ്രഹണങ്ങൾ സംഭവിക്കാവുന്ന ദിനങ്ങളെ പകുതിയാക്കുക. പകുതിയാക്കുമ്പോൾ രണ്ടാമത്തെ പകുതിയിലാണ് ഗ്രഹണം സംഭവിക്കേണ്ടത്. ഇത് രണ്ടാമത്തെ ദിവസത്തെ മദ്ധ്യാഹ്നത്തിന്ന് അപ്പുറം കടക്കാൻ പാടില്ല. കാരണം മദ്ധ്യാഹ്നമാണല്ലോ പകുതിയുടെ അതിർത്തി. അതായത് അല്ലാഹു വിധിച്ച പ്രകാരം ചന്ദ്രഗ്രഹണം സംഭവിക്കാവുന്ന മൂന്നു രാത്രിയിലെ ആദ്യരാത്രിയിൽ ചന്ദ്രഗ്രഹണവും സൂര്യഗ്രഹണം സംഭവിക്കാവുന്ന പകൽ ദിനങ്ങളിലെ മദ്ധ്യ നേരത്ത് സൂര്യഗ്രഹണവും പ്രവചന പ്രകാരം നടക്കുകയുണ്ടായി. ലോക പരിഷ്ക്കരണത്തിന്നായി നിയുക്തരാവുന്ന അല്ലാഹുവിന്റെ വരിഷ്ഠദാസർക്കല്ലാതെ പരോക്ഷജ്ഞാനങ്ങൾ വെളിപ്പെടുത്തുകയില്ല. ചുരുക്കത്തിൽ ഈ ഹദീസ് അല്ലാഹുവിന്റെ ദൂതനിൽ നിന്നുള്ളത് തന്നെയെന്നതിന്ന് യാതൊരു സംശയവുമില്ല.'(നൂറുൽഹഖ് രണ്ടാം വാല്യം)***

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വിഷത്തെ സംബന്ധിച്ച് വിനീതനായ എനിക്ക് പഠിക്കാനവസരം ലഭിക്കുകയുണ്ടായി. അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് അവർകളിൽ നിന്നും നിർലോപമായ പ്രോത്സാഹനവും ശ്രദ്ധയും പ്രാർത്ഥനയും ഇക്കാര്യത്തിൽ എനിക്ക് ലഭിച്ചിട്ടുണ്ട്. ലണ്ടനിൽ വെച്ച് ഹുസൂറുമായി നടന്ന സംഭാഷണത്തിൽ ഞാൻ പറയുകയുണ്ടായി **'നിഫ്സും മിൻഹു'** എന്ന പദം രണ്ട് വിധത്തിൽ പുലർന്നിട്ടുണ്ട്. തീയതിയെ സംബന്ധിച്ചും സമയത്തെ സംബന്ധിച്ചും. ആ സന്ദർഭത്തിൽ മൂന്നാമതൊരു രീതിയിലും ഈ പ്രവചനം സാക്ഷാത്ക്കരിക്കപ്പെട്ടിട്ടുണ്ട് എന്ന് ഹുസൂർ എന്നോട് പറഞ്ഞു. അതായത് ഗ്രഹണം ഭൂമിയുടെ ഒരു അർദ്ധ ഗോളം മുഴുക്കെ ദൃശ്യമായി എന്നുള്ളതാണ്. ഹുസൂർ തുടർന്നു പറഞ്ഞു: ഈ പ്രവചനം തിരു നബി (സ) യുടെ മഹത്വത്തെ കാണിക്കുന്നു. അതുപോലെ തന്നെ വാഗ്ദത്ത മഹ്ദി(അ)യുടെ സത്യതക്കുള്ള ഉത്തമ നിദർശനവും ഉത്തമ നിദൃശനവുമത്രേ ഇത്.

മുകളിൽ പറഞ്ഞത് പോലെ വിശുദ്ധ ഖുർആൻ ചന്ദ്രഗ്രഹണത്തേയും സൂര്യഗ്രഹണത്തേയും പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ഖുർആൻ ഇവിടെ ചന്ദ്രഗ്രഹണത്തിന്ന് **'കസഫ'** എന്ന പദമാണ് ഉപയോഗിച്ചത്. ഇതിനെ വ്യാഖ്യാനിച്ചു കൊണ്ട് വാഗ്ദത്ത മസീഹ് പറഞ്ഞു:

ഖുർആൻ സൂര്യഗ്രഹണത്തെ പ്രതിപാദിക്കാൻ കസൂഫ് എന്ന പദം പ്രയോഗിക്കാത്തത് മറ്റൊരു കാര്യത്തിലേക്ക് സൂചന നൽകുന്നു. അതായത് ചന്ദ്രഗ്രഹണത്തിന്ന് ശേഷം സംഭവിച്ച ഈ സുര്യഗ്രഹണം അസാധാരണവും അപൂർവ്വവുമായ ഒന്നാണ്. നിങ്ങൾ ഇതിലേക്ക് ദൃക്സാക്ഷികളെ അന്വേഷിക്കുകയോ നിരീക്ഷിക്കുകയോ ചെയ്യുകയാണെങ്കിൽ വിചിത്രവും അസാധാരണവുമായ സവിശേഷതകൾ ഈ ഗ്രഹണത്തിന്നുള്ളതായി കാണാം. പയനീർ (Pioneer) സിവിൽ ആന്റ് മിലിറ്ററി ഗസറ്റ് (Civil and Military Gazette) എന്നീ പത്രങ്ങൾ ഇത് വ്യക്തമാക്കിയിട്ടുണ്ട്. 1894 മാർച്ചിലാണ് ഈ രണ്ട് പത്രങ്ങളും ഈ വാർത്ത പ്രസിദ്ധീകരിച്ചത്. (നൂറുൽ ഹഖ് വാല്യം 2)

ഗ്രഹണങ്ങൾ രണ്ട് വിധത്തിലുണ്ട് . ഒന്ന് വ്യക്തമായി കാണുന്നതും മറ്റൊന്ന് അവ്യക്തമായവയും. പ്രൊഫ. മിച്ചൽ (J. A.Mitchell) ഗ്രഹണങ്ങളെ നാലായി വർഗീകരിക്കുകയുണ്ടായി. 1. അപൂർണ്ണം (Partial) 2. വലയാകാരം (Annular) 3. സമ്പൂർണ്ണ്ണം(Totel) 4. വലയാകാര സമ്പൂർണ്ണം (Annular Totel) അപൂർണ്ണ ഗ്രഹണ സമയത്ത് സൂര്യൻ പൂർണ്ണമയും മറക്കപ്പെടുന്നില്ല. വലയാകാര ഗ്രഹണമെന്നാൽ സൂര്യന്റെ മദ്ധ്യഭാഗം കറുത്തതായി കാണം അതിൻ ചുറ്റും പ്രകാശം ഒരു വലയം പോലെ ജ്വലിച്ചു നിൽക്കും. സമ്പൂർണ്ണം സൂര്യഗ്രഹണത്തിൽ സൂര്യൻ പൂർണ്ണമായും മറക്കപ്പെടും. വലയാകാര സമ്പൂർണ്ണ സൂര്യഗ്രഹണം എന്നാൽ ഈ പദം സൂചിപ്പിക്കുന്നത് പോലെ വലയാകാരത്തിന്നും സമ്പൂർണ്ണതക്കും മദ്ധ്യേയുള്ള ഗ്രഹണമാണ്. അതായത് ഇത്തരം ഗ്രഹണങ്ങളിൽ ചന്ദ്രന്റെ നിഴലിന്റെ ശീർഷ ബിന്ദു (Vertex) ഭൂമിയിൽ തൊട്ടുനിൽക്കുന്ന മേൽ വിവരിച്ച നാല് ഗ്രഹണങ്ങളിൽ വെച്ച് വലയാകാര സമ്പൂർണ്ണ സൂര്യഗ്രഹണം വളരെ അപൂർവ്വമാണ്. പ്രൊഫ. മിച്ചൽ കഴിഞ്ഞ കാലത്ത് സംഭവിച്ച ഗ്രഹണങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ഒരു നൂറ്റാണ്ടിൽ ഏകദേശം 237 ഗ്രഹണങ്ങളാണ് സംഭവിക്കുക. അതിൽ പത്തെണ്ണം മാത്രമേ വലയാകാര സമ്പൂർണ്ണ (Annular Totel) ആകാറുള്ളൂ. ഹിജ്റ വർഷം 1311 ലെ റമദാൻ 28ന് സംഭവിച്ച സൂര്യഗ്രഹണം ഇത്തരത്തിലുള്ള വലയാകാര സമ്പൂർണ്ണ ഗ്രഹണമാണ്. ഇത് സാധാരണ സംഭവിക്കുന്ന മറ്റു ഗ്രഹണങ്ങളിൽ നിന്ന് വാഗ്ദത്ത മസീഹിന്ന് അടയാളമായി സംഭവിച്ച ഗ്രഹണത്തെ വേർതിരിച്ചു നിർത്തുന്നു.

മറ്റൊരു പ്രത്യേകത ഈ സൂര്യഗ്രഹണങ്ങൾ രണ്ടും ഇന്ത്യയിൽ ദൃശ്യമായിരുന്നു. ചന്ദ്രഗ്രഹണം ഭൂമിയുടെ ഒരർദ്ധ ഗോളം മുഴുവൻ ദൃശ്യമാവുന്നതാണ്. എന്നാൽ സൂര്യഗ്രഹണം ചന്ദ്രഗ്രഹണത്തെ അപേക്ഷിച്ച് ചുരുങ്ങിയ മേഖലയിൽ മാത്രമേ ദൃശ്യമാവു

കയുള്ളൂ. സൂര്യഗ്രഹണം ചിലപ്പോൾ ജനസാന്ദ്രത കുറഞ്ഞ പ്രദേശത്തോ സമുദ്ര മേഖലയിലോ ദൃശ്യമാകാറുണ്ട്. എന്നാൽ 1894 ഏപ്രിൽ 6-ാം തീയതി സംഭവിച്ച ഗ്രഹണം ഇന്ത്യയടക്കം ഏഷ്യയിലെ വിശാലമായ ഭൂമേഖലയിൽ കാണപ്പെടുകയുണ്ടായി. പ്രൊഫ. ടി ആർ വോൺ ഒപ്പോൾസർ സംഭവിച്ചു കഴിഞ്ഞതും ഭാവിയിൽ സംഭവിക്കാൻ പോകുന്നതുമായ ഗ്രഹണങ്ങളും ബി. സി 1208 മുതൽ എഡി 2161 വരെയുള്ള കാലയളവിലെ പട്ടിക, ഗ്രഹണത്തിന്റെ സാമാന്യ നിയമങ്ങൾ (Canon of Eclipse) എന്ന പുസ്തകത്തിൽ പ്രതിപാതിച്ചിട്ടുണ്ട്. മേപ്പുകളുടെ സഹായത്തോടെ വ്യക്തമായ ഗ്രഹണ പഥങ്ങൾ അദ്ദേഹം ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപൂർണ്ണം സമ്പൂർണ്ണം വലയാകാരം സമ്പൂർണ്ണ വലയാകാരം എന്നീ രീതിയിൽ ഈ ഗ്രഹണങ്ങളെ വർഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 1894 ഏപ്രിൽ 6-ാം തീയതി (ഹിജ്റ വർഷം 1311 റമദാൻ 28) നടന്ന ഗ്രഹണത്തിന്റെ വിവരണവും ഈ പുസ്തകത്തിലുണ്ട്. 1894 ൽ ലണ്ടനിൽ പ്രസിദ്ധീകരിച്ച നാവിക പഞ്ചാംഗത്തിലും ഈ സൂര്യഗ്രഹണപഥം രേഖപ്പെടുത്തിയിട്ടുണ്ട്. (Nautical Almanac, London 1894)

വാഗ്ദത്ത മസീഹും അനുചര സംഘവും ഈ ഗ്രഹണങ്ങൾ ഖാദിയാനിൽ ദർശിക്കുകയുണ്ടായി. ഈ മഹത്തായ ദൃഷ്ടാന്തം ഈ രാജ്യത്ത് പ്രത്യക്ഷീഭവിച്ചതിന്റെ യാഥാർത്ഥ്യം ജനങ്ങൾ ചിന്തിക്കട്ടെ എന്ന് വാഗ്ദത്ത മസീഹ് (അ) പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം തുടരുന്നു:

അല്ലയോ ദൈവദാസരെ, നിങ്ങൾ ആലോചിക്കുകയും ചിന്തിക്കുകയും ചെയ്യുക. മഹ്ദി അറേബ്യയിലോ സിറിയയിലോ പ്രത്യക്ഷമാവുകയും അദ്ദേഹത്തിന്നുള്ള അടയാളം നമ്മുടെ നാട്ടിൽ പ്രകടമാവുകയും ചെയ്യുക എന്നത് വിഹിതമാണെന്ന് നിങ്ങൾ ധരിക്കുന്നുണ്ടോ?. അടയാളങ്ങൾ സാക്ഷ്യം വഹിക്കേണ്ട വ്യക്തിയിൽ നിന്നും അടയാളങ്ങൾ വേർപ്പെടുത്തുക എന്നത് ദൈവജ്ഞാനത്തിന്ന് ചേർന്നതല്ല. മഹ്ദി പൂർവ്വ ദിക്കിൽ പ്രത്യക്ഷമാകുകയും അടയാളം പശ്ചിമ ദിക്കിൽ പ്രത്യക്ഷമാകുകയും ചെയ്യുക എന്നത് സംഗതമാകുമോ? (നൂറുൽ ഹഖ് ഭാ.2)

ചുരുക്കത്തിൽ നമ്മുടെ പ്രധാന പ്രാണപ്രിയനായ പുണ്യ നബി (സ) ചെയ്തിട്ടുള്ള പ്രവചനം അതിസൂക്ഷ്മമായും മഹിത ശോഭയോടെയും പൂർത്തീകരിക്കപ്പെട്ടു.

***'അനുഗ്രഹ സമ്പൂർണ്ണനായ ദൈവം ഏറ്റവും നല്ലനിലയിൽ സൃഷ്ടിക്കുന്നവനാണ്.' (23:15 വിശുദ്ധ ഖുർആൻ)***

ക്രി വ 17-ാം നൂറ്റാണ്ടിലാണ് സർ ഐസക്ക് ന്യൂട്ടൺ ഭൂമിയുടെ ആകർഷണ തത്വം കണ്ടു പിടിച്ചത്. ഗ്രഹണത്തെ സംബന്ധിച്ച അതിസൂക്ഷ്മമായ ഗണനങ്ങൾ ഈ കണ്ടുപിടുത്തത്തിന്നു മുമ്പ് അസാദ്ധ്യമായിരുന്നു. പക്ഷേ നമ്മുടെ യജമാനനും പ്രവാചക പ്രഭുവുമായ തിരുനബി (സ) സർവ്വജ്ഞനായ ദൈവത്തിൽ നിന്നുണ്ടായ അറിയിപ്പ് പ്രകാരം അതിശയകരമായ ഈ പ്രവചനം അറിയിക്കുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ ആവിർഭാവത്തെ സൂചിപ്പിക്കുന്നതിന്നായി ഇതിനെക്കാൾ വ്യക്തമായ ഒരു ആകാശ ദൃഷ്ടാന്തം മറ്റെന്തുണ്ട് ?

പരിശുദ്ധനായ അല്ലാഹുവിന്നത്രെ സർവ്വ സ്തുതിയും. ഓ നാഥാ! മുഹമ്മദിലും അവിടത്തെ സന്താന പരമ്പരകളിലും നിന്റെ അനുഗ്രഹങ്ങൾ വർഷിക്കേണമേ!

(തുടരും)

---

**പേജ് 14 ൽ നിന്ന് തുടർച്ച**

ലൂയീ പാസ്ചർ 1885 ൽ റാബീസ് വാക്സിൻ കണ്ടു പിടിച്ചതിന് ശേഷം മൈക്രോബയോളജിയിലും വാക്സിനേഷനിലും യൂറോപ്യന്മാരെ തുടർന്ന് തുർക്കിയിലും ചലനങ്ങളുണ്ടായി. ഈ മഹത്തായ കണ്ടുപിടുത്തെ പറ്റി കൂടുതൽ പഠിക്കാൻ ഫ്രാൻസിലേക്ക് തുർക്കിയിലെ വൈദ്യശാസ്ത്ര വിദഗ്ദന്മാരുടെ ഒരു പ്രതിനിധി സംഘത്തെ അയക്കുകയുണ്ടായി. ഈ കണ്ടുപിടുത്തത്തിന്നെതിരെ പ്രൊട്ടസ്റ്റന്റ് കത്തോലിക്കാ സഭകളുടെ പ്രതികരണം വളരെ പ്രതിലോമകരമായിരുന്നു. 'ദൈവത്തിന്റെ ഇച്ഛയെ പരാജയപ്പെടുത്താനുള്ള പിശാചിന്റെ ശ്രമം എന്നാണ്'. ബോസ്റ്റണിൽ മത പുരോഹിതന്മാരും ക്രിസ്തു ഭക്തരായ വൈദ്യന്മാരും ഒരു വാക്സിൽ വിരുദ്ധ സൊസൈറ്റി രൂപീകരിക്കുകയുണ്ടായി. അവരുടെ പ്രഖ്യാപനം ഇങ്ങനെയായിരുന്നു: 'ദൈവനിയമം വാക്സിനെ നിരോധിക്കുന്നു'.

'റാസാദ് ഖാനായ് അമീറെ' (ഇംമ്പീരിയൽ ഒബ്സർവേറ്ററി) 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് പണിതത്. യൂറോപ്യൻ മാതൃകകളെ അവലംബിച്ചാണ് അവ നിർമ്മിച്ചത്. എം. കോംമ്പറി എന്ന ഫ്രഞ്ചുകാരനായിരുന്നു അതിന്റെ ഡയറക്ടർ. ഒരു ഒബ്സർവേറ്ററി എന്നതിനേക്കാൾ കൂടുതലായി അത് ഒരു കാലവസ്ഥാ പഠന കേന്ദ്രം കൂടിയായിരുന്നു.

പതിമൂന്നാം നൂറ്റാണ്ടു വരെ ശാസ്ത്ര ചരിത്രമെഴുതിയ പാശ്ചാത്യ പണ്ഡിതന്മാർ അവരുടെ പുസ്തകങ്ങൾ ഉപസംഹരിച്ചിരുന്നത് ഇസ്ലാമിക രാജ്യങ്ങളിലെ ശാസ്ത്ര പുരോഗതി വിവരിച്ചുകൊണ്ടാണ്. എന്നാൽ ഓട്ടോമൻ തുർക്കിയിൽ ശാസ്ത്രത്തിന്നുണ്ടായ പുനരുജ്ജീവനം അവർ പാടെ അവഗണിക്കുകയുണ്ടായി. ഈ ലേഖനം ഉസ്മാനിയാ സാമ്രാജ്യത്തിനു കീഴിൽ തുർക്കിയിലുണ്ടായ ശാസ്ത്ര മുന്നേറ്റങ്ങൾ രേഖപ്പെടുത്താനുള്ള ഒരു എളിയ ശ്രമമാണ്.

# അബൂഹുറയ്റ (റ)

പ്രവാചകനെ അഗാതമായി സ്നേഹിക്കുകയും അത്ഭുതകരമായ ഓർമ്മ ശക്തിയോടെ  അനുധാനവനം ചെയ്യുകയും  ചെയ്ത അബൂഹുറയ്റ അവധാനതയോടെ നബി വചനങ്ങൾ നിവേദനം ചെയ്ത അനർഘവും അനവദ്യവുമായ വിജ്ഞാന സ്റോതസ്സു കൂടിയാണ്.

**മാലിക്ക് അമീൻ കാക്കനാട്**

ഇസ്‌ലാമിക ചരിത്രത്തിന്റെ തിരുമുറ്റത്ത് ഇസ്‌ലാമിക ജ്ഞാനത്തിന്റെ താര തിളക്കവുമായി പൊട്ടിവീണ കാർത്തിക നക്ഷത്രമാണ് അബൂഹുറയ്റ (റ). പ്രവാചകനായ തിരുമേനിയുടെ പരിശുദ്ധ അധരങ്ങളിൽ നിന്ന് അനർഗളം ഒഴുകിവന്ന വിശുദ്ധ തിരുവചനങ്ങളെ സ്വയം നെഞ്ചിലേറ്റി ഓർമ്മയുടെ അറകളിൽ ഉല്ലേഖനം ചെയ്തുകൊണ്ട്, ശ്രവിക്കാത്ത കാതുകളിലേക്കും അറിയാത്ത ഹൃദയങ്ങളിലേക്കും, എത്താത്ത നാടുകളിലേക്കും പുതുപുത്തൻ തലമുറകളിലേക്കും, ഒരു നിയോഗം പോലെ പകർന്നു കൊടുത്ത മഹാനായ ഒരു സഹാബി വര്യനായിരുന്നു അദ്ദേഹം. പ്രമുഖരും, പ്രശസ്തരുമായ എത്രയോ സഹാബാക്കൾ മുസ്‌ലീം ചരിത്രത്തിന്റെ ത്യാഗസുരഭിലമായ വീഥികളിൽ തിളങ്ങി വിളങ്ങി നിൽക്കുന്നുണ്ട്. പക്ഷെ അവരിൽ നിന്ന് വ്യത്യസ്ഥനായി പ്രവാചകന്റെ മൊഴിമുത്തുകൾ ഏറ്റവുമധികം മന:പാഠമാക്കാനും ഉദ്ധരിക്കാനും നിവേദനം ചെയ്യാനുമുള്ള സൗഭാഗ്യം ലഭിച്ചത് അബൂഹുറയ്റ (റ) ക്കാണ്. പ്രവാചകന്റെ നിഴൽ പോലെ പ്രവാചകനോടൊപ്പം സഹവസിക്കാൻ തീവ്രമായി കൊതിപൂണ്ട ആ ഭക്ത ഹൃദയം അതിനുവേണ്ടി ഭൗതികമായ തന്റെ എല്ലാ കെട്ടുപാടുകളേയും പൊട്ടിച്ചെറിഞ്ഞ് പട്ടിണിയും ദാരിദ്രവും തന്റെ ഉടയാടകളായി സ്വീകരിച്ചു.  അതിൽ അഭിമാനം കൊള്ളുകയും അത് ജീവിതത്തിലുടനീളം അലങ്കാരമായി കൊണ്ടു നടക്കുകയും ചെയ്തു. പ്രവാചക സ്നേഹത്തിൽ മുങ്ങികുളിച്ച ആ ഹൃദയം ഏതു സമയത്തും പ്രവാചകനെ സ്നേഹിക്കുന്നതിലും, സേവിക്കുന്നതിലും സഹായിക്കുന്നതിലും ആനന്ദപുളകിതനായ ആ മഹാത്മാവ് അതൊരു ജീവിതവ്രതമായി ശിരസ്സിലേറ്റി അഭൗമിക സൗഹൃദം, പ്രവാചകൻ ഈ ലോകത്തോട് വിട പറയുന്ന അന്ത്യനിമിഷം വരേയും ഒരു പുഴ പോലെ അനുസ്യൂതം ഒഴികി കൊണ്ടിരുന്നു.

അബൂഹുറയ്റ (റ)യുടെ യഥാർത്ഥ നാമം അബ്ദുശ്ശംസ് എന്നാണ്. അബൂഹറയ്റ(റ) എന്നത് ചെല്ലപേരാണ്. അബൂഹുറയ്റ എന്ന് വിളിക്കപ്പെടാനുള്ള കാരണത്തിനു പിന്നിൽ അദ്ദേഹം അനുവർത്തിച്ചു കൊണ്ടിരുന്ന ചെറുപ്പകാലത്തെ ഒരു ചെറിയ ശീലവുമായി ബന്ധമുണ്ട്. അദ്ദേഹം സദാസമയവും ഒരു കൂട്ടം പൂച്ചകളുമായി നടക്കുകയും അവയുമായി കളിച്ചും, രസിച്ചും, ഉല്ലസിച്ചു നടക്കുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ ഒരു പതിവ് ശീലമായിരുന്നു. പൂച്ച കുട്ടികളോട് അദ്ദേഹം കാണിച്ചിരുന്ന ഈ സ്നേഹവും സൗഹാർദ്ദവും, വാത്സല്യവും ശ്രദ്ധയിൽപ്പെട്ട നാട്ടുകാർ അദ്ദേഹത്തെ പൂച്ചയുടെ പിതാവ് എന്ന് അർത്ഥം വരുന്ന  അബൂഹുറയ്റ എന്ന പേര് വിളിക്കാൻ തുടങ്ങി. ഈ വിളിപേര് ചരിത്രത്തിൽ കരിങ്കല്ലിൽ കൊത്തിവെച്ചത് പോലെ നില നിന്നത് യാദൃശ്ചികമാകാം. കാരണം പ്രവാചകനോട് അദ്ദേഹം വെച്ച് പുലർത്തിയ സ്നേഹബന്ധം പൂച്ചകുട്ടികൾ തന്റെ യജമാനനോട് കാണിക്കുന്ന വിധേയത്വത്തെ സ്മരിക്കുന്ന തരത്തിലായിരുന്നു.

യമൻ ദേശത്തിലെ ദൗസ് ഗോത്രത്തിലായിരുന്നു അബുഹുറയ്റയുടെ ജനനം. പിതാവിന്റെ പേര് ഉമൈമത്ത് എന്നുമാണ്. കൊച്ചു കുട്ടിയായിരുന്നപ്പോൾ തന്നെ അബൂഹുറയ്റയുടെ പിതാവ് ഈ ലോകത്തോട് വിട പറഞ്ഞിരുന്നു. പിന്നെ ഉമ്മയുടെ തണലിലായിരുന്നു അബൂഹുറയ്റയുടെ ജീവിതം.

യമനിൽ വെച്ച് തന്നെ അബൂഹുറയ്റ ഇസ്‌ലാമതം സ്വീകരിച്ചിരുന്നു. ദൗസ് ഗോത്രത്തിലെ തുഫൈലബിനു അംറിൽ (റ) നിന്നാണ് ഇസ്‌ലാമിക സന്ദേശം അദ്ദേഹത്തിന് ലഭിച്ചത്. ദൗസ് ഗോത്രക്കാർ പണ്ടുമുതലെ അറബികളുമായി സഹവർത്തിത്വം ഉണ്ടായിരുന്നു. അതുകൊണ്ട് ദൗസ് ഗോത്രക്കാർ മക്കാകാരുമായി ബന്ധപ്പെടുകയും മക്കയിൽ പോകുകയും ചെയ്യുന്നത് പതിവായിരുന്നു. ഒരിക്കൽ തുഫൈൽ മക്ക നഗരം സന്ദർശിക്കാൻ മക്കയിൽ ചെന്നപ്പോൾ മക്ക

ക്കാരായ ഖുറൈശി നേതാക്കൾ അദ്ദേഹത്തെ സമീപിച്ചുകൊണ്ട് നബി(സ)യെ കാണാൻ ഇടയാകുന്നതിൽ നിന്ന് തടയാൻ ശ്രമിച്ചുകൊണ്ട് തുഫൈലിനോട് പറഞ്ഞു. "ഞങ്ങൾക്കിടയിൽ ഈ മനുഷ്യൻ ഞങ്ങളെ ഐക്യം തകർക്കുകയും ഞങ്ങളിൽ വിഭാഗീയത വളർത്തുകയും ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ മാരണക്കാരുടേത് പോലെയാണ്. അത് പിതാവിനും പുത്രനുമിടയിൽ വേർപിരിവ് ഉണ്ടാക്കുന്നു." ഖുറൈശി നേതാക്കളുടെ ഈ വാക്കുകൾ തുഫൈലിനു മേൽ സ്വാധീനം ചെലുത്തി. ഇത്തരത്തിലുള്ള വ്യക്തിയുമായി സംവദിക്കുന്നതും, സന്ദർശിക്കുന്നതും നല്ലതല്ല എന്ന് തുഫൈൽ ചിന്തിച്ചു. ഖുറൈശി നേതാക്കളുടെ ആവശ്യപ്രകാരം പ്രവാചകനെ കാണാതിരിക്കാൻ തുഫൈൽ ശ്രമിക്കുകയും ചെയ്തു.

പക്ഷെ തുഫൈൽ മക്ക സന്ദർശിക്കുന്നതിനിടയിൽ വിശുദ്ധ കഅബയുടെ ഭാഗത്ത് നിന്ന് അതുവരെ ശ്രവിക്കാത്ത അതിമനോഹരവും ശ്രവ്യസുന്ദരവുമായ വാക്കുകൾ തുഫൈലിന്റെ കർണ്ണ പുടങ്ങളിൽ വന്നു തഴുകി താലോലിച്ചു. അത് അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്വാന്തനത്തിന്റെയും ആനന്ദത്തിന്റെയും ആന്ദോളനങ്ങൾ സൃഷ്ടിച്ചു. ശ്രുതി മനോഹരമായ ആ ശബ്ദം കടന്നു വന്ന ഭാഗത്തേക്ക് തുഫൈൽ ശ്രദ്ധിച്ചു നോക്കി. അവിടെ കഅബയുടെ അരികിൽ പ്രവാചകൻ പരിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ട് നമസ്കരിക്കുകയായിരുന്നു. പ്രവാചകന്റെ ചുണ്ടിൽ നിന്ന് ഒഴുകി വന്ന ഖുർആനിക വചനങ്ങളുടെ വശ്യതയെ അവഗണിച്ചുകൊണ്ട് മുന്നോട്ട് പോകാൻ തുഫൈൽ ശ്രമിച്ചു. പക്ഷെ അപ്പോഴേക്കും തുഫൈലിന്റെ ഹൃദയത്തിൽ ഖുർആനിക സൂക്തങ്ങളുടെ മഹത്വവും ഗാംഭീര്യവും തുലാവർഷത്തിലെ പെരുമഴ പോലെ പെയ്തിയിറങ്ങിയിരുന്നു. അദ്ദേഹം പ്രവാചകന്റെ ചാരത്ത് ചെന്ന് കാര്യങ്ങൾ അന്വേഷിച്ചു. ഖുറൈശികൾ പ്രവാചകനെ കാണുന്നതിൽ നിന്ന് തന്നെ വിലക്കാൻ ശ്രമിച്ച സംഭവം വിശദീകരിച്ചു. ഖുർആൻ സൂക്തം ഓതികേൾപ്പിച്ചുകൊണ്ട് പ്രവാചകൻ തുഫൈലിനോട് ഈ സത്യ ദീനിലേക്ക് കടന്നുവരാൻ ആവശ്യപ്പെട്ടു. അങ്ങനെ തുഫൈൽ പ്രവാചക സമക്ഷം ഇസ്ലാം മതത്തെ കെട്ടിപുണർന്നു. തിരികെ നാട്ടിലെത്തിയ അദ്ദേഹം ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് തന്റെ നാട്ടുകാരേയും ഗോത്രകാരേയും സമീപിച്ചു. പക്ഷെ ആദ്യ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പിതാവും, അബൂഹുറയ്റയും മാത്രമാണ് ഇസ്ലാമിന്റെ പാതയിലേക്ക് കടന്നു വന്ന മഹത്തുക്കൾ.

ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് തന്റെ നാട്ടുകാരേയും ഗോത്രക്കാരേയും സമീപിച്ചു. പക്ഷെ ആദ്യ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പിതാവും, അബൂഹുറയ്റയും മാത്രമാണ് ഇസ്ലാമിന്റെ പാതയിലേക്ക് കടന്നു വന്ന മഹത്തുക്കൾ.

ഇസ്ലാമിലേക്ക്ക്ഷണിച്ചുകൊണ്ട് തുഫൈലും കൂട്ടരും നടത്തിയ പ്രബോധനങ്ങളോട് ദൗസ് ഗോത്രക്കാർ മുഖം തിരിച്ചു നിന്നു. പക്ഷെ പ്രവാചകന്റെ പ്രാർത്ഥനയുടെ അനന്തരഫലമായി ആ ഗോത്രക്കാരിൽ നിന്നും കുറേ കുടുംബങ്ങൾ ഇസ്ലാമിനെ നെഞ്ചോട് ചേർത്ത് വാരി പുണരുകയുണ്ടായി.

തുഫൈൽ (റ) ഒഴികെയുള്ള മറ്റു വ്യക്തികൾ പ്രവാചകനെ നേരിൽ കണ്ടുകൊണ്ടല്ല ഇസ്ലാമിലേക്ക് പ്രവേശിച്ചത്. അതുകൊണ്ട് തുഫൈൽ (റ)ന്റെ നേതൃത്വത്തിൽ ഇസ്ലാംമതം സ്വീകരിച്ച് ദൗസ് ഗോത്രത്തിലെ എല്ലാ കുടുംബാംഗങ്ങളും പ്രവാചകന്റെ പരിശുദ്ധ വദനം നേരിൽ ദർശിക്കാൻ മദീനിയിലേക്ക് പുറപ്പെടുകയുണ്ടായി. പ്രവാചകന്റെ അനുഗ്രഹീത സാന്നിദ്ധ്യം കൊണ്ട് കോൾമിയർ കൊണ്ട മദീന നഗരത്തിൽ അവർ എത്തിചേർന്നപ്പോൾ, പ്രവാചകൻ ഖൈബർ യുദ്ധ ഭൂമിയിൽ ശത്രുക്കളായ യഹൂദികളോട് പോരാടികൊണ്ടിരിക്കുകയായിരുന്നു. എല്ലാവരും ഖൈബർ യുദ്ധരണാങ്കണത്തിലേക്ക് യാത്രയായി.

അബൂഹറയ്റയ(റ) ആദ്യമായി പ്രവാചകനെ കണ്ടുമുട്ടുന്നത് ഖൈബർ യുദ്ധ ഭൂമിയിൽ വെച്ചായിരുന്നു. ഹിജ്റ 7-ാം വർഷത്തിലായിരുന്നു ആ കൂടി കാഴ്ച അന്ന് അബൂഹറയ്റ(റ)ന്റെ പ്രായം 30 വയസ്സായിരുന്നു. മദ്ധ്യാഹനത്തിലെ സൂര്യനെ പോലെ കത്തിജ്വലിക്കുന്ന യുവത്വം.

വിശ്വമഖിലം സന്മാർഗത്തിന്റെ സത്യപാന്ഥാവിലൂടെയും തൗഹീദിന്റെ വീഥിയിലൂടെയും നയിക്കാൻ ആഗതനായ പ്രവാചക പ്രഭുവുമായി സംഗമിച്ച ആ അനുഗ്രഹീത നിമിഷങ്ങൾ അബൂഹഹുറയ്റയുടെ ജീവിതത്തിലെ നാഴിക കല്ലായിരുന്നു. ഇഷ്ടവരനെ പ്രാപിച്ച മണവാട്ടിപ്പെണ്ണിന്റെ മനമായിരുന്നു അപ്പോൾ അബൂഹുറയ്റയുടേത്. യമനിൽ നിന്ന് വന്ന സംഘാംഗങ്ങളിൽ പലരും പ്രവാചകനോട് യാത്ര ചോദിച്ച് യമനിലേക്ക് മടങ്ങിപോയപ്പോൾ അബൂഹുറയ്റ തിരികെ പോകാതെ പ്രവാചകന്റെ പ്രഭാവത്തിൽ മയങ്ങി നിന്നു. സൂര്യ തേജസ് പോലെ പ്രകാശ പൂരിതമായ പ്രവാചകന്റെ അനുഗ്രഹീത സാമിപ്യത്തിൽ നിന്നും വിടച്ചൊല്ലി മടങ്ങാൻ മനസ്സു സമ്മതിച്ചില്ല. പ്രവാചകന്റെ സവിധത്തിൽ പൂന്തോട്ടത്തിലെ പൂമ്പാറ്റകളെപ്പോലെ പാറിപറക്കാനാണ് പ്രവാചക സ്നേഹത്തിൽ മുങ്ങികുളിച്ച അബൂഹുറയ്റയുടെ ഹൃദയം കൊതിച്ചത്.

പ്രവാചകന്റെ പരിശുദ്ധ സാന്നിദ്ധ്യം അനുസ്യൂതം നുകരുന്നതിനു വേണ്ടിയും, ഇസ്ലാമിക ജ്ഞാനങ്ങൾ പ്രവാചകന്റെ മുഖാരവിന്ദത്തിൽ നിന്ന് നേരിട്ട് ഗ്രഹിക്കുന്നതിനു വേണ്ടിയും അബൂഹുറയ്റ ജന്മനാടും ഗോത്രവും കുടുംബവും, സ്വത്തും എല്ലാം ഉപേ

ക്ഷിച്ച് മദീനയിൽ സ്ഥിര താമസമാക്കി. അങ്ങനെ മദീന അബൂഹുയെറ്ക്ക് ജന്മനാട് പോലെയായി. പ്രവാചകന്റെ കാൽസ്പർശമേൽക്കാൻ ഭാഗ്യം കിട്ടിയ മദീനയിലെ ഓരോ മണൽ തരികളും അബൂഹുറയ്റക്ക് ചിരപരിചിതമായി മാറി. പ്രവാചകൻ നടന്നു നീങ്ങിയ വീഥികളിലൂടെ, മണൽ പരപ്പുകളിലൂടെ, യുദ്ധരണാങ്കണങ്ങളിലൂടെ ഈന്തപ്പാന തോട്ടങ്ങളിലൂടെ അബൂഹുറയ്റയും നടന്നു നീങ്ങി. പ്രവാചകനോടുള്ള സ്നേഹം മാത്രമായിരുന്നു. ആ ഹൃദയത്തിൽ തുളുമ്പി നിന്നിരുന്നത്. ഇസ്‌ലാമിക ജ്ഞാനം ആർജിക്കാനുള്ള ജ്ഞാനതൃഷ്ണ അബൂഹുറയ്റയുടെ ഹൃദയത്തിൽ തിളച്ചു മറിഞ്ഞുകൊണ്ടിരിക്കുന്നു. അതിനു വേണ്ടി ദുനിയാവിലെ വർണ്ണ ശബലങ്ങളായ എല്ലാ വർണ്ണപ്പൊലിമകളിൽ നിന്നും അകലം പാലിച്ചുകൊണ്ട് പ്രവാചകനു പിന്നാലെ പ്രവാചകന്റെ കാലടികൾക്കൊപ്പം ആകാശത്തിലെ പറവകളെപ്പോലെ ആത്മീയതയുടെ വിഹായിസ്സിൽ ചിറകടിച്ചു പറക്കുയായിരുന്നു.

പ്രവാചകന്റെ മൊഴിമുത്തുകൾ ഏറ്റവും അധികം റിപ്പോർട്ട് ചെയ്യാൻ ഭാഗ്യം ലഭിച്ചത് അബൂഹുറയ്റക്കാണ് എന്നാൽ ചരിത്ര യാഥാർത്ഥമാണ്. ഇതിന് ഭാഗ്യം ലഭിച്ചത് പ്രവാചകന്റെ (സ) ചെയ്ത പ്രാർത്ഥനയുടെ ഫലമാണെന്ന് അബൂഹുറയ്റ പറയുന്നു. അബൂഹുറയ്റ എന്ന ഞാൻ നബി(സ) തിരുമേനി പറഞ്ഞ കാര്യങ്ങൾ അധികമധികമായി റിപ്പോർട്ട് ചെയ്യുന്നുവെന്ന് നിങ്ങൾ കരുതുന്നു. ഈ കഴിവ് അല്ലാഹു തന്നെയാണ് നൽകിയത്. ഞാനൊരു മിസ്ക്കീനായിരുന്നു. ഞാൻ ആത്മാർത്ഥമായി നബിയുടെ അടുക്കൽ വരുമായിരുന്നു. മുഹാജിറുകൾ ബസാറുകളിൽ തിരക്കിലായിരുന്നു. അൻസാറുകൾ അവരുടെ സമ്പത്തുകളിൽ മുഴുകിയിരുന്നു. ഒരു ദിവസം ഒരു സംഭവം ഉണ്ടായി. ആരാണ് തന്റെ മടിത്തട്ട് നീട്ടാൻ തയ്യാറുള്ളതെന്ന് നബി(സ) തിരുമേനി ചോദിച്ചു. അങ്ങനെ നീട്ടുന്നവൻ എന്നിൽ നിന്ന് കേട്ടതൊന്നും മറക്കുകയില്ലെന്നും നബി(സ) പറഞ്ഞു.

ഇത് കേട്ടയുടനെ ഞാൻ എന്റെ ചാദർ നിലത്തുവിരിച്ചു. നബി(സ)യുടെ സംസാരം തീരുന്നതുവരെ. പിന്നീട ഞാനത് ചുരുട്ടിയെടുത്തു. അതിനു ശേഷം നബി(സ) തിരുമേനിയിൽ നിന്നും കേട്ടതൊന്നും ഞാൻ മറന്നിട്ടില്ല.

പ്രവാചകന്റെ തിരുമൊഴികൾ മറന്നുപോകാതെ വളരേ കൃത്യതയോടെ അതിസൂക്ഷമമായി നിവേദനം ചെയ്യാൻ അബൂഹുറയ്റക്ക് കഴിഞ്ഞതിന്റെ പിന്നിലെ രഹസ്യം പ്രവാചകന്റെ പ്രാർത്ഥനയുടെ അനന്തരഫലമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു വസ്തുതയാണ്. എഴുത്തും വായനയും അറിയാത്ത ആളായിരുന്നു അബൂഹുറയ്റ. അതുകൊണ്ട് കേൾക്കുന്ന കാര്യങ്ങൾ എഴുതിവെച്ച് പഠിക്കാനോ, സൂക്ഷിക്കാനോ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. പക്ഷേ ഒരു പ്രാവശ്യം കേൾക്കുന്ന കാര്യങ്ങൾ ഓർമ്മയിൽ സൂക്ഷിക്കാൻ അബൂഹുറയ്റക്ക് കഴിഞ്ഞിരുന്നു. ഒരിക്കൽ മർവാനുൽ ഹക്കം അബൂഹുറയ്റയുടെ ഓർമ്മ ശക്തി പരീക്ഷിച്ച് ബോധ്യം വരുത്താൻ ശ്രമിക്കുകയുണ്ടായി. അദ്ദേഹം ഒരിക്കൽ അബൂഹുറയ്റയെ വിളിച്ച് ചില വിഷയങ്ങളെ സംബന്ധിച്ച് ചോദിക്കുകയും അബൂഹുറയ്റ അറിയാതെ എഴുതി രേഖപ്പെടുത്തിവെക്കുകയും ചെയ്തു. പിന്നീട് ആ വർഷാവസാനം അദ്ദേഹം അബൂഹുറയ്റയെ വിളിച്ചു വരുത്തി അതേ കാര്യത്തെ കുറിച്ച് ചോദിക്കുകയുണ്ടായി. അതിന് അപ്പോൾ അബൂഹുറയ്റ നൽകിയ മറുപടിയും, നേരത്തെ പറഞ്ഞ ഉത്തരവും തമ്മിൽ ഒരക്ഷരത്തിൽ പോലും വ്യത്യാസം ഉണ്ടായിരുന്നില്ല.

ഒരിക്കൽ നബി(സ) അബൂഹുറയ്റയോട് ചോദിച്ചു സമരാർജിത സ്വത്തുക്കളിൽ നിന്ന് താങ്കളുടെ സുഹൃത്തുക്കൾ ചോദിക്കുന്നതു പോലെ താങ്കൾ ചോദിക്കാത്തതെന്താണ്? അബൂഹുറയ്റ പറഞ്ഞു "അങ്ങയ്ക്ക് അല്ലാഹു അറിയിച്ചു തരുന്നതിൽ നിന്ന് അവിടുന്ന് എനിക്ക് പഠിപ്പിച്ചു തരണമെന്ന് ഞാൻ അങ്ങയോട് ആവശ്യപ്പെടുന്നു." ഈ വാക്കുകൾ ഇസ്‌ലാമിക ജ്ഞാനം ആർജിക്കാനുള്ള അതിരുകളില്ലാത്ത അടങ്ങാത്ത ആർത്തിയാണ് അടയാളപ്പെടുത്തുന്നത്.

ധനം സമ്പാദിക്കുന്നതിനു വേണ്ടി കച്ചവടത്തിന്റെയും കൃഷിയുടെയും പിന്നാലെ പലരും പരക്കം പാഞ്ഞപ്പോൾ അബൂഹുറയ്റ നബി(സ)യുടെ പിന്നാലെ ഇസ്‌ലാമിക ജ്ഞാനം കരസ്ഥമാക്കാനുള്ള തന്ത്രപാടിലായിരുന്നു. വിശപ്പ് ശമിപ്പിക്കാനുള്ള വിഭവങ്ങൾ മാത്രമേ അദ്ദേഹം അന്വേഷിച്ചിരുന്നുള്ളൂ. പലപ്പോഴും അദ്ദേഹം പട്ടിണിയിലും, ദാരിദ്രത്തിലുമാണ് കഴിച്ചുകൂട്ടിയിരുന്നത്. പ്രവാചകന്റെ കൂടെ നടന്ന് പ്രവാചകന്റെ ഇഷ്ട തോഴനായി മാറി മറ്റുള്ളവർക്ക് പഠിപ്പിച്ചു കൊടുക്കുന്നതുമാണ് ഭൗതിക ധനത്തേക്കാളും ഏറ്റവും വലിയ സമ്പത്ത് എന്നാണ് അബൂഹുറയ്റ ചിന്തിച്ചത്.

അബൂഹുറയ്റ പറയുന്നു. "പ്രവാചകനുമായി പിരിയാതിരിക്കുന്നതിനും, തിരുമേനിക്ക് സേവനം ചെയ്യുന്നതിനു വേണ്ടിയും, വിശപ്പടക്കുന്നതിലപ്പുറം സുഭിക്ഷമായി കഴിയാനോ, സമ്പാദിക്കാനോ ആഗ്രഹിച്ചിരുന്നില്ല. കിട്ടുന്ന ഭക്ഷണത്തിൽ തൃപ്തിയടഞ്ഞ് തിരുമേനിയോടൊന്നിച്ച് കഴിഞ്ഞ് കൂടുക. വിശപ്പടക്കാതെ ജീവിതം നിലനിത്താൻ ആർക്കും കഴിയുകയില്ലല്ലോ? ഇസ്‌ലാമിക ജ്ഞാനങ്ങൾ സ്വായത്തമാക്കാൻ ശ്രമിക്കുമ്പോൾ ഭൗതികതയുടെ ആസക്തികൾ കൈവെടിയേണ്ടിവരുമെന്നാണ് അബൂഹുറയ്റയുടെ ജീവിതത്തിലൂടെ തെളിഞ്ഞു വരുന്നത്.

വിനയവും, ലാളിത്യവും, വിശുദ്ധിയും പുലർത്തിയ

ജീവിതമായിരുന്നു അബൂഹുറയ്റ(റ)യുടേത്. ഹിജാസ് ഗവർണരായിരുന്ന മർവാനു ബ്നുൽ ഹക്കീമിന്റെ പ്രതിനിധിയായി മദീനയുടെ ചെങ്കോൽ ഏന്തിയപ്പോഴും അദ്ദേഹം തന്റെ സ്വാതിക വേഷം ഊരിയെറിയാൻ ശ്രമിച്ചില്ല. സാധാരണക്കാരിൽ ഒരാളായി വിനയാന്വിതനായി, ഹൃദയനൈർമല്ല്യത്തോടെ കൂടിയാണ് അധികാര വീഥിയിലൂടെ അദ്ദേഹം കടന്നു പോയത്. അതുപോലെ സത്യം ആരോടും തുറന്നു പറയാനുള്ള ചങ്കൂറ്റവും, ധൈര്യവും അദ്ദേഹം എപ്പോഴും പ്രകടിപ്പിച്ചിരുന്നു. അതിന് ആരുടേങ്കിലും സ്ഥാനങ്ങളോ, പദ്ധവികളോ, അധികാരമോ അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല.

ഒരിക്കൽ മദീനയുടെ ഭരണാധികാരിയായിരുന്ന മർവാനുബ്നുൽ ഹക്കമുമായി ഉണ്ടായ വാക്കുതർക്കം അതിനു ഒരുദാഹരണമാത്രമാണ് പ്രവാചക പൗത്രൻ ഹസ്സൻ(റ) വഫാത്തായപ്പോൾ പ്രവാചകന്റെ ഖബറിന്റെ അടുത്ത് അദ്ദേഹത്തെ കബറടക്കം ചെയ്യുന്നതിന് മർവാൻ എതിർക്കുകയുണ്ടായി. ഈ എതിർപ്പിനെ ചോദ്യം ചെയ്തുകൊണ്ട് അബൂഹുറയ്റ മർവാനുമായി വാക്കുതർക്കം ഉണ്ടായപ്പോൾ ദേഷ്യം വന്ന മർവാൻ അബൂഹുറയ്റയെ ഒതുക്കുവാൻ വേണ്ടി ഇങ്ങനെ പറഞ്ഞു. "പ്രവാചകന്റെ പേരിൽ അബൂഹുറയ്റ ഹദീസുകൾ പെരുപ്പിച്ചിരുന്നു എന്ന് ജനം പറയുന്നു. താങ്കളാണെങ്കിൽ തിരുമേനി(സ)യുടെ വിയോഗത്തിനു അല്പം മുമ്പേ എത്തിയിട്ടുള്ള താനും" ഇതു കേട്ട അബുഹുറയ്റ, മർവാൻ അധികാര ശക്തിയെതെല്ലും കൂസാതെ അതേ നാണ യത്തിൽ തന്നെ തിരിച്ചടിക്കുകയുണ്ടായി. "അതെ ഞാൻ ഹിജ്റ വർഷം ഏഴിൽ നബി(സ)ഖൈബറിലായിരുന്നപ്പോഴാണ് എത്തിയത്. തിരുമേനിയുടെ വിയോഗം വരെ ഞാൻ അദ്ദേഹത്തൊടൊ ന്നിച്ച് കഴിഞ്ഞു കൂടി. അവിടത്തെ സഹധർമ്മിണിമാരുടെ വീടുകളിലും തിരുമേനിയൊടൊന്നിച്ച് ചുറ്റിക്കറങ്ങുക എന്റെ പതിവായിരുന്നു. ഞാൻ നബി (സ)യ്ക്ക് വേണ്ടി സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു. അല്ലാഹുവാണ് സത്യം ഞാൻ ദരിദ്രനായിരുന്നു. ഞാൻ പ്രവാചകനോടൊന്നിച്ച് നമസ്കരിക്കുകയും, ഹജ്ജ് കർമ്മം നിർവ്വഹിക്കുകയും യുദ്ധത്തിൽ ഏർപ്പെടുകയും ചെയ്തു അതിനാൽ അവിടത്തെ ഹദീസുകളെക്കുറിച്ച് മറ്റാരെക്കാലും കൂടുതൽ അറിവ് എനിക്ക് ലഭിച്ചു. ഞാൻ സ്വന്തം ഇഷ്ടമനുസരിച്ചും അനുസരണത്തോടും ഇസ്ലാം സ്വീകരിച്ചു. തിരുമേനി(സ)യെ അത്യാഗാധമായി സ്നേഹിക്കുയും ചെയ്തു. നിങ്ങൾ (മർവാൻ) നബി(സ)യെ സ്വന്തം നാട്ടിൽ നിന്നും ബഹിഷ്കരിച്ചു. അദ്ദേഹത്തേയും അനുചരന്മാരേയും ദ്രോഹിക്കുകയും ചെയ്തു. എന്റെ ഇസ്ലാം ആശ്ലേഷത്തിന് ശേഷമാണ് നിങ്ങൾ ഇസ്ലാം സ്വീകരിച്ച് അതും നിർബന്ധിതാവസ്ഥയിൽ (മക്കാ വിജയം). അതോടെ മർവാൻ തന്റെ സംസാരത്തിൽ ഖേദിക്കുകയും അബൂഹുറയ്റയുടെ കാര്യത്തിൽ സൂക്ഷ്മത പാലിക്കുകയും ചെയ്തു.

അബൂഹുറയ്റ ഒരു ധീരനായ യോദ്ധാവും പോരാളീയും കൂടിയായിരുന്നു. പ്രവാചകനെ കണ്ടുമുട്ടിയ നാൾമുതൽ നടന്ന എല്ലാ യുദ്ധങ്ങളിലും അബൂഹുറയ്റ പങ്കെടുത്തിയിരുന്നു. പ്രവാചകനുമായി സന്ധിച്ച ഖൈബർ യുദ്ധം ഉൾപ്പെടെ അതിനു ശേഷം നടന്ന എല്ലാ യുദ്ധങ്ങളിലെ സംഭവ വികാസങ്ങളും മറ്റും നിവേദനം നടത്താൻ അബൂഹുറയ്റക്ക് ഭാഗ്യം ലഭിച്ചിരുന്നു. ഇസ്ലാമിക വിജയത്തിന്റെ വെന്നിക്കൊടി പാറിച്ചുകൊണ്ട് മക്കയുടെ വീഥികളിലൂടെ നബിയും സഖാക്കളും ജൈത്രയാത്ര നടത്തിയ, ചരിത്രത്തിൽ അതുല്യമായ മക്കാ വിജയത്തിൽ പങ്കാളിയായി കൊണ്ട് ഇസ്ലാമിക വിജയത്തിന്റെ സുന്ദര മുഹൂർത്തങ്ങളും, ഹൃദയസ്പൃക്കായ ഒട്ടനവധി സംഭവങ്ങളും ലോകത്തോട് വിളിച്ചു പറഞ്ഞത് അബൂഹുറയ്റയായിരുന്നു. പ്രവാചക വിയോഗാനന്തരം ഇസ്ലാമിക ലോകത്തിന്റെ ഖലീഫയായി നിയോഗിതനായ അബൂബക്കർ (റ)ന്റെ ഭരണ കാലഘട്ടത്തിൽ ഖിലാഫത്തുമായി ഏറ്റുമുട്ടിയ കലാപകാരികളെ നിയന്ത്രിക്കാനും, അവരുമായി നടന്ന പോരാട്ടത്തിലും അബൂഹുറയ്റ തന്റെതായ പങ്ക് നിർവ്വഹിക്കുകയുണ്ടായി. മൂന്നാം ഖിലാഫത്തിന്റെ കാലത്ത് ഖലീഫയായ ഉസ്മാനെ(റ)തിരെ കലാപകാരികൾ നിർബാധം കാലാപങ്ങൾ അഴിച്ചുവിടുകയും കുപ്രചരണങ്ങൾ പ്രചരിപ്പിക്കുകയും, ഖലീഫയുടെ വീട് ഉപരോധിക്കുകയും ചെയ്തപ്പോൾ അതിനെതിരെ ഖലീഫയുടെ സംരക്ഷണത്തിനായി രംഗത്ത് വരുകയും പോരാടുകയും ചെയ്തു. ധീരനും വീരനുമായ പോരാളിയായിരുന്നു അബൂഹുറയ്റ(റ).

അബൂഹുറയ്റ(റ)ന്റെ മാതാവ് ബിംബാരാധകരായിരുന്നു. ഒരു ദിവസം അബൂഹുറയ്റ (റ) തന്റെ മാതാവിനെ ഇസ്ലാമിലേക്ക് ക്ഷണിച്ചപ്പോൾനബി(സ)യെ കുറിച്ച് താൻ കേൾക്കാനി ഷ്ടപ്പെടുന്നില്ല എന്ന് പറയുകയുണ്ടായി. ഇത് കേട്ട് അബൂഹുറയ്റ(റ) കരഞ്ഞുകൊണ്ട് നബി(സ) തിരുമേനിയുടെ അടുത്ത് എത്തി. നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. അബൂഹുറയ്റ തന്റെ മാതാവിന് ഹിദായത്ത് ലഭിക്കാൻ ദുആ ചെയ്തു. നബി(സ) ദുആ ചെയ്തു. "അല്ലാഹുവേ ഈ ഉമ്മക്ക് ഹിദായത്ത് നല്കണമേ."

തിരുമേനിയുടെ പ്രാർത്ഥന കേട്ട് അബൂഹുറയ്റ(റ) സന്തോഷത്തോടെ വീട്ടിൽ ചെന്നു. ഉമ്മ കതക് അടച്ചിരികുന്നതായി അബൂഹുറയ് കണ്ടു. അബൂഹുറടെ കാലടി ശബ്ദം കേട്ടപ്പോൾ ഉമ്മ അകത്തു നിന്ന് വിളിച്ചു പറഞ്ഞു. അബൂഹുറയറ അവിടെ തന്നെ നിൽക്കുക. വെള്ളം വീഴുന്ന ശബ്ദം കേൾക്കുന്നുണ്ട്. അബൂഹുറയ്റയുടെ ഉമ്മ കുളിച്ച് വസ്ത്രമണിഞ്ഞ് പുതച്ച് പെട്ടെന്ന് വന്ന് കതക് തുറന്നു എന്നിട്ട് പറഞ്ഞു: 'അബൂഹുറയ്റ

(റ) അല്ലാഹു അല്ലാതെ ആരാധന യ്ക്കർഹൻ ആരുമില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അവന്റെ ദാസനും ദൂതനുമാണെന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു." അതുകേട്ട് അബൂഹുറയ്റ തിരിച്ച് നബി(സ)യുടെ അടുക്കൽ ചെന്നു. അപ്പോഴും അബൂഹുറയ്റ തിരിച്ച് കരയുകയായിരുന്നു. സന്തോഷത്തിന്റെ കണ്ണീരായിരുന്നു അത്. അബൂഹുറയ്റ പറഞ്ഞു. അല്ലാഹുവിന്റെ റസൂലെ അങ്ങയുടെ ദുആ സ്വീകരിച്ച് കൊണ്ട് അല്ലാഹുത്തഅല അബൂഹുറയ്റയുടെ ഉമ്മായ്ക്ക് ഹിദായത്ത് നൽകിയിരിക്കുന്നു. അതു കേട്ട നബി(സ) തിരുമേനി അല്ലാഹുവിനെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്തു. എന്നിട്ട് പറഞ്ഞു വളരെ നല്ലത്. അബൂഹുറയ്റ വീണ്ടും ദുആക്ക് വേണ്ടി അപേക്ഷിച്ചു. നബിയെ അല്ലാഹുവിനോട് എനിക്കും എന്റെ മാതാവിനും സത്യവശ്വാസികളായ ആളുകളെ സ്നേഹിതന്മാരാക്കിത്തരാൻ ദുആ ചെയ്താലും. നബി(സ) ദുആ ചെയ്തു അല്ലാഹുവേ നിന്റെ ദാസനായ അബൂഹുറയ്റക്കും അദ്ദേഹത്തിന്റെ മാതാവിനും സത്യവിശ്വാസികളെ സ്നേഹിതരാക്കുകയും ചെയ്യേണമേ. ഇപ്പോൾ നോക്കൂ അബൂഹുറയ്റയെ കണ്ടിട്ടില്ലാത്ത സത്യവിശ്വാസികൾ പോലും അബൂഹുറയ്റയെ കുറിച്ച് കേൾക്കുമ്പോൾ അബൂഹുറയ്റയെ(റ) സ്നേഹിക്കുന്നു.

നബി(സ)യിൽ നിന്ന് ഏറ്റവും അധികം ഹദീസുകൾ നിവേദനം ചെയ്ത ആളെന്ന നിലയിൽ അബൂഹുറയ്റ(റ)ന് ഇസ്ലാമിക സമൂഹത്തിൽ ഉന്നതമായ സ്ഥാനമാണ് ഉള്ളത്. അതുകൊണ്ട് തന്നെ അബൂഹുറയ്റ എവിടെയായിരുന്നാലും അവിടെ ജനങ്ങൾ അദ്ദേഹത്തിനു ചുറ്റും കൂടുക പതിവായിരുന്നു. ആ കൂട്ടത്തിൽ പ്രമുഖരും പ്രശസ്തരും സഹാബക്കളും ഉണ്ടായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അബൂഹുറയ്റ(റ) നബി(സ)യിൽ നിന്ന് മാത്രമല്ല, അബൂബക്കർ(റ), ഉമർ (റ), അബ്ബാസ്(റ), ഉബയ്യുബ്നു കഅബ്(റ) ഉസാമത്ത്ബ്നു സൈദ്(റ), ആയിശ(റ), എന്നിവരിൽ നിന്നും ഹദീസുകൾ നിവേദനം ചെയ്തിട്ടുണ്ട്.

നിർഭാഗ്യവശാൽ അബൂഹുറയ്റയുടെ ഈ സൽപേരിനെ ചൂഷണം ചെയ്തുകൊണ്ട് ചില ദുശക്തികൾ സ്വാർത്ഥ താൽപര്യത്തിനുവേണ്ടി അബൂഹുറയ്റ(റ)യുടെ പേരിൽ ധാരാളം കള്ള ഹദീസുകൾ പടച്ചു പ്രചരിപ്പിക്കുകയുണ്ടായി. ഈ കള്ള ഹദീസുകൾ കാരണം ചിലർ അബൂഹുറയ്റ(റ)യുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യാനും, ആക്ഷേപിക്കാനും രംഗത്ത് വന്നത് ചരിത്രത്തിനും ദുര്യോഗം മാത്രമാണ്. പക്ഷെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്വാതികരായ പൂർവ്വകാല പണ്ഡിതന്മാരുടെ ഇടപെടൽ മൂലം ത്യാഗപൂർണമായ പരിശ്രമങ്ങളുടെ ഫലമായി നെല്ലും പതിലും വേർതിരിച്ച് അബൂഹുറയ്റ(റ)യുടെ പേരിൽ പ്രചരിപ്പിച്ചിരുന്നു കള്ള ഹദീസുകളെ തള്ളികളയുകയും യാഥാർത്ഥ്യം അബൂഹുറയ്റ നിവേദനം ചെയ്ത സത്യസന്ധമായ ഹദീസുകൾ മാനവ ലോകത്തിന് വഴികാട്ടിയായി സന്മാർഗ വീഥിയിൽ പ്രകാശം ചൊരിഞ്ഞ് പ്രകാശിച്ചു നിൽക്കുന്നു.

പ്രവാചകനോടൊന്നിച്ചു ജീവിച്ച് തിരുമേനിയുടെ ജീവിതത്തിന്റെ വിവിധ വശങ്ങളും അദ്ദേഹത്തിന്റെ വചനങ്ങളും നന്നായി ഗ്രഹിച്ച ആളാണ് അബൂഹുറയ്റ. അതുകൊണ്ട് എല്ലാവരും തന്നെ ഇസ്ലാമിനെ കുറിച്ചുള്ള സംശയങ്ങൾ ചോദിക്കാനും വിധികൾ തേടാനും അബൂഹുറയ്റയെ സമീപിച്ചിരുന്നു. ഉമറുൽ ഫാറൂഖിന്റെ ഖിലാഫത്ത് കാലത്ത് മദീനയുടെയും അതിർവരമ്പുകൾ കടന്ന് ഇറാഖ്, സിറിയ, ഫലസ്തീൻ, ഈജിപ്ത് പോലുള്ള പുതിയ പ്രദേശങ്ങളിലെ ആളുകൾ ഇസ്ലാമിനെ വാരിപുണരുകയുണ്ടായി. ഖുലാഫാ ഉർറാശ്ശിദീങ്ങളുടെ ഖിലാഫത്ത് കാലഘട്ടത്തിനു ശേഷം അധികാരത്തിലേറിയതോടെ ഇസ്ലാമിക സ്വഭാവങ്ങളും രൂപങ്ങളും ചര്യകളും സമൂഹത്തിൽ നിന്നും അപ്രത്യക്ഷമാകാൻ തുടങ്ങി. ഈ ഘട്ടത്തിൽ ഇസ്ലാമിക അദ്ധ്യാപനങ്ങളും പ്രവാചക ചര്യകളും ജനങ്ങളെ മനസ്സിലാക്കി കൊണ്ടുക്കേണ്ടതും യഥാർത്ഥ ഇസ്ലാമിന്റെ മുഖം കാണിച്ചു കൊടുക്കേണ്ടതും ജീവിച്ചിരിക്കുന്ന സഹാബികളുടെ ബാദ്ധ്യതയായി മാറി. ഈ ഉത്തരവാദിത്വം ഏറ്റെടുത്ത സഹാബക്കളിൽ പ്രമുഖനാണ് അബൂഹുറയ്റ(റ) ഈ മഹത്ത് കൃത്യത്തിന്റെ സദ്ഫലങ്ങളാണ് അദ്ദേഹത്തിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഹദീസുകൾ.

പ്രവാചകനോടുള്ള സ്നേഹവും അനുസരണയും ഒരു മുസ്ലിമിനെ സംബന്ധിചേടത്തോളം നിർബന്ധമാണ്. ഇത് ആജ്ഞാപിക്കുന്ന ഒരുപാടു സൂക്തങ്ങൾ വി.ഖുർആനിൽ ഉണ്ട്. **"പറയുക നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നു വെങ്കിൽ എന്നെ (പ്രവാചകനെ) അനുസരിക്കുവീൻ എല്ലങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരുകയും ചെയ്യും. (ആലി ഇംറാൻ 32) പറയുക നിങ്ങൾ അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുവീൻ (ആലിംറാൻ 33)** ഇത്തരം സുക്തങ്ങളുടെ ആത്മാവിനെ തൊട്ടറിഞ്ഞുകൊണ്ട് അബൂഹുറയ്റ പ്രവാചകനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്തു എന്നത് പകൽ പോലെ സത്യമാണ്. പ്രവാചക സ്നേഹത്തിന്റെയും അനുസരണത്തിന്റെയും മികവുറ്റ ഉദാഹരണമാണ് അബൂഹുറയ്റ എന്ന് പറഞ്ഞാൽ അത് അതിശയോക്തിയല്ല.

www.alislam.org

# താവോ മതം

വെളിപാടു മതങ്ങലളിലേത് പോലെയുള്ള ആത്മീയ സരണിയിൽ അവതരിച്ച അല്ലാഹുവിന്റെ മഹാനായ ചൈനീസ് പ്രവാചകനാണ് താവോ മതസ്ഥാപകനായ ഫൂഷി.


## ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

(ഖലീഫത്തുൽ മസീഹ് നാലാമൻ)


ചൈനയിലെ എല്ലാ മതങ്ങളും ജ്ഞാനിയും മഹാനായ ചൈനീസ് പ്രവാചകൻ ഫൂഷി (Fu Hsi)യുടെ പൗരാണികമായ ആത്മീയ മതാനുഭവങ്ങളുടെ സ്രോതസ്സിൽ നിന്ന് രൂപം കൊണ്ടതാണ്. തുടർന്നുള്ള കാലഘട്ടങ്ങളിൽ ധാരാളം ജ്ഞാനികളും ചിന്തകൻമാരും ഫൂഷിയുടെ രചനകളെ ഉപജീവിച്ചുകൊണ്ട് ചിന്തിക്കുകയും അഗാധമായ പഠനങ്ങൾ നടത്തുകയും ചെയ്തു. അവരുടെ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ചൈനീസ് ജനതക്ക് പുതിയ തത്ത്വജ്ഞാനവും ശാസ്ത്രവും മതവും ധാർമ്മികാദ്ധ്യാപനങ്ങളും അവർ നൽകുകയുണ്ടായി. വാൻ രാജാവും അദ്ദേഹത്തിന്റെ മകൻ ഷേകുംങ്ങും, ലാവോത്സും അവരിൽപ്പെടുന്നു. ഇവരെയെല്ലാം ചൈനീസ് ജനത വളരെ ആദരപൂർവ്വമാണ് എക്കാലവും കണ്ടിരുന്നത്. കൺഫ്യൂഷസിന്റെ സമകാലികനായ ലാവോത്സു (Lao-tzu ക്രി. മു.6-ാം നൂറ്റാണ്ട്) വിന്റെ ജീവിത ദർശനത്തെയാണ് താവോ മതം എന്ന് വിളിക്കുന്നത്.

താവോമതത്തിൽ അനന്ത സത്യം എന്നത് താവോ എന്നറിയപ്പെടുന്ന ഒരു അസ്തിത്വത്തിൽ മൂർത്തീകരിക്കപ്പെടുന്നു. ആ അസ്തിത്വം ഭൗതികം എന്നതിനേക്കാൾ ആത്മീയവും പരിശുദ്ധവുമാണ്. സനാതന ധർമ്മങ്ങളുടെ മൂർത്തീകരണ മാണ് താവോ എന്ന് നിർവ്വചിക്കാൻ സാധിക്കും. ഇസ്ലാമിലും മറ്റു വെളിപാടു മതങ്ങളിലും വിവരിച്ചിട്ടുള്ള ദൈവിക ഗുണങ്ങളുടെ സംക്ഷിപ്ത രൂപമാണ് അവ. സത്യത്തിന് (താവോ) സമ്പൂർണ്ണമായി സമർപ്പിക്കാനും താവോക്ക് അനുഗുണമായി സ്വയം ചിട്ടപ്പെടുത്താനും താവോമതം മനുഷ്യനെ പഠിപ്പിക്കുന്നു. താവോ ഒരു മാതൃകയാണ്. താവോയിസംഎന്നത് ആ മാതൃകയുടെ സാമീപ്യം പ്രാപിക്കാനുള്ള വഴിയാണ്.

മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെ പറ്റി പ്രതിപാദിച്ചു കൊണ്ട് ഖുർആൻ പറയുന്നതും ഇത് തന്നെയാണ്.

അല്ലാഹുവിന്റെ വർണ്ണം! അല്ലാഹുവിനെക്കാൾ മനോഹരമായ വർണ്ണത്തിലുള്ളവൻ മറ്റാരുണ്ട്? അവനെ മാത്രം ഞങ്ങൾ ആരാധിക്കുന്നു.

ഇസ്ലാമിൽ ദൈവത്തെ വിവരിക്കുന്നതും പരിചയപ്പെടുന്നതും അവന്റെ ഗുണങ്ങളിലൂടെയാണ്. ജീവിതത്തെ ഈ ദൈവിക ഗുണങ്ങൾക്കനുസരിച്ച് ചിട്ടപ്പെടുത്തിയെടുക്കലാണ് മുസ്ലിംകളുടെ ലക്ഷ്യം. ലാവോത്സു (Lao-Tzu)സമർപ്പിക്കുന്ന താവോയെ സംബന്ധിച്ച വിവരണം ദൈവത്തെ പറ്റി ഖുർആൻ സമർപ്പിച്ച ഗുണങ്ങൾക്ക് സമാനമാണ്. അദ്ദേഹം എഴുതുന്നു:

മഹാനായ താവോ വിശാലനാകുന്നു. അവൻ വലത് ഭാഗത്തും ഇടത് ഭാഗത്തുമുണ്ട്. എല്ലാ ജീവജാലങ്ങളും അവനെ ആശ്രയിച്ചു കഴിയുന്നു. അതിന്റെ പരിപാലനം അവനെ തളർത്തുന്നില്ല. സൃഷ്ടികളെ യാതൊരു പ്രതിഫലവും ആഗ്രഹിക്കാതെ പൂർണ്ണതയിലെത്തിക്കുന്ന അവൻ തന്റെ സൃഷ്ടികൾക്ക് എല്ലാം നൽകുന്നു. പക്ഷേ അവന് സ്വന്തമായി ഒന്നും ആവശ്യമില്ല. അതിനാൽ അവൻ ചെറിയവനാണെന്ന് കരുതപ്പെട്ടേക്കാം. എല്ലാ സൃഷ്ടികളും അവരുടെ ആവശ്യങ്ങൾക്ക് വേണ്ടി അവന്റെ നേർക്ക് തിരിയുന്നു. എന്നിട്ടും അവൻ തനിക്ക് വേണ്ടി ഒന്നും കരുതി വെക്കുന്നില്ല. ഈ വിധത്തിൽ അവൻ പരമോന്നതൻ എന്ന് വിളിക്കപ്പെടുന്നു. അവൻ സ്വയം വലിയവനാണെന്ന് കരുതുന്നില്ല. ഈ കാരണത്താൽ അവൻ യഥാർത്ഥത്തിൽ വലിയവനാണ്.

മറ്റൊരു സ്ഥലത്തുള്ള വിവരണം ഇപ്രകാരമാണ്:

അവനെ അന്വേഷിക്കാം. പക്ഷേ, അവൻ ദൃശ്യനാവില്ല. അത്തരത്തിലുള്ള ഒരസ്തിത്വം വർണ്ണ രഹിതമായിരിക്കാം. ശ്രദ്ധിക്കാൻ സാധിച്ചേക്കാം. പക്ഷേ, ഗ്രഹിക്കാൻ സാധ്യമല്ല. അത്തരത്തിലുള്ളതിനെ മറക്കപ്പെട്ടത് എന്ന് പറയുന്നു. ഈ മൂന്ന് ഗുണങ്ങളുമായും പരമമായ സ്രോതസ്സിനെ ഗ്രഹിക്കാൻ ആരാലും സാധ്യമല്ല. ഈ ഗുണങ്ങൾ ഒരസ്തിത്വത്തിൽ കാണപ്പെടുന്നു. അത് പ്രകാശിക്കുന്നതല്ല. എങ്കിലും അവന് മുന്നിൽ അന്ധകാരമില്ല. അനന്തമാകയാൽ അവനെ

വിവരിക്കുക സാധ്യമല്ല. അവന്റെ എല്ലാ രൂപങ്ങളും ഒന്നുമില്ലായ്മയിലേക്ക് മടങ്ങുന്നു.അതിനാൽ നാം അവനെ രൂപരഹിതൻ എന്ന് വിളിക്കുന്നു. രൂപമില്ലാത്തതാണ് അവന്റെ പ്രതിരൂപം. അവൻ ഗ്രാഹ്യതക്കതീതനാണ്. (അവൻ അപൂർവ്വ വസ്തുവാണ്). അവന്റെ ആദിയിൽ എത്താൻ ശ്രമിക്കുക. അവന്റെ ആദി കണ്ടെത്താൻ സാധ്യമല്ല. അന്ത്യം അവനിൽ കണ്ടെത്താൻ ശ്രമിച്ചാൽ അവനിൽ അന്ത്യവും കണ്ടെത്താൻ സാധ്യമല്ല. അതുകൊണ്ട് പുരാതനമായ മാർഗ്ഗം പിന്തുടരുക നിങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ നന്നാക്കി തീർക്കുക.

മറ്റൊരു വചനത്തിൽ താവോയുടെ വിവരണം താഴെ വിവരിച്ചത് പ്രകാരമാണ്:

അവൻ അവിഭാജ്യനാണ്. അവന്റെ യഥാർത്ഥ പ്രകൃതി ഗ്രഹിക്കാൻ സാധ്യമല്ല. എല്ലാ സൃഷ്ടികളും അവനിൽ നിന്ന് ആരംഭിക്കുന്നു. ആകാശവും ഭൂമിയും സൃഷ്ടിക്കപ്പെടുന്നതിനു മുമ്പേ അവൻ നിലനിൽക്കുന്നു. അവൻ ഒരുവനാണ് രൂപവും ശബ്ദവും ഇല്ലാത്ത ഒരേയൊരുവൻ. യാതൊരു ആശ്രയവും കൂടാതെ അവൻ നിലനിൽക്കുന്നു. അവനിൽ യാതൊരു മാറ്റവും ഇല്ല. അവൻ നിത്യമായ ചലനത്തിലാണ്. അവൻ ഒരിക്കലും തളരുന്നില്ല. അവനെ പ്രപഞ്ചത്തിന്റെ പിതാവെന്ന് വിളിക്കാം.

മേൽ വചനങ്ങളിൽ വിവരിച്ച താവോവിനെക്കുറിച്ചുള്ള വിവരണങ്ങൾ വിവിധ ഖുർആനിക വചനങ്ങളിൽ നമുക്ക് കാണാം. വിശുദ്ധ ഖുർആനിൽ പ്രതിപാദിച്ച ദൈവത്തിന്റെ പ്രതിരൂപം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകൻ ഹദ്റത്ത് അഹ്മദ്(അ) സംഗ്രഹിച്ച് പറഞ്ഞത് ഇപ്രകാരമാണ്.

അവൻ അടുത്തവനാണ് എങ്കിലും അകന്നവനാണ്. വിദൂരസ്ഥനാണ് എങ്കിലും സമീപസ്ഥനാണ്...... അവൻ ഉന്നതരിൽ ഉന്നതനാണ്. എന്നാൽ, അവന് കീഴെ വളരെ അകലത്ത് പോലും ആരെങ്കിലുമുണ്ടെന്ന് പറയാൻ സാധ്യമല്ല. അവൻ ആകാശത്താണ്. പക്ഷേ, ഭൂമിയിൽ അവൻ ഇല്ല എന്ന് പറയാനും സാധ്യമല്ല. എല്ലാ സമ്പൂർണ്ണമായ ഗുണങ്ങളുടേയും സമന്വയം അവനിലുണ്ട്. യഥാർത്ഥ സ്തുതിക്കർഹമായ ഗുണങ്ങൾ അവനിൽ പ്രതിബിംബിക്കുന്നു.

ചൈനീസ് തത്ത്വശാസ്ത്രത്തിന് മതത്തിൽ വേരുകളുണ്ടെന്ന കാര്യം പ്രസക്തമാണ്. പക്ഷേ, കാലാന്തരത്തിൽ അതിന്റെ മതപരമായ ഉത്ഭവത്തെപറ്റി അവ്യക്തതകൾ ഉടലെടുത്തു. അതിന്റെ അനുയായികൾ തത്ത്വങ്ങളിൽ മാത്രം ഒട്ടി നിന്നു. പുരാതനകാലത്ത് പുഷ്ടിപ്പെട്ടിരുന്ന അതിന്റെ പ്രഭവ കേന്ദ്രവുമായി നേരിട്ടു ബന്ധം സ്ഥാപിക്കുക എന്നത് അനാവശ്യമായി അവർ കരുതി. തുടർന്ന് ദൈവത്തിന്റെ പ്രതിരൂപം ക്രമേണ നിർവ്യക്തീകരിക്കപ്പെടുകയും താവോ മതത്തിന്റെ അനുയായികൾ സജീവമായ പരമോന്നത ബോധം എന്ന നിലക്ക് ദൈവവുമായുള്ള വ്യക്തിഗത ബന്ധം വളർത്തിയെടുക്കുന്നത് അവസാനിപ്പിക്കുകയും ചെയ്തു.

രുക്കത്തിൽ കൺഫ്യൂഷസ് മതം പോലെ അനന്ത സത്യമാകുന്ന ഒരു സജീവനായ വൈയക്തിക ദൈവത്തിൽ താവോ മതവും അതിന്റെ തുടക്കത്തിൽ വിശ്വസിച്ചിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല. താവോയിസത്തിന്റെയും കൺ ഫ്യൂഷനിസത്തിന്റേയും ആധികാരിക ഗ്രന്ഥങ്ങളിൽ താവോവിനെക്കുറിച്ച് ഒരു ബുദ്ധിപരമായ ധാരണ സൃഷ്ടിക്കാൻ പര്യാപ്തമായിരുന്നില്ല. ജീവിതത്തിന്റെ പരമ ലക്ഷ്യം താവോവിന്റെ സങ്കൽപമനുസരിച്ച് സ്വഭാവവും പ്രവർത്തിയും രൂപപ്പെടുത്തലായിരുന്നു.

എന്നിരുന്നാലും മുകളിൽ ഉദ്ധരിച്ച താവോ മതത്തിന്റെ ആധികാരിക ഗ്രന്ഥങ്ങളിൽ ധിഷണാശാലിയായ അനശ്വരനായ സ്രഷ്ടാവ് എന്ന നിലയിൽ താവോവിലുള്ള വിശ്വാസം കാലക്രമേണ മങ്ങിത്തുടങ്ങി. എങ്കിലും അന്തഃപ്രചോദനം എന്ന പേരിൽ വേഷം മാറിക്കൊണ്ട് വെളിപാടിനെ സംബന്ധിച്ചുള്ള ആശയം ഇപ്പോഴും താവോയിസത്തിൽ നിലനിൽക്കുന്നു. ഒരു ദിവ്യ കേന്ദ്രത്തെപറ്റി പറയാതെ വെളിപാടുകളിൽ നിന്ന് അന്തഃപ്രചോദനത്തിലേക്കുള്ള ഈ പ്രകടമായ മാറ്റം പിൽക്കാലത്തുള്ള ആത്മീയ ചിന്തകരുടെ പ്രവണതയെ സൂചിപ്പിക്കുന്നു. അവരുടെ എഴുത്തുകളിൽ യാതൊ രു വിധത്തിലുള്ള ദിവ്യത്വവും അവശേഷിപ്പിച്ചിട്ടില്ല. അന്തഃപ്രചോദനം എന്നത് അവർക്ക് തികച്ചും ശരീരത്തിനകത്ത് നിന്നുള്ള ഒരു ആഭ്യന്തര പ്രതിഭാസമാണ്. അഗാധമായ ചിന്ത യും ധ്യാനവും കൊണ്ട് സത്യത്തിന്റെ സ്രോതസ്സിലേക്ക് സ്വയം തന്നെ ഒരാൾ ആനയിക്കപ്പെടുമെന്ന് അവർ കരുതുന്നു.

ഒരാളുടെ പ്രകൃതിയിലേക്ക് ആഴ്ന്നിറങ്ങുമ്പോൾ തീർച്ചയായും ആന്തരസത്യങ്ങളുടെ കണ്ടെത്തലിലേക്ക് അത് ആനയിക്കും. പക്ഷേ, താവോയുടെ ആധികാരിക ഗ്രന്ഥങ്ങളിൽ നിന്ന് ഉദ്ധരിച്ച താവോ അനുഭവങ്ങൾ പൂർണ്ണമായും ആന്തരികമായുള്ളതല്ല. ആ അന്തഃപ്രചോദനങ്ങൾക്കെല്ലാം അതിന്റേതായ പരിമിതികളുണ്ട്. അന്തഃപ്രചോദനാനുഭവങ്ങളിലൂടെ കടന്നു പോകുന്ന വ്യക്തിക്ക് അയാളുടെ അനുഭവലോകത്തിനു പുറത്ത് നിൽക്കുന്ന വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളിലേക്ക് നയിക്കുവാൻ സാധ്യമല്ല.

താവോമതത്തിന്റെ അടിസ്ഥാനം ഫൂഷിയുടെ മഹൽ ദർശനങ്ങളാണ്. അന്തഃപ്രചോദനങ്ങളുടെ നിർവ്വചനം എത്രതന്നെ വലിച്ചു നീട്ടിയാലും ആ ദർശനങ്ങളിൽ അവ ആരോപിക്കാൻ സാധ്യമല്ല. പിൽക്കാലത്ത് ഉടലെടുത്ത ഉന്നതവും സങ്കീർണ്ണവുമായ ചൈനീസ് തത്ത്വശാസ്ത്രങ്ങൾക്കും, ശാസ്ത്രങ്ങൾക്കും ജന്മം നൽകിയ ജ്ഞാനങ്ങളുടെ ഉറവിടം ഫൂഷീ ദർശനങ്ങളുടെ വ്യാഖ്യാനങ്ങളാണ്.

**ശേഷം പേജ് 43 ൽ**

# ആദമിന്റെ ഏദൻ തോട്ടം

മനുഷ്യ സമൂഹത്തിന്റെ ആദിമ തലമുറയെ പ്രതിനിധീകരിക്കുന്ന ആദം നബി (അ)യുടെയും പ്രബോധിത ജനതയുടെയും ജിവിതകഥ മാനവ സമൂഹത്തിന്റെ അടിസ്ഥാനാവശ്യങ്ങളെ പൂർത്തീകരിച്ച ആത്മീയ സുരഭിലമായ ഒരു ക്ഷേമസമൂഹത്തിന്റെ ലളിതമാതൃകയുടെ വിവരണമാണ്. ആദം താമസിച്ച ഈ സ്വർഗ്ഗം സസ്യശാമളമായ ഭൂമിയിൽ തന്നെയുള്ള ഒരു പ്രദേശമാണ്. അല്ലാതെ പലോക സ്വർഗ്ഗമല്ല.

മുഹമ്മദ് നജീബ് ഖാൻ വാഴക്കാല

സെമിറ്റിക്ക് മതങ്ങളിൽ ചരിത്രപ്രാധാന്യത്തോടെ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് ആദം (അ) ന്റെ ചരിത്രം. ബൈബിളും, വിശുദ്ധ ഖുർആനും അൽപം ചില മാറ്റങ്ങളോടെയാണെങ്കിലും ആദമിന്റെ സൃഷ്ടിപ്പും, ജീവചരിത്രവും വിവരിക്കുന്നുണ്ട്. ഖുർആൻ വിവരിക്കുന്ന പല ഭാഗങ്ങളും ആശയ സംമ്പുഷ്ടവും, സദൃശ്യ വചനങ്ങളാൽ അലകൃതവുമാണ്. അവ യുക്തി ഭദ്രമായ നിലയിൽ വ്യഖ്യാനിക്കുമ്പോൾ മാത്രമാണ് അതിൽ അടങ്ങിയരിക്കുന്ന വിജ്ഞാന ലോകത്തിന്റെ കവാടങ്ങൾ തുറക്കപെടുന്നത്. ആദം നബി (അ) യുമായി ബന്ധപ്പെട്ടു കിടക്കുന്ന വിശുദ്ധ ഖുർആനിലെ പല സൂക്തങ്ങൾ, വിശ്വാസി സമൂഹങ്ങളിൽ പലപ്പോഴും രസകരവും വിജ്ഞാന പ്രദവുമായ ആശയ സംവാദങ്ങൾക്ക് പ്രമേയങ്ങളാകായിട്ടുണ്ട്. എങ്കിലും, വിശുദ്ധ ഖുർആനിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന പൂർവ്വ കാല പ്രവാചകന്മാരുടെ ചരിത്ര സാക്ഷ്യങ്ങളുടെ വിവരണങ്ങളിൽനിന്നു വർത്തമാനകാല സമൂഹത്തിനു എന്ത് പ്രയോജനമാണുള്ളതെന്ന് ഇനിയും വ്യക്തമാകേണ്ടിയിരിക്കുന്നു. കാരണം അവയെല്ലാം കേവലം ഒരു കഥപോലെ വായിക്കുവാനുള്ളതാണ് എന്ന് നമുക്ക് തീർച്ചയായും പറയാൻ സാധ്യമല്ല. ഗതകാല പ്രവാചകന്മാരുടെ ചരിത്ര സംഭവങ്ങളുമായി ബന്ധപ്പെട്ട വിശുദ്ധ ഖുർആനിലെ ഓരോ വാക്കിലും, വചനത്തിലും വിശ്വാസികൾക്ക് ആത്മീയവും, ധാർമ്മികവുമായ സംസ്കരണത്തിനും അഭിവൃദ്ധിക്കും അതുപോലെ ദൈവീക സാമീപ്യത്തിനും സഹായകമായ ഒരുപാട് ഉപദേശ പാഠങ്ങൾ ഗോപ്യമായ നിലയിൽ ഗൂഢാർത്ഥ വചനങ്ങളിൽ പ്രതിപദിക്കപ്പെട്ടിരിക്കുന്നു. ഇത്തരം സൂക്തങ്ങളുടെ യുക്തിസഹമായ വിശദീകരണങ്ങൾ മാനസികവും ആത്മീയവുമായ ശുദ്ധി പ്രക്രിയയിലൂടെ ദൈവീക സാമിപ്യം കരസ്ഥമാക്കിയ വരിഷ്ഠ വ്യക്തിത്വങ്ങളുടെ മനസ്സിൽ മാത്രമേ വെളിപ്പെടുകയുള്ളു. അറബി ഭാഷയിൽ നൈപുണ്ണ്യം നേടിയതുകൊണ്ട് മാത്രം അത് കരസ്ഥമാവുകയില്ല.വിശുദ്ധ ഖുർആൻ പറയുന്നു, **'ലാ യമസ്സുഹു ഇല്ലൽ മുത്തഹ്വറൂൻ'** അതായത് പരിശുദ്ധന്മാരല്ലാതെ അത് (വിശുദ്ധ ഖുർആൻ) സ്പർശിക്കുകയില്ല.ഇത് വിശുദ്ധ ഖുർആന്റെ സത്യതക്കുള്ള ശക്തമായ ഒരു തെളിവാകുന്നു. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് മങ്ങലേൽക്കുമ്പോൾ ദൈവിക സവിധത്തിൽ നിന്നു വരുന്ന വരിഷ്ഠ വ്യക്തിത്വങ്ങളിലൂടെ അതിന്റെ ആശയ സംരക്ഷണത്തിനുള്ള സംവിധാനങ്ങൾ അല്ലാഹു ഒരുക്കുന്നു. അല്ലാഹുവിൽ നിന്നുള്ള ഈ സംവിധാനം ഇല്ലായിരുന്നെങ്കിൽ പ്രവാചക ചരിത്ര സംഭവങ്ങളെ വ്യാഖ്യാനിച്ചുക്കൊണ്ട് ബൈബിളിന്റെയും മറ്റും പിൻബലത്തോടെ എഴുതപ്പെട്ട അബദ്ധജഡിലമായ വിവരണങ്ങൾ വായിച്ച് വിശ്വാസികളുടെ ആത്മീയത വരണ്ട് പോകുമായിരുന്നു. ഇസ്ലാമിലെ പരിഷ്കൃത വിഭാഗങ്ങളാണെന്നു വാദിക്കുന്നവരുടെ വ്യാഖ്യാനങ്ങളിൽ കാണപ്പെടുന്ന കഥാ രചനാ രീതിയിലൂടെ വിശുദ്ധ ഖുർആന്റെ മഹത്വവും മഹിത സ്ഥാനവും ഇപ്പോഴും അവമതിക്കപെട്ടുക്കൊണ്ടിരിക്കുയാണെന്ന സത്യം തുറന്ന് പറയാതെ വയ്യ.

### വിശുദ്ധ ഖുർആനും അതിന്റെ വ്യാഖ്യാനരീതിയും

വിശുദ്ധ ഖുർആന്റെ ഏതെങ്കിലും ഒരു വാക്കിനോ, വചനത്തിനോ അർത്ഥം നൽകുമ്പോഴോ, അല്ലെങ്കിൽ അത് വ്യാഖ്യാനം ചെയ്യുമ്പോഴോ വിശുദ്ധ ഖുർആന്റെ അടിസ്ഥാന അർത്ഥങ്ങൾക്കും ആശയങ്ങൾ

ക്കും കടക വിരുദ്ധമാകാൻ പാടുള്ള തല്ല. ഈ അടിസ്ഥാന തത്വത്തിൽ നിന്ന് കൊണ്ട് നാം വിശുദ്ധ ഖുർആന്റെ വചനങ്ങൾക്ക് അർത്ഥം നൽകുമ്പോഴും വ്യാഖ്യാനിക്കമ്പോ ഴും മാത്രമേ വിശുദ്ധ ഖുർആന്റെ അത്ഭുതകരമായ ആശയ സമ്പു ഷ്ടത വെളിപ്പെടുകയുള്ളൂ. വിശു ദ്ധ ഖുർആനിൽ രണ്ട് തരത്തിലുള്ള വചനങ്ങൾ ഉണ്ട്. ഒന്ന് ഖണ്ഢി തമായ വചനങ്ങളും, രണ്ട് സദൃശ്യ വചനങ്ങളും. ഖണ്ഢിതമായ വചന ങ്ങൾ വിശുദ്ധ ഖുർആന്റെ അടിത്ത റയാകുകന്നു. ഖണ്ഢിതമായ വചനങ്ങളുടെ അടിത്തറയിൽ നിന്നുകൊണ്ടാണ് സദൃശ്യ വചന ങ്ങൾക്ക് വ്യാഖ്യാനം നൽകേണ്ടത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ സദൃശ്യ വചനങ്ങൾ ഖണ്ഢിതമാ യ വചനങ്ങൾക്കനുസൃതമായിട്ടാ യിരിക്കണം വ്യാഖ്യാനിക്കേണ്ടത്. ഈ തത്വത്തിൽ നിന്ന് വ്യതിചലിച്ചു കൊണ്ട് വിശുദ്ധ ഖുർആനെ വ്യാഖ്യാനിച്ചാൽ ഖുർആനിൽ ഒരുപാട് വൈരുദ്ധ്യങ്ങൾ കണ്ടെ ത്തുന്നതാണ്. എന്നാൽ ഈ ഗ്രന്ഥം അല്ലാഹുവിൽ നിന്ന് അവതരിച്ചതു കൊണ്ട് അതിൽ യാതൊരു വിധ ത്തിലുള്ള വൈരുദ്ധ്യങ്ങളും കണ്ടെ ത്താൻ നിങ്ങൾക്ക് സാധ്യമല്ലയെന്ന് വിശുദ്ധ ഖുർആൻ തന്നെ പറയുന്നു. എന്നാൽ ഈ തത്വത്തെ പരിഗണിക്കാതെയും സൂക്തത്തിൽ പ്രയുക്തമായിട്ടുള്ള വാക്കുകളിൽ ചിന്തിക്കാതെയും വ്യാഖ്യാനിച്ചപ്പോ ഴാണ് പൂർവ്വ വ്യാഖ്യാതാക്കൾ ആദമും അദ്ദേഹത്തിന്റെ അനുയാ യികളും മരണാനന്തരം സജ്ജന ങ്ങൾക്ക് വേണ്ടി തയ്യാറാക്കിയിരിക്കു ന്ന സ്വർഗ്ഗത്തിൽ യഥാർത്ഥത്തിൽ താമസിച്ചിരുന്നതെന്ന തരത്തിൽ വ്യാഖ്യാനിച്ചിട്ടുള്ളത്.

## ആദമിന്റെ സ്വർഗ്ഗം (ജന്നത്ത്)

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

***'ഖുൽനാ യാ ആദമു ഉസ്കു ൻ അൻത്ത വ സൗജുക്കൽ ജന്നത്ത വ ഖുലാ മിൻഹാ റഗദൻ ഹൈസു ശിഅ്ത്തുമാ'*** അർത്ഥം: നാം പറഞ്ഞു, ആദമേ, നീയും നിന്റെ പത്നിയും സ്വർഗ്ഗത്തിൽ വസിച്ചുകൊള്ളുക. അവിടെ നിങ്ങൾ രണ്ട് പേരും ഇച്ഛിക്കുന്നിട ത്തുനിന്നു സുഭിക്ഷമായി ഭക്ഷി ക്കുകയും ചെയ്തുകൊള്ളുക. (അൽ ബക്കറ. 36)

ഈ സൂക്തത്തിൽ പറയുന്ന സ്വർഗ്ഗം എന്നതിനു വിശുദ്ധ ഖുർ ആനിക വ്യാഖ്യാതാക്കൾ പലവിധ ത്തിലുള്ള വ്യാഖ്യനങ്ങൾ നൽകി യിട്ടുണ്ട്. ഭൂരിപക്ഷ വ്യഖ്യാതാക്ക ളുടെയും അഭിപ്രായപ്രകാരം സജ്ജനങ്ങളായിട്ടുള്ളവർ മരണാ നന്തരം എത്തിച്ചേരുന്ന സ്ഥലമായ ആ സ്വർഗ്ഗം തന്നെയാണ് ഈ സൂക്തത്തിലും പ്രതിപാദിച്ചിട്ടുള്ളത് എന്നാണ്. എന്നാൽ മറ്റു ചിലരുടെ അഭിപ്രായ പ്രകാരം ഈ ഭൂമിയിലെ സ്വർഗ്ഗ സമാനമായ സ്ഥലമാണ് ഇതുക്കൊണ്ട് ഉദ്ദേശ്യക്കുന്നത് എന്നാണ്.

ബൈബിൾ ഇപ്രകാരം പറയു ന്നു.

***'അനന്തരം യഹോവയായ ദൈവം കിഴക്കു ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി. (ഉൽപത്തി 2:8)'*** പിന്നെ ഉൽപത്തി 2:14 ൽ പറയുന്നു ഈ തോട്ടത്തെ ദജ്‌ല ഫുറാത്ത് (യൂഫ്രട്ടീസ്-ടൈഗരീസ്) എന്നീ നദികൾ സേചനം ചെയ്തുകൊണ്ട് ആ പ്രദേശത്തെ ചുറ്റുന്നു.

പ്രസ്തുത രണ്ട് നദികളും സേചനം ചെയ്തുക്കൊണ്ടിരിക്കുന്ന ഭൂപ്രദേശം ഇന്നത്തെ ഇറാഖാണ്. ഈ ഭൂപ്രദേശത്തിന്റെ ചുറ്റു ഭാഗങ്ങൾ പുരാവസ്തു ഗവേഷകർ ഉൽഖനനം ചെയ്തപ്പോൾ ആ പ്രദേശം അത്യധികം പുരാതനമായ ഒരു നാഗരീകതയുടെ കളിതൊട്ടി ലായിരുന്നുവെന്ന് തെളിയിക്കുന്ന അനേകം പുരാരേഖകളും വസ്തു ക്കളും കണ്ടെത്തുകയുണ്ടായി. കൂടാതെ നൂഹ്(അ)ന്റെയും, ഇബ്റാ ഹിം(അ)ന്റെയും പ്രബോധന രംഗം വും ഈ ഭൂപ്രദേശം തന്നെയായി രുന്നുവെന്നുള്ളതിനു അനേകം ചരിത്ര രേഖകളും സാക്ഷ്യം വഹിക്കുന്നുണ്ട്. യൂഫ്രട്ടീസ്, ടൈഗരീസ് നദികളുടെ സംഗമ സ്ഥാനത്ത് സ്ഥിതിച്ചെയ്യുന്ന സ്ഥല ങ്ങളിൽ പുരാവസ്ഥു പര്യവേഷകർ നടത്തിയ ഉൽഖനനത്തിൽ നിന്നു കിട്ടിയ വസ്തുക്കൾ കാലഘട്ട നിർണ്ണയം ചെയ്തപ്പേൾ അവക്ക് ഈസാ നബി (അ)യുടെ കാലത്തിനു മുവ്വായിരത്തി അഞ്ഞൂ റ് വർഷങ്ങൾ പഴക്കമുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. മറ്റു ചില ഗവേഷകർ പറയുന്നത് മൂവ്വായി രത്തി അഞ്ഞൂറ് വർഷത്തേക്കാളും പഴക്കമുള്ള ഒരു നാഗരീകതയായി രുന്നു അവിടെയുണ്ടായിരുന്നതെ ന്നാണ്. ഏതായാലും അതിപൗരാ ണികമായ ഒരു നാഗരീകത അവിടെ നിലനിന്നിരുന്നുവെന്നുള്ളതിനു രണ്ട് അഭിപ്രായങ്ങളില്ല. വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ, സമാധാനത്തിന്റെയും,സമൃദ്ധിയുടെയും അടിത്തറയിൽ കെട്ടിപ്പടുത്ത സ്വർഗ്ഗീയ സാമാനമായ ഒരു നാഗരീക ജീവിത വ്യവസ്ഥിതി ആദമിലൂടെ ഈ ഭൂപ്രദേശത്ത് അല്ലാഹു സ്ഥാപിച്ചിരുന്നുവെന്നു മനസ്സിലാകുന്നുണ്ട്.

ആദമിന്റെ പ്രവർത്തന മണ്ഡലം ഈ ഭൂമിയിൽ തന്നെയായിരുന്നു. ഖുർആൻ പറയുന്നു

***'ഇന്നീ ജാഇലുൻ ഫിൽ അർളി ഖലീഫ' (അൽ ബഖറ-31)***

തീർച്ചയായും ഞാൻ ഭൂമിയിൽ ഖലീഫയെ നിയമിക്കാൻ പോവുക യാണ്.

അല്ലാഹു ആദമിനെ അവന്റെ പ്രതിനിധിയാക്കികൊണ്ട് ഭൂമിയി ലേക്കാണ് നിയോഗിച്ചിരുന്നത്. ഭൂമിയിൽ പ്രവർത്തിക്കേണ്ട ഒരാൾ മരണാനന്തരം സജ്ജനങ്ങൾ പ്രവേ ശിക്കേണ്ട സ്വർഗ്ഗത്തിൽ താമസി ച്ചിരുന്നുവെന്നു പറയുന്നത് യുക്തി ക്കും ബുദ്ധിക്കും നിരക്കുന്നതല്ല. സ്വർഗ്ഗത്തിൽ താമസിച്ചുകൊണ്ട് എങ്ങനെയാണ് ഭൂമിയിൽ സംസ് കരണ പ്രചാരണ പരിപാടികൾക്ക് നേതൃത്വം നൽകിയതെന്ന് ചിന്തനീ

യമായ കാര്യമാണ്.

വിശുദ്ധ ഖുആനിൽ സ്വർഗ്ഗത്തെകുറിച്ച് അടിസ്ഥാനപരമായ ഒരു നിർദ്ദേശം, ഒരാൾ സ്വർഗ്ഗത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ പിന്നെ അയാൾ അതിൽ നിന്നു പുറത്താക്കപെടുകയില്ല എന്നാണ്. ഇതു സംബന്ധമായി ഖുർആൻ പറയുന്നു.

***'ലാ യമുസ്സുഹും ഫീഹാ നസ്ബുൻ വമാഹും മിൻഹാ ബിമുഖ്രിജീൻ'***

അവിടെ അവരെ ക്ഷീണം സ്പർശിക്കുകയില്ല. അവർ അവിടെ നിന്ന് പുറത്താക്കപ്പെടുന്നവരുമല്ല. (ഹിജർ-49 )

മരണാനന്തരം സജ്ജനങ്ങൾ സ്വർഗ്ഗത്തിൽ ഭൗതിക ശരീരത്തോടെ പ്രവേശിക്കുകയെന്നത് സംഭവ്യമല്ല. അതുപോലെ തന്നെ അതിൽ ഒരു പ്രാവശ്യം പ്രവേശിച്ചു കഴിഞ്ഞാൽ അവിടെ നിന്ന് പുറത്താക്കപെടുകയുമില്ലയെന്ന് ഈ ഖുർആനിക വചനം വ്യക്തമാക്കിതരുന്നു. എന്നാൽ ഖുർആൻ മറ്റൊരു സൂക്തത്തിൽ ആദമിനെയും അദ്ദേഹത്തിന്റെ ഇണയെയും സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കിയെന്ന് പറയുന്നുണ്ട്. ആയതിനാൽ ആകാശീയമായ സ്വർഗ്ഗമല്ല മറിച്ച് സ്വർഗ്ഗത്തിനു സമാനമായ ഈ ഭൂമിയിൽ തന്നെയുള്ള ഒരു ഭൂപ്രദേശമാകാനെ സാധ്യതയുള്ളു. അതിനെ ആലങ്കാരിക ഭാഷയിൽ ജന്നത്ത് (സ്വർഗ്ഗം)എന്ന് ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നു.

ആദമും അദ്ദേഹത്തിന്റെ ഇണയും താമസിച്ചിരുന്ന സ്വർഗ്ഗത്തിൽ ശൈത്താന്റെയും അവന്റെ സന്താനങ്ങളുടെയും സാന്നിദ്ധ്യമുണ്ടായിരുന്നതായി ഖുർആൻ പറയുന്നു. ഇവർ രണ്ട് പേരും. അതായത് ആദമും ശൈത്താനും സ്വർഗ്ഗത്തിൽ തന്നെയായിരുന്നുവെന്ന് മനസ്സിലാക്കേണ്ടിവരും. ഇത് യുക്തിക്കും ഖുർആന്റെ പാഠങ്ങൾക്കും നിരക്കാത്തകാര്യമാണ്.

നീയും നിന്റെ ഇണയും സ്വർഗ്ഗത്തിൽ പ്രവേശിച്ചുക്കൊള്ളുക എന്ന ഖുർആനിക വചനത്തിൽ നിന്ന് മനസ്സിലാകുന്നത് ആദമും അദ്ദേഹത്തിന്റെ ഇണയും മറ്റെവിടേയോയായിരുന്നു താമസിച്ചിരുന്നതെന്നാണ്. അവിടെ നിന്ന് ദൈവീക വെളിപാട് പ്രകാരം വേറൊരു സഥലത്തേക്ക് മാറി താമസിക്കാൻ അല്ലാഹു ആദമിനോട് നിർദ്ദേശിക്കുകയായിരുന്നു. ആത്മീയ ഭാഷയിൽ ഹിജറത്ത് (പാലായനം)ചെയ്യാൻ ആദമിനോട് അല്ലാഹു കൽപിച്ചതുമായിരിക്കാം.

പ്രസ്തുത സൂക്തത്തിൽ **'റഗദൻ'** എന്ന പദം പ്രയുക്തമായിട്ടുണ്ട്. അതിന്റെ ഭാഷാർത്ഥം ജീവിക്കാൻ വേണ്ട ആവശ്യവസ്തുക്കൾ വളരെ എളുപ്പത്തിൽ സുലഭമായി ലഭിക്കുകയെന്നതാണ്. ഈ വാക്ക് അന്ന് നിലനിന്നിരുന്ന നാഗരീകതയുടെ പ്രത്യേകതയെയാണ് സൂചിപ്പിക്കുന്നത്. ഒരു നാഗരീകതയുടെ പ്രത്യേകതയെന്നു പറയുന്നത് അവിടത്തെ നഗരനിവാസികൾക്ക് ജീവിത സന്ധാരണത്തിനുള്ള ഭക്ഷണ പദാർത്ഥങ്ങൾ സമൃദ്ധമായും, സുലഭമായും ലഭിച്ചുക്കൊണ്ടിരിക്കുകയെന്നതാണ്. ക്ഷേമപൂർണ്ണമായ നാഗരീക വ്യവസ്ഥിതി നിലനിന്നാൽ മാത്രമെ ഭക്ഷണ പദാർത്ഥങ്ങളുടെ ഉത്പാദനവും, സംഭരണവും അതിന്റെ സൂക്ഷിപ്പും യഥോചിതം സാധ്യമാവുകയുള്ളു. ഇതിന്റെ അഭാവത്തിൽ ഒരിക്കലും ഭക്ഷണ പദാർത്ഥങ്ങളുടെ ഉത്പാദനമോ, അതിന്റെ സംഭരണമോ സാധ്യമല്ല. അതുകൊണ്ട് ക്ഷാമാവസ്ഥ നേരിടുമ്പോൾ ജനങ്ങളുടെ ജീവൻ തന്നെ അപായപ്പെടുന്ന അപകടാവസ്ഥകൾ തരണം ചെയ്യേണ്ടിവരുന്നു. ഈ സൂക്തത്തിൽ സമ്പൽ സമൃദ്ധമായ ഒരു നാഗരീക ജീവിതത്തിന്റെ അടിസ്ഥാന പ്രത്യേകതകൾ എടുത്തുപറഞ്ഞിരിക്കുകയാണ്. അതായത് ജനങ്ങൾ ഒരുമിച്ച് ജീവിക്കുകയാണെങ്കിൽ ജീവിതത്തിനു ആവശ്യമായ ഭക്ഷണപദാർത്ഥങ്ങൾ അനായാസം ഉത്പാദിപ്പിക്കാനും, ഭാവിയിൽ സംഭരണികളിൽ സൂക്ഷിക്കുവാനും അങ്ങനെ ക്ഷാമാവസ്ഥ നേരിടുമ്പോൾ അത് ഉപയോഗിക്കുവാനും സാധിക്കുന്നതാണ്. യഥാർത്ഥത്തിൽ ഭൂമിയിലെ സ്വർഗ്ഗം ഇതുതന്നെയാണ്. ഖുർആനിലെ ത്വാഹ അദ്ധ്യായത്തിൽ ആദമിന്റെ സ്വർഗ്ഗസമാനമായ നാഗരീക വ്യവസ്ഥിതിയെ സംബന്ധിച്ച് ഇപ്രകാരം പറയുന്നു.

അപ്പോൾ നാം പറഞ്ഞു: ഓ ആദം, തീർച്ചയായും ഇവൻ (ശൈത്താൻ) നിന്റെയും നിന്റെ ഭാര്യയുടേയും ശത്രുവാണ്. അതുകൊണ്ട് ഇവൻ നിങ്ങൾ രണ്ടുപേരേയും ഈ (സ്വർഗ്ഗത്തി)തോട്ടത്തിൽ നിന്നു പുറത്താക്കാതിരിക്കട്ടെ. അങ്ങനെയാകുന്ന പക്ഷം നീ കഷ്ടപെട്ടുപോകും.

***'ഇന്ന ലക്ക അല്ലാ തജൂഅ ഫീഹാ വലാ തഅ്റാ. വ അന്നക്ക ലാ തള്മഉ ഫീഹാ വലാ തള്ഹാ'*** **അതായത്,തീർച്ചയായും നിനക്ക് അതിൽ (സ്വർഗ്ഗത്തിൽ) വിശക്കേണ്ടതില്ല. നഗ്നനാകേണ്ടതുമില്ല. തീർച്ചയായും നിനക്ക് അതിൽ ദാഹമുണ്ടാവുകയില്ല. വെയിലിന്റെ ഉഷ്ണ മേൽക്കുകയില്ല.**

ഈ സൂക്തത്തിൽ ഒരു വ്യക്തിക്ക് ഈ ലോകത്ത് ജീവിക്കാൻ വേണ്ട അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, വെള്ളം, പാർപ്പിടം എന്നിവയെ പറ്റിയാണ് സൂചന നൽകിയിട്ടുള്ളത്. എന്നാൽ ഈ ആധുനിക യുഗത്തിൽ പുരോഗതിയുടെ കൊടുമുടി കൈയ്യടക്കിയെന്ന് വാദിക്കുന്ന രാജ്യങ്ങൾക്കു പോലും അവരുടെ പ്രജകൾക്ക് ഈ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടില്ലയെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇന്നും എത്ര എത്ര ദരിദ്ര കുടുബങ്ങളാണ് തലചായ്ക്കാൻ വീടുകളില്ലാതെ കാലാവസ്ഥകളുടെ തീഷ്ണതകളെ അതിജീവിച്ച്കൊണ്ട് തെരുവോരങ്ങളിൽ കഴിഞ്ഞുകൂടുന്നത്. ഒരു ഭാഗത്ത് സമ്പത്ത് കുന്നുകൂടുമ്പോൾ എത്രയെത്ര മനുഷ്യരാണ് വയറ് നിറയെ കഴിക്കാൻ ഭക്ഷണമില്ലാതെ മറ്റുള്ളവരുടെ എച്ചിൽ പാത്രങ്ങളെ ആശ്രയിക്കുന്നത്. എന്നാൽ അല്ലാഹുവിന്റെ പ്രവാചക

രാൽ സ്ഥാപിതമാകുന്ന സാമൂഹിക ജീവിത വ്യവസ്ഥിതിയിൽ അടിസ്ഥാന ജീവിത സൗകര്യങ്ങൾ എല്ലാ മനുഷ്യർക്കും ഒരുപോലെ കൈവരുന്നതാണ്.

പ്രവാചകന്മാരാൽ സ്ഥാപിതമാകുന്ന സാമൂഹിക വ്യവസ്ഥിതിയിൽ ധാർമ്മീകവും ആദ്ധ്യാത്മികവുമായ സംസ്കരണത്തോടൊപ്പം ഭൗതിക ജീവിത സംന്തുലിതത്തിനും മുൻഗണ നൽകുന്നുണ്ട്. എന്നാൽ ആദമിന്റെ ചരിത്രത്തിൽ ശൈത്താന്റെ സാന്നിദ്ധ്യത്തെ ഓർമ്മിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു പ്രവാചകന്മാരാൽ സ്ഥാപിതമാകുന്ന സ്വർഗ്ഗ സമാനമായ പുതിയ ജീവിത ക്രമത്തിലും ശൈത്താൻ കടന്നു കയറി അതിനെ നരക തുല്ല്യമാക്കാൻ സാധ്യതയുണ്ട്. വിശ്വാസികളിൽ തന്നെ കപടതയുള്ളവരും, അവിശ്വാസികളും പല മോഹന വാഗ്ദാനങ്ങൾ നൽകി അല്ലാഹുവിൽ നിന്നു കിട്ടിയ യഥാർത്ഥ അദ്ധ്യാപനങ്ങളിൽ നിന്നു വിശ്വാസികളെ വഴിതെറ്റിക്കാൻ സാധ്യതയുണ്ട്. അങ്ങനെ വഴിതെറ്റിയാൾ അല്ലാഹു ആദമിനോട് പറഞ്ഞതുപോലെ നിങ്ങളും അല്ലാഹുവിന്റെ സാമീപ്യത്തിൽ നിന്നു ദൂരപെട്ടുപോകുന്നതു നിമിത്തം സുഖ സമൃദ്ധമായ ജീവിതം നഷ്ടപെട്ടുപോവുകയും തന്നിമിത്തം നിങ്ങൾ കഷ്ടപെട്ടുപോകുകയും ചെയ്യുന്നതാണ്.

ഇസ്‌ലാമിന്റെ ആദ്യ കാലഘട്ടത്തിലും ഈ അദ്ധ്യാപനമനുസരിച്ച് ഭരണ സംവിധാനം ക്രമപ്പെടുത്തിയതിന്റെ ഫലമായി ആ രാജ്യങ്ങളിലെ ഒരു ശിശുവിന്പോലും വിശപ്പും ദാഹവും സഹിക്കേണ്ടിവന്നിരുന്നില്ല. ഖുലഫാഉർറാശിദുകളുടെ കാലവും അതിനു ശേഷവും ഇത് നിലനിന്നിരുന്നു. എന്നാൽ കാലാന്തരേണ ഇസ്‌ലാമിക ധാർമ്മികത അടിസ്ഥാനമാക്കിയുള്ള പൊതു ഭരണ സംവിധാനത്തിൽ അപചയം നിക്ഷിപ്ത താൽപര്യങ്ങളും കടന്നു കൂടി. അതിനെ പുന:സ്ഥാപിക്കാനായി അല്ലാഹു ഹദ്റത്ത് അഹ്മദ് (അ)നെ അയക്കുകയുണ്ടായി. അദ്ദേഹത്തെ അല്ലാഹു ആദമെന്ന നാമത്തിൽ സബോധന ചെയ്തുക്കൊണ്ട് സന്തോഷ വാർത്തകൾ നൽകിയിട്ടുമുണ്ട്. ഇസ്‌ലാമിലൂടെ ലോകത്ത് ആത്മീയതയെയും, ഭൗതികതയെയും സമന്വയിപ്പിച്ച് ക്കൊണ്ട് സ്ഥാപിതമാകേണ്ട ശാശ്വതമായ ഭരണ സംവിധാനത്തിന്റെ അടിത്തറ അദ്ദേഹം ഇടുകയുണ്ടായി. അദ്ദേഹത്തിന്റെ ഗ്രന്ഥമായ അൽ വസിയ്യത്തിൽ ആത്മീയ ഭരണത്തിന്റെ സിരാകേന്ദ്രമായ ഖിലാഫത്ത് ഭരണ വ്യവസ്ഥിതിയെയും, പ്രജകളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന ചിലവുകൾ നികത്തുന്നതിനായിട്ടുള്ള സാമ്പത്തിക സംവിധാനത്തേയും കുറിച്ചും വിശ്വാസികൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ ആഗോള ഭരണ വ്യവസ്ഥിതി സമ്പൂർണ്ണമായ രീതിയിൽ പൂർത്തീകരിക്കപെട്ടുകഴിഞ്ഞാൽ രാജ്യത്തിലെ ഒരു പ്രജക്ക് കിട്ടേണ്ട അടിസ്ഥാന ജീവിത വിഭവങ്ങൾ കൈവരുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ തിരുമനസ്സ് അൽ വസിയ്യത്ത് പദ്ധതിയുടെ സമ്പൂർത്തീകരണത്തിന്റെ ഫലമായി ഉണ്ടാകുന്ന അനുഗ്രഹങ്ങളെ കുറിച്ച് ഇപ്രകാരം പറയുന്നു.

**ഈവസിയ്യത്ത് വ്യവസ്ഥിതി പൂർത്തീകരിക്കപ്പെടുമ്പോൾ അതുമുഖേന ഇസ്‌ലാമിക പ്രചാരണം മാത്രമല്ല നിർവഹിക്കപ്പെടുന്നത് മറിച്ച് ഇസ്‌ലാമിന്റെ ലക്ഷ്യമനുസരിച്ച് ഓരോ വ്യക്തിയുടെയും ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതാണ്. ലോകത്ത് നിന്ന് സർവ്വവിധ ബുദ്ധിമുട്ടുകളും വിഷമങ്ങളും ദൂരീകരിക്കപ്പെടുന്നതാണ്. ഇൻശാ അല്ലാഹു, അനാഥർക്ക് യാചിക്കേണ്ടിവരികയില്ല. വിധവകൾ ആരുടേയും മുന്നിൽ കൈനീട്ടേണ്ടിവരികയോ, ഒരു അത്താണിയുമില്ലാതെ വിഷമിച്ച് അലയേണ്ടിവരികയോ ചെയ്യില്ല. കാരണം ഈ വസിയ്യത്ത് കുട്ടികൾക്ക് മാതാവായിരിക്കും യുവാക്കൾക്ക് പിതാവായിരിക്കും, സ്ത്രീകൾക്ക് ഭർത്താക്കന്മാരുടെ സ്ഥാനത്തായിരിക്കും. സ്നേഹ്ത്തോടും ഹൃദയ സന്തോഷത്തോടും കൂടി യാതൊരു വിധ നിർബന്ധവുമില്ലാതെതന്നെ ഇതുമുഖേന സഹോദരൻ സഹോദരനെ സഹായിക്കുന്നതാണ്. ഇതിന്റെ പ്രതിഫലം ഈ ലോകത്ത് കിട്ടാതെ വരികയില്ല. മറിച്ച് അല്ലാഹുവിൽ നിന്നു എല്ലാ നൽകുന്നവനും ഉത്തമമായ പ്രതിഫലം കൈവരിക്കുന്നതാണ്. പണക്കാരനും പാവപ്പെട്ടവനും നഷ്ടത്തിലാവുകയില്ല. സമൂഹങ്ങൾ പരസ്പ്പരം കലഹിക്കുകയില്ല. മറിച്ച് അതിന്റെ ഔദാര്യ ഗുണം മുഴു ലോകത്തും വ്യാപിച്ചു നിൽക്കുന്നതാണ്.** (നവലോകക്രമം)

വാസ്തവത്തിൽ ആദമിനോടും, അദ്ദേഹത്തിന്റെ അനുചര സംഘത്തോടും സ്ഥിരമായി ജീവിക്കാൻ പറഞ്ഞ പ്രദേശത്ത് ആത്മീയ സംസ്കരണത്തിന്റെയും സമ്പൽ സമൃദ്ധിയുടെയും, ശാന്തിസമാധാനത്തിന്റെയും സ്വർഗ്ഗസമാനമായ അവസ്ഥ അല്ലാഹു അവർക്ക് പ്രദാനം ചെയ്തിരുന്നു. അത് തന്നെയാണ് സ്വർഗ്ഗമെന്നു പറയുന്നത്. എല്ലാ ഇത് മുഖേന ഭാഷാഘടനയുടെ വൈശിഷ്ട്യത്തിന്റെയും നിസ്തുലമായ ദിവ്യാനുഗ്രം മനുഷ്യ സമൂഹത്തിന്റെ ആത്മീയ സുരഭിലമായ ഈ ആദിസമൂഹം ലോകത്തുള്ള എല്ല ജനവർഗ്ഗങ്ങളുടെയും മാതൃകാപരമായ പ്രാഗ് രുപമാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ അഗാതമായ അർത്ഥ ധ്വനിയോടെ ആദി പിതാവിന്റെ ആശയ സമ്പുഷ്ഠമായ ഈ ആദിമ ചരിത്രം വിവരിക്കുന്നത്. വിശ്വാസികൾക്ക് അവരുടെ സാമൂഹിക വ്യവസ്ഥ ശോഭനവും ക്ഷേമ പൂർണ്ണവുമാക്കി തീർക്കാനുള്ള മാതൃകാപരമായ ഒരു സാമുഹിക രൂപരേഖയും ഇതിൽ ഉള്ളടങ്ങിയിരിക്കുന്നു. ഇതുതന്നെയാണ് ആദമിന്റെ ജന്നത്തിനെക്കുറിച്ചുള്ള വിശുദ്ധ ഖുർആൻ വിവരണത്തിന്റെ യഥാർത്ഥ ഉദ്ദേശ്യവും.

ഭാഗം - 31

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### ഹദ്റത്ത് മൗലവി സാഹിബി (റ) ന്റെ ഒരിക്കലും വറ്റാത്ത കാരുണ്യം

ഒരിക്കൽ ബട്ടാലയിലുള്ള ഒരനഹ്മദി മൗലവി സാഹിബിന്റെ അടുക്കൽ വന്നിട്ടു പറഞ്ഞു മൗലവി സാഹിബ് ഇവിടത്തെ ക്രിസ്തീയ പാതിരിമാർ എന്റെ രണ്ടു മക്കളെ ക്രിസ്തു മതത്തിൽ ചേർക്കാനുള്ള ശ്രമത്തിലാണു. അതിനു വേണ്ടി ഈ മക്കളുടെ എല്ലാ ചെലവുകളും അവരാണു വഹിക്കുന്നത്. അതിനാൽ താങ്കൾ ദുആ ചെയ്യണം ഒന്നുകിൽ മക്കൾ ജീവിച്ചിരിക്കരുത്. മരിച്ചു പോകണം. അല്ലെങ്കിൽ അവർ ഇസ്ലാമിൽ തന്നെ ഉറച്ചു നിൽക്കണം. ഹദ്റത്ത് മൗലവി സാഹിബ് ആ രണ്ടു കുട്ടികളുടേയും സംരക്ഷണം ഏറ്റെടുത്തുകൊണ്ട് അവർ രണ്ടു പേർക്കും ചെലവിനു കൊടുക്കാനും അവരെ ഉപദേശിക്കാനും തുടങ്ങി. അങ്ങനെ അവർ മുർത്തദ്ദ് ആകുന്നതിൽ നിന്നും രക്ഷപ്പെടുകയും മുസ്ലിംകളായി തന്നെ ജീവിതം തുടരുകയും ചെയ്തു.

ഒരിക്കൽ അമൃത്സറിലുള്ള ഒരു സ്ത്രീ ഗർഭാശയ സംബന്ധമായ അസുഖത്താൽ വളരെയധികം വിഷമത്തിലായിരുന്നു. ചികിത്സാർഥം മൗലവി സാഹിബിനെ വിളിച്ചു കൊണ്ടുപോകാനായി കുതിരവണ്ടിയിൽ അവരുടെ ബന്ധുക്കൾ ഖാദിയാനിൽ വന്നു. പല ഡോക്ടർമാർ തങ്ങളാലാവുന്ന എല്ലാ ശ്രമങ്ങളും നടത്തി നോക്കിയെങ്കിലും അൽപം പോലും രോഗത്തിനു ശമനമുണ്ടായില്ലെന്നും ഗർഭപാത്രത്തിൽ നല്ല പഴുപ്പുണ്ടെന്നും അതികഠിനമായ വേദനയും രക്തസ്രാവവും കാരണം രോഗിയുടെ അവസ്ഥ ഉൽകണ്ഠാകുലമായിരിക്കുകയാണെന്നും ബന്ധുക്കൾ മൗലവി സാഹിബിനെ അറിയിച്ചു. ഹദ്റത്ത് മസീഹ് മൗഊദിന്റെ അനുവാദത്തോടെ മൗലവി സാഹിബ് അവരോടൊപ്പം അമൃത്സറിലേയ്ക്കു പുറപ്പെട്ടു. കുതിര വണ്ടിയിൽ കയറിയതു മുതൽ മൗലവി സാഹിബ് രോഗിക്കു വേണ്ടി ദുആ ചെയ്യാൻ തുടങ്ങി. അല്ലാഹുവിനോടു വളരെ ദയനീയമായി ദുആ ചെയ്തു കൊണ്ട് മൗലവി സാഹിബ് പറഞ്ഞു അല്ലാഹുവേ വലിയ വലിയ ഡോക്ടർമാർ ഈ രോഗിയെ ചികിത്സിച്ചിരുന്നുവെന്നും ഒരു ഫലവുമുണ്ടായില്ല എന്നുമാണവർ പറയുന്നത്. ആ നിലയ്ക്കു നിന്റെ സഹായവും അനുഗ്രഹവുമില്ലാതെ നിസ്സാരനായ ഈ നൂറുദ്ദീനു എന്തു ചെയ്യാൻ സാധിക്കും. നൂറുദ്ദീനു ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് നീ എന്നെ സഹായിക്കേണമേ രോഗിക്കു ശിഫാ നൽകേണമേ. അല്ലാഹു മൗലവി സാഹിബിന്റെ ദുആ സ്വീകരിച്ചു. മൗലവി സാഹിബ് രോഗിയെ പരിശോധിച്ചു മരുന്നു നൽകി. താമസിയാതെ തന്നെ രോഗി സുഖം പ്രാപിക്കാൻ തുടങ്ങി.

ഒരിക്കൽ ഇനി ചികിത്സയില്ലെന്നു ഡോക്ടർമാർ വിധിയെഴുതിയ ഒരു ക്ഷയരോഗി ചികിത്സതേടി മൗലവി സാഹിബിന്റെ അടുക്കൽ വന്നു. അയാളുടെ ശാരീരികാവസ്ഥ വളരെ മോശമായിരുന്നു. മൗലവിസാഹിബ് അയാളോടു പിറ്റേ ദിവസം വന്നു കാണാൻ പറഞ്ഞു. അന്നു തഹജ്ജുദിൽ അയാൾക്കു വേണ്ടി മൗലവിസാഹിബ് പ്രത്യേകമായി ദുആ ചെയ്തു. അപ്പോൾ അല്ലാഹുവിൽ നിന്നും ആ രോഗിയുടെ ആരോഗ്യത്തെകുറിച്ചുള്ള സന്തോഷ വാർത്ത ലഭിക്കുകയുണ്ടായി. പിന്നീട് ഹുസൂർ അയാളെ ചികിത്സിക്കാൻ തുടങ്ങി ഏതാനും ദിവസത്തെ ചികിത്സ കൊണ്ട്

തന്നെ അയാൾക്കു രോഗശമനം ലഭിക്കാൻ തുടങ്ങി.

ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണു ചികിത്സയിലിരിക്കുന്ന രോഗികളിൽ ചിലർ വന്നിട്ടു പറയും താങ്കൾ നൽകിയ മരുന്നു കൊണ്ട് എന്റെ അസുഖത്തിനു നല്ല വ്യത്യാസമുണ്ട്. ചിലർ പറയും ഒരു സുഖവുമില്ല. ആദ്യം പറഞ്ഞവരുടെ വാക്കുകൾ എന്നെ ഒരിക്കലും സന്തോഷിപ്പിക്കാറില്ല. രണ്ടാമത്തെ കൂട്ടരുടെ വാക്കുകൾ എന്നെ ഒട്ടും ചൊടിപ്പിക്കാറുമില്ല. കാരണം എന്റെ ജോലി മരുന്നു നിർദേശിക്കുകയെന്നതു മാത്രമാണു. രോഗ ശമനം നൽകുന്നതും നൽകാതിരിക്കുന്നതും അല്ലാഹു ഒരുവൻ മാത്രമാണ്.

ഒരിക്കൽ ഒരാൾ 300 രൂപ ആവശ്യപ്പെട്ടു മൗലവിസാഹിബിനു കത്തയച്ചു. ഹുസൂർ അതിനു മറുപടിയായി അയാൾക്കു ഒരു ദുആ എഴുതി അയച്ചു കൊടുത്തു. എന്നിട്ട് ഇപ്പോൾ ഈ ധനം മാത്രമേ എന്റെ പക്കൽ ഉള്ളുവെന്നു അറിയിക്കുകയും ചെയ്തു. അല്ലാഹുവിന്റെ പടിവാതിലിൽ ക്ഷമയോടും സ്ഥിരചിത്തയോടും കൂടി ഇരുന്നു യാചിച്ചാൽ നേടാൻ സാധിക്കാത്തതൊന്നും തന്നെയില്ലെന്നു മൗലവി സാഹിബ് എപ്പോഴും എല്ലാവരേയും ഉപദേശിക്കുമായിരുന്നു.

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) ജീവിതത്തിന്റെ എല്ലാ തുറയിലും സമസ്ത മേഖലയിലും ദുആക്കു വളരെ പ്രാധാന്യം കൽപിക്കാറുണ്ടായിരുന്നു. ദുആയുടെ ശക്തിയെ ഏറ്റവും വലിയ ശക്തിയായി കരുതിയിരുന്നു. മനുഷ്യർ ദുആ ചെയ്യുന്ന സ്വഭാവം തങ്ങളിൽ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ചും അതിലൂടെ വിജയങ്ങളുടെ കവാടങ്ങൾ തുറക്കപ്പെടുമെന്നും ഹുസൂർ എപ്പോഴും ഉപദേശിക്കുമായിരുന്നു. എല്ലാ രോഗങ്ങളുടെ ശമനവും വിഷമങ്ങളെതടയുന്നതും ദുരിതങ്ങളെ അകറ്റുന്നതും ദുആയാണെന്നു മനസ്സിലാക്കാത്തവർ കാലത്തിന്റെ ഇമാമിനെ പ്രാപിക്കാത്തവരാണെന്നും പറയുമായിരുന്നു. എന്നിട്ടു പറഞ്ഞു ഞാൻ ഒരു കാര്യത്തിലും പരിഭ്രമിക്കാറില്ല. കാരണം എന്റെ പക്കൽ ദുആ എന്ന ആയുധമുണ്ട്. നിങ്ങളുടെ പക്കലും ഈ ആയുധമുണ്ട്. നിങ്ങളും അതു തിരിച്ചറിയണം. ഹുസൂർ പല പല ഘട്ടങ്ങളിൽ വിവിധ പരീക്ഷണങ്ങളിലൂടെ കടന്നു പോയിട്ടുണ്ട്. ജോലി നഷ്ടപ്പെട്ടു. സംസ്ഥാനത്തു നിന്നും പുറത്താക്കപ്പെട്ടു. വധശ്രമമുണ്ടായി. ഒമ്പതു മക്കൾ ഒന്നിനു പിറകെ മറ്റൊന്നായി മരണപ്പെട്ടു. പല തരത്തിലുള്ള രോഗത്തിന്നടിപ്പെട്ടു.

വിഷമങ്ങളുടേയും ദുരിതങ്ങളുടേയും നീണ്ട ദിന രാത്രങ്ങളിലൂടെ മൗലവി സാഹിബിനുകടന്നു പോകേണ്ടി വന്നിട്ടുണ്ട്. അപ്പോഴെല്ലാം തന്നെ ഹുസൂർ അല്ലാഹുവിന്റെ തൃപ്തിയിൽ പൂർണ തൃപ്തനായി നിലകൊണ്ടു. ദു:ഖങ്ങളുടേയും വിഷമങ്ങളുടേയും ആ ഘട്ടത്തിലും സുബ്ഹാനല്ലാഹി വബിഹംദിഹി സുബ്ഹാനല്ലാഹിൽ അളിം എന്ന കലിമ തന്നെ ഉരുവിട്ടു കൊണ്ടിരുന്നു. ഒരിക്കൽ മരണപ്പെട്ട തന്റെ മകന്റെ മയ്യത്ത് നമസ്ക്കാര വേളയിൽ അൽഹംദുലില്ലാഹ് എന്നു ചൊല്ലാൻ അദ്ദേഹം വളരെ ബുദ്ധിമുട്ടി. ആ വാക്കു മന:സാന്നിദ്ധ്യത്തോടെ ഉച്ചരിക്കാൻ സാധിക്കുന്നില്ലായിരുന്നു. മക്കളുടെ തുടരെത്തുടരെയുള്ള മരണം അദ്ദേഹത്തെ മാനസികമായി അത്ര കണ്ടു തളർത്തിയിരുന്നു. ആ അവസരത്തിൽ ഈ മകൻ ജീവിച്ചിരുന്നുവെങ്കിൽ ഇവൻ എന്തൊക്കെ ചെയ്യുമായിരുന്നുവെന്നു ഇപ്പോൾ അറിയില്ലല്ലോ എന്നു അല്ലാഹു മൗലവി സാഹിബിനു തോന്നിപ്പിച്ചപ്പോൾ ഹുസൂർ പരിപൂർണ ഹൃദയ സാന്നിദ്ധ്യത്തോടെ അൽഹംദുലില്ലാഹ് എന്നു പറഞ്ഞു കൊണ്ട് നമസ്ക്കാരം തുടർന്നു.

ജമാഅത്തിന്റെ ശത്രുക്കളോടു സംസാരിക്കുകയാണെങ്കിൽപോലും അവരുടെ ആക്ഷേപങ്ങൾക്കു മറുപടി പറയുകയാണെങ്കിലും എഴുതുകയാണെങ്കിലും ഹദ്റത്ത് മൗലവി സാഹിബ് വളരെ മൃദുവായതും സൗമ്യവുമായ ഭാഷ മാത്രമേ ഉപയോഗിച്ചിരുന്നുള്ളു. ഒരിക്കൽ അബ്ദുൽ ഗഫൂർ എന്നു പേരുള്ള ഒരാൾ ഇസ്ലാം ഉപേക്ഷിച്ചു ക്രിസ്തുമതം സ്വീകരിക്കുകയും ഇസ്ലാമിന്നെതിരിൽ ഒരു പുസ്തകമെഴുതുകയുമുണ്ടായി. വളരെ മ്ലേഛമായ ഭാഷയിൽ അസഭ്യ വർഷം നടത്തിക്കൊണ്ട് എഴുതിയ ആ പുസ്തകത്തിനു ഹദ്റത്ത് മൗലവി സാഹിബ് എഴുതിയ മറുപടി ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽ കോട്ടി കണ്ടപ്പോൾ, ഇസ്ലാമിനെതിരിൽ എന്തൊരു വൃത്തികെട്ട ഭാഷയാണയാൾ ഉപയോഗിച്ചത് എന്നിട്ടും താങ്കൾ ആ ദ്വേഷ്യം എവിടേയും കാണിച്ചില്ലല്ലോ. അയാൾക്കെതിരിൽ രൂക്ഷമായ ഒരു പദം പോലും ഉപയോഗിച്ചില്ലല്ലോ എന്നു പറയുകയുണ്ടായി. മൗലവി സാഹിബ് പറഞ്ഞു ഇസ്ലാമിൽ നിന്നും അകന്നു പോയവനെ വീണ്ടും അകറ്റുന്നതു ധീരതയോ ബുദ്ധിയോ ശൂരതയോ അല്ല. മറിച്ചു അടുപ്പിക്കുന്നതിലാണു ബുദ്ധിയും ശൂരതയും. ഞാൻ അതിനാണു പ്രാധാന്യം കൽപിച്ചത്.

തന്റെ സന്താനങ്ങൾ എപ്പോഴും തന്നെ ദീനിൽ ഉറച്ചു നിൽക്കുന്നവരായിരിക്കണമെന്നു അദ്ദേഹത്തിനു നിർബന്ധമായിരുന്നു. ദീനിനെ ദുനിയാവിനേക്കാൾ മുന്തിക്കുന്നവരല്ലെങ്കിൽ എനിക്കു അവരുമായി യാതൊരു ബന്ധവുമുണ്ടായിരിക്കുന്നതല്ലെന്നു അദ്ദേഹം എപ്പോഴും പറയുമായിരുന്നു. അദ്ദേഹം പറയുകയാണു ഞാൻ ഒരിക്കലും മക്കളുടെ ധനസമ്പാദനത്തിനും ധനത്തിൽ വർദ്ധനവിനും വേണ്ടി ദുആ ചെയ്തിട്ടില്ല. കാരണം ധനത്തിന്റെ ആധിക്യം മനുഷ്യനെ ആജ്ഞാലംഘകരും ദുർവൃത്തരു

മാക്കിയേക്കാം. ഹദ്റത്ത് മൗലവി സാഹിബിന്റെ പരമമായ ലക്ഷ്യം ദീൻ മാത്രമാണു. അല്ലാഹുവിന്റെ തൃപ്തിയും ഇഷ്ടവും കരസ്ഥമാക്കുക. അതിനു വേണ്ടി അദ്ദേഹം എപ്പോഴും തന്റെ നഫ്സിനെ സ്വയം വിലയിരുത്തിക്കൊണ്ടിരിക്കുമായിരുന്നു. ഒരിക്കൽ ഒരു വെള്ളിയാഴ്ച ദിവസം പള്ളിയിൽ പോകാനായി കുളിക്കുന്നതിനിടയിൽ തന്റെ നഫ്സിനെ വിലയിരുത്താനും ആത്മ പരിശോധന നടത്തുവാനും തുടങ്ങി. അന്നു ഭാര്യ വന്നു വാതിലിൽ മുട്ടി ഓർമപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ ഒരു പക്ഷേ, കുളിമുറിയിൽ തന്നെ വൈകുന്നേരമാകുമായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലി (റ) നു ഹദീസ് ധാരാളം മന:പ്പാഠമുണ്ടായിരുന്നു. ഞാൻ ഹദീസ് പഠിക്കുന്നതിനായി ഒരുപാടു അധ്വാനിക്കുകയും പണവും സമയവും ചെലവഴിച്ചിട്ടുണ്ടെന്നും അതു കേട്ടാൽ നിങ്ങൾക്കു തന്നെ ആശ്ചര്യമുണ്ടാകുമെന്നും പറയാറുണ്ടായിരുന്നു. എന്നിട്ടു പറയും ആരെങ്കിലും ഹദീസിന്റേയും ഖുർആന്റേയും ഏതെങ്കിലും പണ്ഡിതന്റേയോ സാധാരണക്കാരന്റേയോ അറബിയിലുള്ള വരികൾ എന്റെ മുന്നിൽ കൊണ്ടു വന്നാൽ ഏതാണു ഹദീസ്, ഏതാണു ഖുർആൻ, ഏതാണ് സാധാരണക്കാരന്റേത് എന്നെനിക്കു നിഷ്പ്രയാസം പറയുവാൻ സാധിക്കും.

അദ്ദേഹം തന്റെ ഏറ്റവും വലിയ ജീവിതാഭിലാഷമായി പറഞ്ഞതു, ഞാൻ നിങ്ങളിൽ അല്ലാഹുവിനെ ആത്മാർഥമായി സ്നേഹിക്കുന്ന, അല്ലാഹുവിന്റെ റസൂലി(സ)ന്റെ യഥാർഥ പിൻഗാമികളും റസൂലി(സ)നെ പിൻപറ്റുന്നവരും ഖുർആൻ ശരിയായ രീതിയിൽ മനസ്സിലാക്കുന്നവരും അവന്റെ വചനങ്ങളോടു അതിരറ്റതും നിസ്തുല്യവുമായ സ്നേഹം വച്ചു പുലർത്തുന്നവരുമായവരുടെ ഒരു ജമാഅത്ത് കാണാനാണു ആഗ്രഹിക്കുന്നത് എന്നാണ്. എന്നിട്ടു മൗലവിസാഹിബ് വളരെ വികാരാധീനനായി പറയും എന്റെ നാഥനായ അല്ലാഹു എന്റെ വലിയ വലിയ ആഗ്രഹങ്ങൾ പൂർത്തിയാക്കി തന്നിട്ടുണ്ട്. അതു കൊണ്ട് ഈ ആഗ്രഹവും അവൻ പൂർത്തിയാക്കി തരുമെന്നു തന്നെയാണു എന്റെ പ്രതീക്ഷ. അതിലൂടെ എന്റെ കണ്ണുകൾക്കു കുളിർമയും ഹൃദയത്തിനു സമാധാനവും ലഭിക്കും!

മുഅ്മിൻ ഒരിക്കലും തന്നെ അലസനായിരിക്കുകയില്ലെന്നും എപ്പോഴും ഗുണകരമായ എന്തെങ്കിലും ജോലിയിൽ വ്യാപൃതനായിരിക്കുമെന്നും അദ്ദേഹം പറയാറുണ്ടായിരുന്നു. മൗലവി സാഹിബിന്റെ ദിനരാത്രങ്ങൾ അങ്ങേയറ്റം തിരക്കുള്ളതായിരുന്നു. എന്നാൽ എന്തെങ്കിലും കാര്യത്തിനു വേണ്ടി സമയമുണ്ടാകുമോ എന്നു ആരെങ്കിലും ചോദിച്ചാൽ മരണത്തോടെ മാത്രമേ എന്റെ തിരക്കുകൾ അവസാനിക്കുകയുള്ളുവെന്നും താങ്കൾക്കു എന്താണു വേണ്ടതെന്നു ചോദിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ സദസുകൾ ആത്മാവിനു ചൈതന്യവും പുത്തൻ ഉണർവും പ്രദാനം ചെയ്യുന്ന ഒന്നാണ്. മൗലവി സാഹിബിന്റെ പ്രസംഗങ്ങളും സാരോപദേശങ്ങളും എപ്പോഴും ചിന്തകളെ കോൾമയിർ കൊള്ളിച്ചിരുന്നു. വാക്കുകൾ ഹൃദയത്തിലുള്ള മാലിന്യങ്ങളെ കഴുകി മനസ്സിനെ തരളിതമാക്കിയിരുന്നു. മൗലവി സാഹിബിന്റെ ഒരേയൊരു പ്രസംഗം കേട്ടു ബൈഅത്തു ചെയ്തു ജമാഅത്തിൽ പ്രവേശിച്ചവർ ധാരാളമാണു. അല്ലെങ്കിൽ അനുഭാവികളായിട്ടുള്ളവർ, അതുമല്ലെങ്കിൽ ജമാഅത്തിനോടുള്ള അന്ധമായ ശത്രുത ഉപേക്ഷിച്ചിട്ടുള്ളവർ.

ഹദ്റത്ത് മൗലവി സാഹിബിനു ഹുക്ക വലിയോടു വലിയ വെറുപ്പായിരുന്നു. ഒരിക്കലൊരാൾ ഹുക്ക വലിച്ച ശേഷം നമസ്ക്കരിക്കാനായി പള്ളിയിൽ മൗലവി സാഹിബിന്നടുത്തു വന്നു നിന്നു. മൗലവി സാഹിബിനു ഓക്കാനം ഉണ്ടാകാൻ തുടങ്ങി. വലിയ ബുദ്ധിമുട്ടോടു കൂടി നമസ്ക്കാരം പൂർത്തിയാക്കിയ ശേഷം വളരെ സൗമ്യമായി അദ്ദേഹത്തോടു പറഞ്ഞു ദയവു ചെയ്തു നിങ്ങൾ ഇത്തരം അവസ്ഥയിൽ പള്ളിയിൽ വരരുത്. വീട്ടിൽ നിന്നു നമസ്ക്കരിച്ചാൽ മതി.

മൗലവി സാഹിബിന്റെ ജീവിത പരിശുദ്ധിയെ കുറിച്ചും തഖ്‌വയെ കുറിച്ചും ദൈന്യം ദിന കാര്യങ്ങളിലുള്ള സൂക്ഷ്മതയെ കുറിച്ചും പറയുകയാണെങ്കിൽ റസൂൽ കരീം (സ) ന്റെ സുന്നത്തിനു ഒരണു വിരുദ്ധമായതൊന്നും തന്നെ അദ്ദേഹം ചെയ്യുകയോ പറയുകയോ ചിന്തിക്കുകയോ ചെയ്തിരുന്നില്ല. നബി തിരുമേനിയോടു അതിരറ്റ സ്നേഹത്തിൽ എന്നും ഹൃദയം വിങ്ങുമായിരുന്നു. ഒരിക്കൽ മൗലവി സാഹിബ് പറഞ്ഞു നമ്മുടെ നബി നായകരുടെ മേൽ ഇറങ്ങിയ ഖുർആനിൽ عَطَاءً غَيْرَ مَجْذُوذٍ എന്നു കാണുമ്പോൾ നബിയോടുള്ള പ്രിയവും അടങ്ങാത്ത സ്നേഹവും കാരണം ആ തിരുപാദങ്ങൾ ചുംബിച്ചു ചുംബിച്ചു അവിടെ തന്നെ ജീവാർപണം ചെയ്യാൻ എന്റെ ഹൃദയം വല്ലാതെ വെമ്പൽ കൊള്ളാറുണ്ട്. ആ ആയത്തിന്റെ പൂർണരൂപം ഇങ്ങനെയാണു.

وَأَمَّا الَّذِينَ سُعِدُوا فَفِي الْجَنَّةِ خَالِدِينَ فِيهَا
مَا دَامَتِ السَّمَاوَاتُ وَالْأَرْضُ إِلَّا مَا شَاءَ
رَبُّكَ عَطَاءً غَيْرَ مَجْذُوذٍ

എന്നാൽ സൗഭാഗ്യം പ്രാപിച്ചവരാവട്ടെ, അവർ സ്വർഗത്തിലായിരിക്കും. ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്ന കാലത്തോളം അവർ അതിൽ പാർക്കുന്നവരായിരിക്കും. നിന്റെ നാഥനുദ്ദേശിക്കുന്ന കാലമൊഴിച്ചു. നിരന്തരം ലഭിച്ചു കൊണ്ടിരിക്കുന്ന (ഒരിക്കലും മുറിഞ്ഞു പോകാത്ത) സമ്മാനമായി അവർക്കതുണ്ടാകും. (ഖുർആൻ 11:109)

## ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ അന്തിമ ലാഹോർ യാത്ര

നമ്മുടെ ഈ ജീവചരിത്ര വിവരണം അതിന്റെ വളരെ മർമ പ്രധാന ഭാഗമായ മസീഹ് മൗഊദിന്റെ വിയോഗവും ഖിലാഫത്ത് തെരഞ്ഞെടുപ്പിലേയ്ക്കും എത്തിയിരിക്കുകയാണ്. മസീഹ് മൗഊദിന്റെ വിയോഗത്തെ സംബന്ധിച്ചു നമ്മുടെ ചരിത്ര ഗ്രന്ഥങ്ങളിൽ വളരെ വിശദമായി വിവരിക്കപ്പെട്ടിട്ടുള്ളതു കൊണ്ട് ആ കാര്യങ്ങൾ ഇവിടെ ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിലും സംഭവങ്ങളുടെ അനുസ്യൂതി നില നിർത്തുന്നതിനായി ചില കാര്യങ്ങൾ മാത്രം വിവരിക്കുന്നതായിരിക്കും.

1908ന്റെ ആരംഭത്തിൽ തന്നെ ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ തന്റെ ചില ശാരീരിക അസ്വാസ്ഥ്യങ്ങൾ കാരണം ലാഹോറിൽ ചെന്നു ഒരു വിദഗ്ദ്ധ ലേഡീ ഡോക്ടറുടെ സഹായം തേടണമെന്നു ആഗ്രഹിക്കുന്നുണ്ടായിരുന്നു. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) തനിക്കു അല്ലാഹുവിൽ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്ന തന്റെ മരണം ആസന്നമാണെന്ന മുന്നറിയിപ്പു കാരണം ലാഹോർ യാത്ര അമാന്തിക്കുകയാണു ചെയ്തത്. വാഗ്ദത്ത മസീഹി (അ)നു അല്ലാഹുവിൽ നിന്നുള്ള വെളിപാടുകൾ ലഭിച്ചു കൊണ്ടിരുന്ന ആരംഭ കാലത്തു തന്നെ ഹുദൂറിന്റെ ആയുസ്സിനെ സംബന്ധിച്ച വെളിപാടുകളും ലഭിച്ചിട്ടുണ്ടായിരുന്നു. മസീഹ് മൗഊദ് (അ) അതു തന്റെ ആദ്യ ഗ്രന്ഥമായ ബറാഹീനെ അഹ്മദിയയിൽ തന്നെ ചേർത്തിട്ടുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉമ്മുൽ മുഅ്മിനീന്റെ ആഗ്രഹത്തിനും അഭിപ്രായങ്ങൾക്കും എപ്പോഴും വലിയ പ്രാധാന്യം കൽപിക്കാറുണ്ടായിരുന്നതിനാൽ വാഗ്ദത്ത മസീഹും (അ) ലാഹോർ യാത്രയെ കുറിച്ചു വളരെ താൽപര്യ പൂർവം ചിന്തിച്ചിരുന്നു. അതിനാൽ ഒരു ശരിയായ തീരുമാനം ഉണ്ടാകുന്നതിനായി ഹുസൂർ സ്വന്തമായി ദുആ ചെയ്യുന്നതിനു പുറമെ മറ്റു ചിലരോടും ദുആ ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദിന്റെ പുത്രി ഹദ്റത്ത് നവാബ് മുബാറക്കാ ബേഗം സാഹിബ അരുൾ ചെയ്യുകയാണ്. ആ ദിനങ്ങളിൽ ഒരു ദിവസം ഹുദൂർ എന്നോടു പറഞ്ഞു. ഞാൻ വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തെ കുറിച്ചു അൽപം ചിന്താകുലനാണ്. അതിനാൽ ആ കാര്യത്തിൽ ദൈവിക നിർദേശവും പരിഹാരവും ലഭിക്കുന്നതിനായി നീ പ്രത്യേകം ദുആ ചെയ്യണം. വല്ല സ്വപ്നവും കാണുകയാണെങ്കിൽ അതുടനെ എന്നെ അറിയിക്കുകയും ചെയ്യണം. എന്നാൽ കാര്യമെന്താണെന്നു മകളോടു വ്യക്തമായി ഹുദൂർ പറഞ്ഞതുമില്ല. ഹദ്റത്ത് നവാബ് മുബാറക്കാ ബേഗം സാഹിബ പറയുകയാണ്. ദുആ ചെയ്തതിനു ശേഷം ഞാനൊരു സ്വപ്നം കണ്ടു. എന്തോ കാര്യത്തിനായി ഞാൻ വീട്ടിൽ വരാന്തയിൽ ചെന്നിരിക്കുന്നു. അവിടെ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ഇരിക്കുന്നുണ്ട്. അദ്ദേഹം തന്റെ കയ്യിലുള്ള ഒരു പുസ്തകം കാണിച്ചു കൊണ്ട് പറയുകയാണ് നോക്കൂ, ഇതിൽ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ഇൽഹാമുകൾ (ദിവ്യവെളിപാടുകൾ) ചേർത്തിട്ടുണ്ട്. അതിൽ എന്നെ കുറിച്ചു ഞാൻ ഹദ്റത്ത് അബൂബക്കറാണെന്നു എഴുതിയിരിക്കുന്നു. പിറ്റേ ദിവസം തന്നെ മുബാറക്കാ ബേഗം സാഹിബ പിതാവിനെ സ്വപ്നം കേൾപിച്ചു. കേട്ടയുടനെ ഹുദൂർ പറഞ്ഞു ഈ സ്വപ്നം നീ ഉമ്മാനോടു പറയരുത്.

ഈ സ്വപ്നത്തിനു യാതൊരു വിശദീകരണത്തിന്റേയും വ്യാഖ്യാനത്തിന്റേയും ആവശ്യമില്ല. എല്ലാം വളരെ വ്യക്തമാണ്. അതായത് ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ വിയോഗം വളരെ ആസന്നമാണ്. അതിനു ശേഷം ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ഒന്നാമത്തെ ഖലീഫയായി തെരഞ്ഞെടുക്കപ്പെടും. അങ്ങനെ 1908 ഏപ്രിൽ 27-ാം തീയതി വാഗ്ദത്ത മസീഹ് (അ) ഉമ്മുൽ മുഅ്മിനീനോടൊപ്പം ലാഹോറിലേയ്ക്കു പോകാൻ തീരുമാനിച്ചു. ലഹോറിൽ ഹുസൂറും ഭാര്യയും ആദ്യം ഖാജാ കമാലുദ്ദീൻ സാഹിബിന്റെ വീട്ടിലായിരുന്നു താമസിച്ചിരുന്നത്. അവിടെ താമസിച്ചു കൊണ്ടിരുന്ന അവസരത്തിൽ 1908 മെയ് 9-ാം തീയതി ഹുദൂറിനു വീണ്ടും ഇൽഹാമുണ്ടായി.

الرحیل ثم الرحیل ان اللہ یحمل کل حمل

(അർ റഹീൽ സുമ്മർ റഹീൽ ഇന്നല്ലാഹ യഹ്മിലു കുല്ല ഹിമലിൻ ... പ്രയാണം പിന്നേയും, പ്രയാണം. നിശ്ചയമായും അല്ലാഹു മുഴുവൻ ഭാരവും ചുമക്കുന്നതായിരിക്കും) ഇതും ഹുദൂറിന്റെ വിയോഗത്തെ സംബന്ധിച്ച വെളിപാടാണെങ്കിലും അതിലുള്ള വാക്കുകളെ ബാഹ്യ രീതിയിലും പൂർത്തിയാക്കുന്നതിനായി ഹുദൂർ തന്റെ താമസം ഖാജാ കമാലുദ്ദീൻ സാഹിബിന്റെ വീട്ടിൽ നിന്നും ഡോക്ടർ സയ്യിദ് മുഹമ്മദ് ഹുസൈൻ ശാഹ് സാഹിബിന്റെ വീട്ടിലേയ്ക്കു മാറ്റി. ലാഹോർ താമസം ഉദ്ദേശിച്ചതിലും കൂടുതൽ ദീർഘിച്ചപ്പോൾ ഖാദിയാനിലുള്ള മൗലവി നൂറുദ്ദീൻ സാഹിബിനോടും മറ്റുചില പ്രധാന സഹാബാക്കളോടും ഹുദൂർ ലാഹോറിലേയ്ക്കു വരാൻ ആവശ്യപ്പെട്ടു. മാത്രവുമല്ല ജമാഅത്തിലുള്ള സഹോദരന്മാർക്ക് എല്ലാ വിവരങ്ങളും തൽസമയം ലഭിക്കുന്നതിനുവേണ്ടി ബദർ പത്രം താൽക്കാലികമായി ലാഹോറിൽ നിന്നും പ്രസിദ്ധീകരിക്കാനുള്ള ഏർപാടും ചെയ്തു.

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ലാഹോർ എത്തിയ ശേഷം തന്റെ ഖുർആൻ ക്ലാസ്സുകളും ചികിൽസകളും അവിടെ ആരംഭിച്ചിട്ടുണ്ടായിരുന്നു. തന്റെ മരണം ആസന്നമാണെന്നു മനസ്സിലായ വാഗ്ദത്ത മസീഹ് ഹിന്ദു മുസ്ലിം സംഘർഷങ്ങളും ശത്രുതയും കാരണം വളരെയധികം

ഉൽകൺഠാകുലനായിരുന്നു. അതിനാൽ ഈ രണ്ടു സമുദായങ്ങളേയും രഞ്ജിപ്പിലാക്കുന്നതിനായി ഹുദൂർ ലാഹോറിൽ ഒരു മൈത്രി സമ്മേളനം സംഘടിപ്പിക്കാനും അതിൽ തന്റെ ഒരു ഉപന്യാസം അവതരിപ്പിക്കാനും തീരുമാനിച്ചു. അതനുസരിച്ചു ഹുദൂർ പൈഗാമെ സുൽഹ് (സമാധാന സന്ദേശം) എന്ന പേരിൽ ഒരു ഉപന്യാസം തയ്യാറാക്കുവാൻ ആരംഭിച്ചു. 1908 മെയ് 20-ാം തീയതി ഹദ്റത്ത് മസീഹ് മൗഊദി (അ) നു വീണ്ടും ഇൽഹാമുണ്ടായി

الرَّحِيلُ ثُمَّ الرَّحِيلُ والموتُ قريب

(അർ റഹീൽ സുമ്മർ റഹീൽ വൽ മൗതു ഖരീബ്. പ്രയാണം, പിന്നേയും പ്രയാണം. മരണം സമീപസ്ഥമായിരിക്കുന്നു.)

മെയ് 25നു ഉപന്യാസം പൂർത്തിയായി. ബാഹ്യമായി ഹുദൂറിനു കാര്യമായ അസുഖമൊന്നും ഇല്ലായിരുന്നുവെങ്കിലും ഉപന്യാസം തയ്യാറാക്കാനായി കുറേ ദിവസങ്ങൾ തുടർച്ചയായി അശ്രാന്ത പരിശ്രമം ചെയ്തതിനാൽ ഹുദൂർ വളരെയധികം ക്ഷീണിച്ചു പോയിട്ടുണ്ടായിരുന്നു. മാത്രവുമല്ല അന്നു രാത്രി തുടരെത്തുടരെ വയറ്റിളക്കവുമുണ്ടായി. രാത്രി മൂന്നു മണിയോടെ ഹുദൂറിന്റെ അവസ്ഥ വളരെ മോശമായി. ഉടനെ മൗലവി നൂറുദ്ദീൻസാഹിബ്, ഡോക്റ്റർ സയ്യിദ് മുഹമ്മദ് ഹുസൈൻ ശാഹ് സാഹിബ്, ഖാജാ കമാലുദ്ദീൻ സാഹിബ്, ഡോക്റ്റർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബ്, ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബ് തുടങ്ങിയവരെ വിവരമറിയിച്ചതിനെ തുടർന്നു അവരെല്ലാം ഉടനെ വന്നു. അവരോട് ഹുസൂർ പറഞ്ഞു വളരെ ശക്തമായ വയറ്റിളക്കം ഉണ്ടായിരിക്കുന്നു. നിങ്ങൾ എന്തെങ്കിലും മരുന്നു നിർദേശിച്ചാലും. പിന്നീട് ഹുദൂർ സ്വയം തന്നെ പറഞ്ഞു. യഥാർഥത്തിൽ മരുന്നു ആകാശത്താണു ള്ളത്. ഏതായാലും നിങ്ങൾ മരുന്നു നിർദേശിക്കുന്നതോടൊപ്പം ദുആയും ചെയ്തു കൊണ്ടിരിക്കുക. പിന്നീട് ഹുദൂറിന്റെ നാഡിമിടിപ്പു തിരിച്ചറിയാനാകാത്ത വിധം കുറഞ്ഞു കൊണ്ടിരുന്നു. മൗലവി സാഹിബും മറ്റു ഡോക്ടർമാരും അവിടെ തന്നെ ഇരുന്നു. എല്ലാവരും ചേർന്നു സാധിക്കുന്ന ചികിത്സകൾ നൽകിയെങ്കിലും വിജയശ്രീലാളിതനായ ഈ കർമഭടന്റെ അല്ലാഹുവിലേയ്ക്കുള്ള പ്രയാണത്തിനുള്ള സമയം വന്നു കഴിഞ്ഞിരുന്നു. ഒരു മരുന്നും ചികിത്സയും ഫലം കണ്ടില്ല. പിറ്റേദിവസം മെയ് 26-ാം തീയതി രാവിലെ പത്തരയോടുകൂടി പതിനാലാം നൂറ്റാണ്ടിലെ ഈ ആത്മീയ ചന്ദ്രൻ ഈ ലോകത്തു അസ്തമിക്കുകയും മറ്റൊരു ലോകത്തു ഉദിച്ചു കൊണ്ട് സർവ ശക്തനായ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജറാവുകയും ചെയ്തു. ഇന്നാലില്ലാഹി വയിന്നാ ഇലൈഹി റാജിഊൻ.

## ഖിലാഫത്ത് എന്ന അത്മീയ സംവിധാനം

അല്ലാഹു പ്രവാചകരേയും നബിമാരേയും ഭൂമിയിലേയ്ക്കു അയക്കുന്നതിന്റെ ഉദ്ദേശ്യം ഭൂമിയിൽ ചെന്നു ഒരു സന്ദേശം നൽകി തിരിച്ചു വരാൻ വേണ്ടിയല്ല. മറിച്ച് ലോകത്തു ആത്മീയ പരിവർത്തനവും സമൂലമായ മാറ്റങ്ങളും സൃഷ്ടിക്കാൻ വേണ്ടിയാണെന്നു ഖുർആൻ മജീദ് നൽകുന്ന അധ്യാപനങ്ങളിൽ നിന്നും പ്രവാചക ശൃംഗലയുടെ ചരിത്രം പരിശോധിക്കുമ്പോഴും നമുക്കു മനസ്സിലാക്കാൻ സാധിക്കും. അതിനു ബാഹ്യമായ ഉപാധികളനുസരിച്ച് നിരന്തരവും ക്രമാനുഗതവുമായ പരിശ്രമവും കഠിനാദ്ധ്വാനവും അത്യന്താപേക്ഷിതമാണു. മനുഷ്യനെന്ന നിലയിൽ നബിയുടെ ആയുസ്സ് തീർച്ചയായും പരിമിതമാണു. അതിനാൽ അല്ലാഹു ആ പ്രവാചകരിലൂടെ തന്റെ സന്ദേശത്തിന്റെ ബീജാവാപം മാത്രമാണു ഉദ്ദേശിക്കുന്നത്. പിന്നീട് നബിയുടെ വിയോഗത്തിനു ശേഷം അദ്ദേഹത്തിന്റെ ജമാഅത്തിൽ നിന്നുള്ള കഴിവുള്ളവരും യോഗ്യരുമായവരെ ഒരാൾക്ക് ശേഷം മറ്റൊരാളെന്ന നിലയിൽ ആ നബിയുടെ പ്രതിനിധികളെ തെരഞ്ഞെടുത്തു കൊണ്ട് അദ്ദേഹത്തിന്റെ ദൗത്യം ലക്ഷ്യത്തിലെത്തിക്കുന്നു. ഈ പ്രതിനിധികൾ ഇസ്‌ലാമിക സംജ്ഞയനുസരിച്ചു ഖലീഫ എന്നാണു വിളിക്കപ്പെടുന്നത്. ഖലീഫ എന്നാൽ പിറകെ വരുന്നവൻ, ആദ്യത്തെയാളുടെ സ്ഥാനത്തിരിക്കുന്നവൻ എന്നാണർഥം.

ഈ ഖിലാഫത്തു സംവിധാനം പൗരാണിക കാലം മുതൽ തുടരുന്ന ഒരു ആത്മീയ പ്രക്രിയയാണ്. അല്ലാഹുവിന്റെ കീഴ്‌വഴക്കമാണ്. അതനുസരിച്ചു മൂസ്സാ നബിക്കു ശേഷം യൂശഉം, ഈസാ നബിക്കു ശേഷം പത്രോസും, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) ക്കു ശേഷം ഹദ്റത്ത് അബൂബക്കർ സിദ്ധീഖും (റ) ഖലീഫമാരായി. ഈ ഖിലാഫത്ത് സംവിധാനത്തിലൂടെ നബിയുടെ ദൗത്യ പൂർത്തികരണത്തിനു പുറമെ നബിയുടെ വിയോഗം മൂലം വിശാസികളുടെ ഹൃദയങ്ങളിൽ ഉണ്ടായിട്ടുള്ള അതികഠിനമായ അരക്ഷിതാവസ്ഥക്കും ഭയത്തിനും പരിഹാരമേകുന്നു. അല്ലാഹുവിന്റെ എപ്പോഴുമുള്ള ഈ നടപടി ക്രമം ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ വഫാത്തിനു ശേഷം തീർച്ചയായും ഇവിടേയും ഉണ്ടാകേണ്ടതു തന്നേയാണ്.

## ജമാഅത്ത് ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ കൈകളിൽ

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം എ (റ) വിവരിക്കുന്നു. ലാഹോറിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ചരമം പ്രാപിച്ചപ്പോൾ ആ മുറിയിൽ മൗലവി സാഹിബ് ഉണ്ടായിരുന്നില്ല. ഒരു പക്ഷേ ഉമ്മുൽ മുഅ്മിനീനും കുടുബത്തിലെ മറ്റു സ്ത്രീകൾക്കും വേണ്ടി മൗലവി സാഹിബ്

മാറി നിന്നതാകാം. മൗലവി സാഹിബിനെ വിവരമറിയിച്ചപ്പോൾ മൗലവി നൂറുദ്ദീൻ സാഹിബ് വന്ന് ഹദ്റത്ത് സാഹിബിന്റെ നെറ്റിയിൽ ചുംബനമർപ്പിച്ചു കൊണ്ട് വേഗം തന്നെ ആ മുറിയിൽ നിന്നു പുറത്തേയ്ക്കു പോകാൻ തുടങ്ങി. ആ അവസരത്തിൽ മുറിക്കു പുറത്തു തന്നെ നിൽക്കുകയായിരുന്ന മൗലവി സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് മൗലവി സാഹിബിനോടു ദു:ഖം കടിച്ചമർത്തി നിരുദ്ധ കണ്ഠനായി പറഞ്ഞു أَنْتَ صِدِّيقٌ അതിൽ പല അർഥങ്ങളുമുണ്ടായിരുന്നു. മൗലവി നൂറുദ്ദീൻ സാഹിബ് അദ്ദേഹത്തോടു പറഞ്ഞു മൗലവി സാഹിബ് അതിനെ കുറിച്ചു ഇവിടെ ഇപ്പോൾ ഒന്നും പറയരുത്. അത് ഖാദിയാനിൽ ചെന്നു നമുക്കു സംസാരിക്കാം. അതിനു ശേഷം കുളിപ്പിക്കലും കഫൻ ചെയ്യലും പൂർത്തിയാക്കിയ ശേഷം ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ നേതൃത്വത്തിൽ വലിയൊരു ജനാവലി ജനാസ നമസ്ക്കരിച്ചു. പിന്നീട് വൈകുന്നേരം അഞ്ചേ മുക്കാലിനു മയ്യത്തുമായി തീവണ്ടി മാർഗം ലാഹോറിൽ നിന്നും ബട്ടാലയ്ക്കു പുറപ്പെട്ടു. രാത്രി പത്തു മണിയോടെ ബട്ടാലയെത്തി. ഇവിടെ നിന്നും സഹോദരങ്ങൾ മയ്യത്തു തോളിൽ ചുമന്നു ഖാദിയാനിലേയ്ക്കു പുറപ്പെട്ടു. പിറ്റേ ദിവസം രാവിലെ എട്ടു മണിയോടെ ഖാദിയാനിൽ എത്തിച്ചേർന്നു. മയ്യത്ത് നേരെ ബഹിശ്ത്തി മഖ്ബറയിൽ ഹദ്റത്ത് അമ്മാജാന്റെ പേരിലുള്ള ചെറിയൊരു കെട്ടിടത്തിൽ കൊണ്ടുവന്നു വെച്ചു.

മസീഹ് മൗഊദി (അ) ന്റെ നിര്യാണത്തോടെ ജമാഅത്തിനു മുന്നിൽ ഉണ്ടായ ഏറ്റവും വലിയ പ്രശ്നം ഖിലാഫത്ത് തെരഞ്ഞെടുപ്പായിരുന്നു. അതുമായി ബന്ധപ്പെട്ടു ദൈവിക പ്രേരണയാൽ എല്ലാവരും ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനെയായിരുന്നു ആ സ്ഥാനത്തേയ്ക്കു നോക്കിക്കൊണ്ടിരുന്നത്. ഹദ്റത്ത് സാഹിബിന്റെ വിയോഗ വാർത്ത അറിഞ്ഞതു മുതൽ സഹാബാക്കൾ തങ്ങൾ അനാഥരും നിസ്സഹായരും നിരാലംബരുമായിത്തീർന്നെന്നു കരുതി അല്ലാഹുവിനു മുന്നിൽ വിലപിച്ചു കൊണ്ട് ജമാഅത്തിന്റെ കെട്ടുറപ്പിന്നും ദൈവികസഹായത്തിനും പിന്തുണയ്ക്കും മാർഗദർശനത്തിനും വേണ്ടി ദുആയിൽ വ്യാപൃതരായിരുന്നു. ദു:ഖഭാരത്താൽ പലരും ഭ്രാന്തരെ പോലെ ആയിത്തിർന്നു. ബാഹ്യമായി കാണിച്ചില്ലെങ്കിലും ഹദ്റസ് അഖ്ദസിന്റെ വേർപാടിൽ ഏറ്റവും കൂടുതൽ ദുഃഖിതനും മാനസികമായി തളർന്നു പോവുകയും ചെയ്തതു ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബായിരുന്നെന്നു സഹാബാക്കൾ പറയാറുണ്ടായിരുന്നു. ഹദ്റത്ത് സാഹിബിന്റെ വിയോഗത്തോടെ ഈ ലോകം ആത്മാവില്ലാത്ത ശരീരം പോലെ ആയിത്തീർന്നെന്നു മൗലവി സാഹിബ് പല അവസരങ്ങളിൽ പറഞ്ഞിട്ടുണ്ടായിരുന്നു.

നബി കരീമി (സ) ന്റെ വഫാത്തിനു ശേഷം മുഅ്മീങ്ങൾ ഒരു നേതാവിനെ തെരഞ്ഞെടുത്തതിനു ശേഷം മാത്രമേ നബി തിരുമേനിയുടെ മൃതദേഹം ഖബറടക്കം ചെയ്തിരുന്നുള്ളു. തിരുസഹാബാക്കളുടെ ഈ മാതൃക പിൻപറ്റിക്കൊണ്ട് വാഗ്ദത്ത മസീഹിന്റെ അനുയായികൾ അതിനു വേണ്ടി കാത്തിരുന്നു. ഖിലാഫത്തിന്റെ ആ മഹനീയ സ്ഥാനത്തേക്കു വാഗ്ദത്ത മസീഹിന്റെ പ്രിയഭക്ത ശിഷ്യനും ഒന്നാമ

നബി കരീമി (സ) ന്റെ വഫാത്തിനു ശേഷം മുഅ്മീങ്ങൾ ഒരു നേതാവിനെ തെരഞ്ഞെടുത്തതിനു ശേഷം മാത്രമേ നബി തിരുമേനിയുടെ മൃതദേഹം ഖബറടക്കം ചെയ്തിരുന്നുള്ളു. തിരുസഹാബാക്കളുടെ ഈ മാതൃക പിൻപറ്റിക്കൊണ്ട് വാഗ്ദത്ത മസീഹിന്റെ അനുയായികൾ അതിനു വേണ്ടി കാത്തിരുന്നു. ഖിലാഫത്തിന്റെ ആ മഹനീയ സ്ഥാനത്തേക്കു വാഗ്ദത്ത മസീഹിന്റെ പ്രിയഭക്ത ശിഷ്യനും ഒന്നാമതായി ബൈഅത്തു ചെയ്തയാളും അഗാധ പണ്ഡിതനുമായ ഹദ്റത്ത് അൽഹാജ് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ പേരല്ലാതെ മറ്റൊരു പേരും ആരുടേയും ആലോചനയിലുണ്ടായിരുന്നില്ല. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു ആദ്യമായി ഒരു നീക്കം ഖാജാ കമാലുദ്ദീൻ സാഹിബിന്റെ ഭാഗത്തു നിന്നായിരുന്നു ഉണ്ടായിരുന്നത്. ആ സമയം അദ്ദേഹം അഞ്ചുമൻ അഹ്മദിയ്യായുടെ സെക്രട്ടറിയായിരുന്നു. ഖാജാ കമാലുദ്ദീൻ സാഹിബ് ആദ്യം ഹദ്റത്ത് ഉമ്മുൽ മുഅ്മിനീനോടും ജമാഅത്തിലെ മറ്റു പ്രധാനപ്പെട്ട സഹാബാക്കളോടും ഇതു സംബന്ധമായി സംസാരിച്ച ശേഷം ഹദ്റത്ത് മസീഹ് മൗഊദിന്റെ പ്രഥമ ഖലീഫയാകാനുള്ള അർഹത ഹദ്റത്ത് ഹാജി ഹക്കീം നൂറുദ്ദീൻ സാഹിബിനാണെന്നു പറയുകയും അതെല്ലാവരും അംഗീകരിക്കുകയും ചെയ്തിരുന്നു.

തായി ബൈഅത്തു ചെയ്തയാളും അഗാധ പണ്ഡിതനുമായ ഹദ്റത്ത് അൽഹാജ് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ പേരല്ലാതെ മറ്റൊരു പേരും ആരുടേയും ആലോചനയിലുണ്ടായിരുന്നില്ല. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു ആദ്യമായി ഒരു നീക്കം ഖാജാ കമാലുദ്ദീൻ സാഹിബിന്റെ ഭാഗത്തു നിന്നായിരുന്നു ഉണ്ടായിരുന്നത്. ആ സമയം അദ്ദേഹം അഞ്ചുമൻ അഹ്മദിയ്യായുടെ സെക്രട്ടറിയായിരുന്നു. ഖാജാ കമാലുദ്ദീൻ സാഹിബ് ആദ്യം ഹദ്റത്ത് ഉമ്മുൽ മുഅ്മിനീനോടും ജമാഅത്തിലെ മറ്റു പ്രധാനപ്പെട്ട സഹാബാക്കളോടും ഇതു സംബന്ധമായി സംസാരിച്ച ശേഷം ഹദ്റത്ത് മസീഹ് മൗഊദിന്റെ പ്രഥമ ഖലീഫയാകാനുള്ള അർഹത ഹദ്റത്ത് ഹാജി ഹക്കീം നൂറുദ്ദീൻ സാഹിബിനാണെന്നു പറയുകയും അതെല്ലാവരും അംഗീകരിക്കുകയും ചെയ്തിരുന്നു.

അതിനു ശേഷം എല്ലാവരും മസ്ജിദ് മുബാറക്കിനോടു ചേർന്നുള്ള ഗോൽ കംറ (گول کمرہ) എന്നു വിളിക്കപ്പെടുന്ന വൃത്താകൃതിയിലുള്ള ഒരു മുറിയിൽ ഒത്തു ചേർന്നു. അവിടെവച്ചു എല്ലാവരും മൗലവി സാഹിബിനോടു, തങ്ങളുടെ ബൈഅത്തു സ്വീകരിക്കണമെന്നും അങ്ങ് ഞങ്ങൾക്കു മസീഹ് മൗഊദ് (അ) എങ്ങിനെയായിരുന്നുവോ അപ്രകാരമായിരിക്കുമെന്നും ഏക സ്വരത്തിൽ പറയുകയും അപേക്ഷിക്കുകയുമുണ്ടായി. ആദ്യം അദ്ദേഹം ഒട്ടും സമ്മതിച്ചില്ല. പിന്നീട് നിർബന്ധത്തിനു വഴങ്ങി ഞാൻ ദുആ ചെയ്യട്ടെ അതിനു ശേഷം നിങ്ങളോടു മറുപടി പറയാമെന്നു പറഞ്ഞു. ശേഷം വുസു എടുക്കാനായി വെള്ളം കൊണ്ടു വന്നു. വുസു എടുത്ത ശേഷം ഹദ്റത്ത് മൗലവി ശേർ അലി സാഹിബി (റ) ന്റെ ഓഫീസ് മുറിയിൽ നഫൽ നമസ്ക്കരിക്കാൻ തുടങ്ങി. സുജൂദിൽ വീണു വല്ലാതെ ഏങ്ങലടിച്ചു കരഞ്ഞു ദുആ ചെയ്തു. ആ സമയം എല്ലാവരും പുറത്തു മുറ്റത്തു കാത്തിരിക്കുകയായിരുന്നു. നമസ്ക്കാര ശേഷം മൗലവി സാഹിബ് പറഞ്ഞു വരൂ ഇനി നമുക്കു നമ്മുടെ യജമാനന്റെ മയ്യത്തു വച്ചിട്ടുള്ള സ്ഥലത്തേയ്ക്കുപോകാം. അങ്ങനെ എല്ലാവരും ബഹിശ്ത്തി മഖ്ബറയിൽ മസീഹ് മൗഊദിന്റെ വിശുദ്ധ മൃതദേഹത്തിന്നരികിൽ അണിനിരന്നു.

അവിടെ വച്ചു ഹദ്റത്ത് മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) എഴുന്നേറ്റു നിന്നുകൊണ്ട് അപ്പോൾ അവിടെ സന്നിഹിതരായിരുന്നവരുടെ പ്രതിനിധിയെന്ന നിലയിൽ ഒരപേക്ഷ അല്ലെങ്കിൽ ഒരു നിവേദനം ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനു മുന്നിൽ എഴുതി വായിക്കുകയുണ്ടായി. അതിപ്രകാരമായിരുന്നു.

بسم اللہ الرحمن الرحیم
نحمدہ ونصلی علی رسولہ الکریم
الحمد للہ رب العالمین
والصلوۃ والسلام علی
خاتم النبیین محمد المصطفی
وعلی المسیح الموعود وخاتم الاولیاء

ഹദ്റത്ത് മസീഹ് മൗഊദിന്റെ അൽവസീയത്ത് എന്ന ലഘുകൃതിയിലെ നിർദേശമനുസരിച്ച് താഴെ ഒപ്പിട്ടിരിക്കുന്ന അഹ്മദികളായ ഞങ്ങൾ എല്ലാവരും തന്നെ, പ്രഥമ മുഹാജിറും തഖ്‌വയിലും പാണ്ഡിത്യത്തിലും മറ്റെല്ലാവരേക്കാളും മുന്നിട്ടു നിൽക്കുന്ന അങ്ങേയറ്റം സാത്വികനും ഹദ്റത്ത് ഇമാം മഹ്ദി (അ) യുടെ ഏറ്റവും അടുത്തതും ആദ്യ കാല സ്നേഹിതനുമായ ഹദ്റത്ത് ഹാജി മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ കയ്യിൽ അഹ്മദ് (അ) ന്റെ പേരിൽ പരിപൂർണ ഹൃദയത്തോടും നിറഞ്ഞ തൃപ്തിയോടും കൂടി ഇപ്പോൾ ജമാഅത്തിലുള്ളവരും പിന്നീട് ജമാഅത്തിൽ പ്രവേശിക്കുന്നവരും ബൈഅത്തു ചെയ്യുന്നു. മേലിൽ മൗലാനാ സാഹിബിന്റെ എല്ലാ കൽപനകളും വാഗ്ദത്ത മസീഹിന്റെ കൽപനയെന്നോണം ഞങ്ങൾ സ്വീകരിക്കുന്നതാണ്. ആ അപേക്ഷയിൽ താഴെ പറയുന്ന പ്രധാനികളടക്കം ധാരാളം പേർ ഒപ്പിട്ടിട്ടുണ്ടായിരുന്നു.

1. ഹദ്റത്ത് ശേഖ് റഹ്മത്തുല്ലാഹ് സാഹിബ്

2.ഹദ്റത്ത് മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ്

3.ഹദ്റത്ത് മൗലാനാ മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി

4.ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്

5.ഹദ്റത്ത് മിർസാ യഅ്ഖൂബ് ബേഗ് സാഹിബ്

6.ഹദ്റത്ത് മൗലവി മുഹമ്മദ് അലി സാഹിബ് എം.എ

7.ഹദ്റത്ത് ഖാജാ കമാലുദീൻ സാഹിബ്

8. ഹദ്റത്ത് മീർ നാസ്സിർ നവാബ് സാഹിബ്

9. ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി (തുടരും)



കുറിപ്പുകൾ

# സ്വാതന്ത്ര്യത്തിന്റെ ഏഴര പതിറ്റാണ്ട്

## മുസാഫിർ

1947 ആഗസ്റ്റ് 15.. സമയം പന്ത്രണ്ട് അടിച്ച് അർദ്ധരാത്രി മണിമുഴങ്ങിയപ്പോൾ. നവ ഭാരത ശിൽപ്പിയും പ്രധാനമന്ത്രിയുമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ മാന്ത്രിക സ്പർശമുള്ള വാക്കുകൾ കേട്ട് ഭാരതം സ്വാതന്ത്ര്യത്തിന്റെ ഒരു പുതിയ പുലരിയിലേക്ക് ഉണരുകയായിരുന്നു. യൂണിയൻ ജാക്ക് താഴ്ത്തി ത്രിവർണ്ണ പതാക ഉയർത്തി ചിരന്തനമായ ഭാരതീയ രാഷ്ട്രനൈതികതയുടെയും സംസ്കൃതിയുടെയും സമൂർത്ത തേജസ്സായി പ്രധാന മന്ത്രിപദം പൂകിയ പണ്ഡിറ്റ്ജി ജനകോടികളെ അഭിസംബോധനചെയ്ത് പറഞ്ഞു: **'ദീർഘ കാലം മുമ്പ് നാം വിധിയുമായി ഒരു സമാഗമനത്തിന്നായി സന്ധിചെയ്തു. നാം നമ്മുടെ ആ പ്രതിജ്ഞ വീണ്ടെടുക്കുകയാണ്. അത് പൂർണ്ണമായോ ഭാഗികമായോ ആകട്ടെ പക്ഷേ അത് സാരഗർഭിതമാണ്. നായികമണി അർദ്ധയാമത്തിന്റെ പ്രണാദം കുറിക്കുമ്പോൾ, ലോകം ഗാഢ നിദ്രയിൽ നിമഗ്നമാവുമ്പോൾ ഇന്ത്യ ചേതനയിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണരുകയായി.'** ആഗസ്ത് 14 ന് ഇന്നത്തെ ബംഗ്ലാദേശടക്കമുള്ള കിഴക്കൻ പാകിസ്താനോടുകൂടി പാകിസ്താനും പിറവികൊണ്ടു.

വിശ്വവ്യോമണ്ഡലത്തിൽ മഴവിൽ വർണ്ണരാജിപോലെ മതം, ഭാഷ, വേഷം, ജനവർഗ്ഗം, ഭക്ഷണം മുതലായ നിരവധി മാനവീയ വൈവിധ്യങ്ങളോടെ നമ്മുടെ ഭാരതം നിലകൊണ്ടു. പല മതങ്ങളുടെ ജന്മഗേഹവും പോഷക ദേശവുമാണ് ഈ രാജ്യം. ലക്ഷക്കണക്കിന് ബലിദാനികളെ സൃഷ്ടിച്ച ശോണിമ കലർന്ന സൂതികർമ്മത്തിന് ശേഷമാണ് രണ്ട് രാഷ്ട്രങ്ങളായി ഇന്ത്യയും പാകിസ്താനും പിറന്നു വീണത്. ജനിമൃതികൾക്കിടയിലെ മഹാപ്രഹേളികക്ക് മുമ്പിൽ മനുഷ്യന് ആശ്വാസവും സാന്തനവും ദിശാബോധവും നൽകിയ രണ്ട് പാവനമായ മതങ്ങളുടെ അനുയായികൾക്ക് ഒന്നിച്ച് ഒരുദേശത്ത് ജീവിക്കാൻ സാദ്ധ്യമല്ല എന്ന മതവിരുദ്ധവും മാനവ വിരുദ്ധവുമായ ആശയധാരകളാണ് അവസാനം വിഭജനത്തിൽ കൊണ്ടെത്തിച്ചത്.

വിഭജനത്തിന് ശേഷം പിറന്നു വീണ പാകിസ്താൻ ഏറെ താമസിയാതെ മതമൗലിക വാദത്തിന്റെ പിടിയിലമർന്നു. പട്ടാളവും മതരാഷ്ട്രവാദികളായ മുല്ലാക്കളുടെ ആജ്ഞാനുവർത്തികളായ സിവിലിയൻ ഭരണകൂടങ്ങളും മാറി മാറി ഭരിച്ച പാകിസ്താൻ വികൃതവും വികലവുമായ ഒരു രാഷ്ട്രമായി മാറി. ജനാധിപത്യവും പൗരാവകാശങ്ങളും മുല്ലായിസം കനിഞ്ഞരുളുന്ന സൗജന്യങ്ങളാണെന്ന നിലവന്നു. എന്നാൽ ഭരണഘടന പ്രകാരമുള്ള ഒരു റിപ്പബ്ലിക്കായി മാറിയ ഇന്ത്യ മതേതര ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു രാജ്യമായി ലോക വേദിയിൽ തല ഉയർത്തി നിന്നു. ഇന്ത്യ സ്വാതന്ത്ര്യം നേടുന്ന കാലം തീവ്രദേശീയതയുടെ മേധാശക്തി ലോകയുദ്ധമായി പരിണമിച്ച കാലമായിരുന്നു ഇറ്റലിയിൽ മുസ്സോളനിയും ജർമ്മനിയിൽ ഹിറ്റ്ലറും സൃഷ്ടിച്ച ത്രീവ്രദേശീയതയുടെ പ്രതിലോമ സന്ദേശങ്ങൾ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തെ സ്വാധീനിച്ചില്ല. 1939 മുതൽ 1945 വരെ നടന്ന രണ്ടാം ലോക മഹായുദ്ധത്തിൽ നമ്മെ അടിമകളാക്കി ഭരിച്ച ബ്രിട്ടന്റെ നേതൃത്വത്തിലുള്ള സഖ്യകക്ഷികൾ ഒരു ഭാഗത്തും എതിർചേരിയിൽ ഫാസിസ്റ്റുകളായ അച്ചുതണ്ടു ശക്തികളുമായിരുന്നു. എന്നിട്ടു പോലും നമ്മുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനം നമ്മെ അടിമപ്പെടുത്തി ഭരിച്ചിരുന്ന ബ്രിട്ടീഷ് സാമ്രാജ്യം ഉൾപ്പെട്ട സഖ്യശക്തികളുടെ എതിർപക്ഷം ഫാസിസ്റ്റുകളോടൊപ്പം ചേർന്ന് നിന്നില്ല. തീവ്രദേശീയതയുടെ ആശയങ്ങൾ അത്രത്തോളം നമ്മുടെ ദേശീയ പ്രസ്ഥാനങ്ങൾക്ക് വർജ്ജ്യമായിരുന്നു. വിഭജനാനന്തരം ഇന്ത്യ ഭരണഘടനാനുസൃതമായ ജനാധിപത്യ രാജ്യമായി തുടരാൻ കാരണം സമരസാഹചര്യത്തിൽ തന്നെ കൂടിയാലോചനകളിലൂടെയും നിയമാനുസാരമുള്ള



നിരന്തര ചർച്ചകളിലൂടെയും നടന്ന അധികാര കൈമാറ്റം കൊണ്ടായിരുന്നു.

സ്വാതന്ത്ര്യശേഷം പ്രബുദ്ധമായ ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സഭയിൽ നടന്ന സംവാദങ്ങളും മഹാനായ പണ്ഡിറ്റ് നെഹ്റു, ബാബാ സാഹെബ് അംബേദ്ക്കർ എന്നിവരെപോലെയുള്ള ഭവനാശാലികളുടെ ഉന്നതമായ ജനാധിപത്യബോധവുമാണ് നീതിസങ്കൽപ്പങ്ങളാൽ സമ്പന്നമായ ഭരണഘടന ഇന്ത്യക്ക് നൽകിയത്. ഭരണഘടാനുസൃത ഭരണം എന്നത് ആധുനിക മനുഷ്യന്റെ ഉജ്ജ്വലമായ സാമൂഹിക നേട്ടങ്ങളിലൊന്നാണ്. ഓരോ ഭരണ ഘടനയും ചില അടിസ്ഥാന തത്വങ്ങളിലാണ് കെട്ടിപടുത്തിരിക്കുന്നത്. നമ്മുടെ ഭരണ ഘടനയുടെ ആമുഖം ആരംഭിക്കുന്നത് ഇപ്രകാരമാണ്: **'ഇന്ത്യയിലെ ജനങ്ങളായ ഞങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര സോഷ്യലിസ്റ്റ് സെക്കുലർ ജനാധിപത്യ റിപ്പബ്ലിക്കായി സംഘടിപ്പിക്കുന്നതിനും.......'** മതവൈവിധ്യങ്ങളുടെ ഒരു പ്രദർശനശാലയാണ് നമ്മുടെ രാജ്യം. നമ്മുടെ ഭരണഘടനയുടെ ആദ്യരേഖയിൽ, അതിന്റെ ആമുഖത്തിലോ ഉള്ളടക്കത്തിലോ 'സെക്കുലർ' എന്ന പദം ഉപയോഗിച്ചിട്ടില്ല. അതിന് കാരണമായി മഹാനായ അംബേദ്ക്കർ ഭരണഘടനാ നിർമാണ സഭയിൽ പറഞ്ഞത് ഇപ്രകാരമാണ്: 'ഭരണഘടന ഒന്നാമതായി..... രാഷ്ട്രത്തിന്റെ വിവിധ ഉപകരണങ്ങൾ പ്രാവർത്തികമാക്കുന്ന ഒരു മെക്കാനിസം മാത്രമാണ്. അത് അധികാരത്തിലിരിക്കുന്ന പാർട്ടികളോ പ്രത്യേക വ്യക്തികളോ നടപ്പാക്കുന്ന മെക്കാനിസമല്ല. രാഷ്ട്രത്തിന്റെ നയം എന്തായിരിക്കണം? എങ്ങനെയായിരിക്കണം സമൂഹത്തെ സാമൂഹികമായും സാമ്പത്തികമായും സംഘടിപ്പിക്കേണ്ടത്? എന്നീ കാര്യങ്ങളെല്ലാം സാഹചര്യവും സന്ദർഭവുമനുസരിച്ച് ജനങ്ങളാണ് തീരുമാനിക്കേണ്ടത്. അത് ഭരണഘടനയിൽ പ്രതിപാദിക്കാൻ പാടില്ല. കാരണം അത് ജനാധിപത്യത്തെ നശിപ്പിക്കും. സ്റ്റേറ്റിന്റെ സാമൂഹിക സംവിധാനം ഒരു പ്രത്യേക രൂപത്തിൽ സംഘടിപ്പിക്കപ്പെടണമെന്ന് നിങ്ങൾ ഭരണഘടനയിൽ എഴുതിവെച്ചാൽ എന്റെ അഭിപ്രായത്തിൽ ജനങ്ങൾക്ക്, അവർ ജീവിക്കാനാഗ്രഹിക്കുന്ന സാമൂഹിക സംവിധാനം എന്തായിരിക്കണം എന്ന് തീരുമാനിക്കാനുള്ള അവകാശമായിരിക്കും നിങ്ങൾ എടുത്തുകളയുന്നത്. (Constituent Assembly of India - Vol: VII)

ചർച്ചിനോട് ഏറ്റുമുട്ടി നിലവിൽ വന്ന പാശ്ചാത്യ രാഷ്ട്രീയ തത്വം എന്ന നിലക്ക് സെക്കുലരിസം എന്ന പദം അതിന്റെ പ്രത്യയശാസ്ത്ര പശ്ചാത്തലത്തോടുകൂടി അതേപടി നമ്മുടെ ഭരണഘടന യിൽ ചേർക്കാൻ ഒരു പക്ഷേ പരിണതപ്രജ്ഞരായ നമ്മുടെ പണ്ഡിതന്മാർ വിമുഖരായതായിരിക്കാം. ഒരു ബഹുസ്വര സമൂഹത്തിൽ അധികാര സാന്ദ്രമായ രാഷ്ട്രം തീർത്തും മതമുക്തമാകണം എന്ന തിരിച്ചറിവ് പിൽക്കാല ത്ത് രാഷ്ട്രീയ നൈതികതയായി സ്വീകരിക്കപ്പെടുകയായി. പ്രത്യേകിച്ചും ഇന്ത്യയെപോലെയുള്ള ബഹുസ്വരമായ ഒരു റിപ്പബ്ലിക്കൻ രാജ്യത്ത് ഭരണഘടനയും ഭരണകൂടവും പ്രത്യയശാസ്ത്ര മുക്തമായിരിക്കണം. സെക്കുലർ ചൈത ന്യം ആസകലം തുടിച്ചുനിൽക്കു ന്ന നമ്മുടെ ഭരണ ഘടനയിൽ സെക്കുലരിസം എന്ന പദം പ്രത്യേകം ചേർക്കേണ്ടതില്ലെന്ന് അംബേദ്ക്കർ അഭിപ്രായപ്പെടാൻ കാരണം സെക്കുലരിസം എന്ന സംജ്ഞക്ക് സുസ്ഥിരമായ അർത്ഥം രൂപപ്പെടുന്ന ഘട്ടമായത് കൊണ്ടായിരിക്കാം. 1976 ൽ ഇന്ത്യയുടെ പ്രഗത്ഭയായ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാ ഗാന്ധിയാണ് 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ സെക്കുലരിസം, സോഷ്യലിസം എന്നീ പദങ്ങൾ നമ്മുടെ ഭരണ ഘടനയുടെ ആമുഖത്തിൽ എഴുതിചേർത്തത്. അത്വരെ പരമാധികാര ജനാധിപത്യ റിപ്പബ്ലിക്ക് എന്ന് മാത്രമുണ്ടായിരുന്നത് 'പരമാധികാര സെക്കുലർ സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്' എന്നാക്കി മാറ്റി. രാജ്യത്തിന്റെ ഏകത എന്നത് 'ഏകതയും ഉദ്ഗ്രഥനവും' എന്നും മാറ്റി. നിർഭാഗ്യകരമെന്ന് പറയട്ടെ, ഭരണഘടന യിൽ ഈ മാറ്റങ്ങൾ അവർ വരുത്തിയത് അടിയന്താവസ്ഥാ കാലത്താണ്.

വികസിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയ സംഭവങ്ങളും കേവല നീതിയുടെ താൽപര്യങ്ങളും സെക്കുലരിസം എന്ന സംജ്ഞക്ക്

പുതിയ ഉള്ളടക്കവും അർത്ഥവും നൽകിയിട്ടുണ്ട്. അത് മതവിരുദ്ധമായ പ്രത്യയശാസ്ത്ര പരികൽപ്പന എന്നതിനേക്കാൾ കേവല നീതിക്ക് പകരം വെക്കാവുന്ന ഒരു രാഷ്ട്ര തത്വമായി സെക്കുലരിസം മാറി. മതവും ആശയവും സാംസ്കാരിക സത്വങ്ങളുമെല്ലാം സമൂഹത്തിനും ജനങ്ങൾക്കുമാണ് വേണ്ടത്. അധികാര സാന്ദ്രമായ രാഷ്ട്രം തികച്ചും മതമുക്തവും പ്രത്യയശാസ്ത്രപരമായി നിർവ്വീര്യവുമായിരിക്കണം.

ഇന്ത്യയെ പാകിസ്താനുമായി നാം ഒന്നു താരതമ്യം ചെയ്തുനോക്കൂ. കോൺഗ്രസ്സുകാരനായിരുന്ന മുഹമ്മദലി ജിന്ന അടിസ്ഥാനപരമായി ഒരു സെക്കുലറിസ്റ്റായിരുന്നു. ദ്വിരാഷ്ട്ര വാദം പാകിസ്താൻ നേടിയെടുക്കാൻ അദ്ദേഹം ഉപയോഗിച്ച ഉപകരണമാണ്. പാകിസ്താൻ കോൺസ്റ്റിറ്റ്യുവെന്റ് അസംബ്ലിയുടെ പ്രസിഡണ്ടുമായിരുന്ന ജിന്ന തന്റെ ഭരണഘടനാ നിർമ്മാണ സഭയിൽ ചെയ്ത കന്നി പ്രസംഗത്തിൽ തന്നെ അദ്ദേഹത്തിന്റെ പാകിസ്താനെ സംബന്ധിച്ച് സെക്കു ലർ അഭിലാഷങ്ങൾ വ്യക്തമാക്കു കയുണ്ടായി. പക്ഷേ ജിന്നക്ക് സ്വതന്ത്ര പാകിസ്താനിൽ ഒരു വർഷം മാത്രമെ ദൈവം ആയുസ്സ് വിധിച്ചുള്ളൂ. ജിന്നക്ക് ശേഷം വന്ന ലിയാക്കത്ത് അലി ഖാൻ അദ്ദേഹത്തി ന്റെ അടുത്ത അനുയായി ആയിരു ന്നെങ്കിലും മതമൗലികവാദത്തിന്റെ പൗരോഹിത്യത്തിന്റെയും സമ്മർദ്ദങ്ങളെ അതിജീവിക്കാൻ അദ്ദേഹത്തി ന്നായില്ല.

ലിയാക്കത്ത് അലിഖാന്റെ കാലത്ത്തന്നെ പാകിസ്താൻ മതമൗലികവാദത്തിലേക്ക് നീങ്ങിതുടങ്ങി. ജിന്നയുടെ മരണം കഴിഞ്ഞ് 6 മാസത്തിന് ശേഷം ലിയാഖത്ത് അലിഖാൻ ഭരണഘടന ഭേദഗതി ചെയ്യാൻ 1949 ൽ മാർച്ച് 25 ന് ഒബ്ജക്ടീവ്സ് ഓഫ് റിസലൂഷൻ എന്ന പ്രമേയും പാസ്സാക്കുകയുണ്ടായി. ഈ പ്രമേയത്തിൽ സെക്കുലർ സങ്കൽപ്പങ്ങളിൽ നിന്നുള്ള വ്യതിയാനം വ്യക്തമാണ്. ഇത് അവലോകനം ചെയ്ത്കൊണ്ട് പാകിസ്താനിലെ ഏറ്റവും പ്രഗത്ഭനായ സെക്കുലർ ചിന്തകനും പാകിസ്താൻ ഫെഡറൽ കോർട്ടിന്റെ രണ്ടാമത്തെ ചീഫ് ജസ്റ്റീസുമായ ജസ്റ്റീസ് മുനീർ തന്റെ From Jinnah to Zia എന്ന പുസ്തകത്തിൽ എഴുതിയ വിയോജന കുറിപ്പാണ് താഴെകൊടുത്തിരിക്കുന്നത്.

1. ഖായിദെ അഅ്സം പറഞ്ഞത് പുതിയ രാജ്യത്തിന്റെ പരമാധികാരം ജനങ്ങളിലായിരിക്കും എന്നാണ്. എന്നാൽ ഒബ്ജക്ടീവ്സ് ഓഫ് റിസലൂഷൻ ആരംഭിക്കുന്നത് പരമാധികാരം അല്ലാഹുവിലായിരിക്കും നിക്ഷിപ്തമായിയിരിക്കുക എന്ന് തുടങ്ങിക്കൊണ്ടാണ്.

2. ഇതിൽ ന്യൂനപക്ഷങ്ങളുടെ ആരാധനക്കുള്ള അവകാശങ്ങളും മതാചരണത്തിനുള്ള അവകാശങ്ങളും സംരക്ഷിക്കുമെന്ന് പരാമർശിച്ചിരിക്കുന്നു. എന്നാൽ ഖായിദെ അഅ്സമിന്റെ പ്രസ്താവനയിൽ മതപരമായ ന്യൂനപക്ഷം എന്നൊന്നുണ്ടായിരുന്നില്ല.

3. മതപരമായ ഭൂരിപക്ഷം ന്യൂനപക്ഷം എന്ന വകതിരിവ് ന്യൂനപക്ഷങ്ങളുടെ സമത്വാവകാശങ്ങൾ കവർന്നെടുക്കുന്ന ഒന്നാണ്. ഇത് ആധുനിക ജനാധിപത്യത്തിന് നിരക്കുന്നതല്ല.

4. ഭരണഘടനയിൽ ഒരു മുസ്‌ലിം ഇസ്‌ലാം മതത്തിനനുസരിച്ച് ജീവിതം നയിക്കുന്നത് സംബന്ധിച്ച വകുപ്പുകൾ രാഷ്ട്രത്തിന്റെ സെക്കുലർ സങ്കൽപ്പത്തിന് എതിരാണ്.

5. ഒബ്ജക്ടീവ് റെസലൂഷൻ രണ്ട് പരമാധികാര രാഷ്ട്രങ്ങൾ ആവശ്യപ്പെട്ട ലാഹോർ റിസലൂഷന് എതിരാണ്. ( From Jinnaha to Zia By Justice Muhammed Muneer p. 36)

അത്യന്തം വൈകാരികവും അമൂർത്തവും അവ്യാഖ്യേയവുമായ മതത്തിന്റെ പേരിലോ അതുപോലെ തീവ്രദേശീയതയുടെ പേരിലോ ആധുനിക രാഷ്ട്രം പോലെയുള്ള ഒരു സ്ഥാപനത്തെ കെട്ടിപടുത്താൽ അതിന് ഏറെനാൾ ഒരു നല്ല ജനാധിപത്യ രാഷ്ട്രമായി നിൽക്കാൻ സാദ്ധ്യമല്ല എന്ന ചരിത്രപാഠമാണ് പാകിസ്താൻ നമുക്ക് നൽകുന്നത്. ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീബുദ്ധൻ, ശ്രീ വർദ്ധമാന മഹാവീരൻ, ശ്രീ ഗുരുനാനാക്ക്, ഹദ്റത്ത് മുഹമ്മദ് (സ)ന്റെ ശിഷ്യനായ ഹദ്റത്ത് അഹ്മദ് (എല്ലാവരിലും ദൈവത്തിന്റെ സമാധാനം വർഷിക്കുമാറാകട്ടെ) എന്നിവർ അദ്ധ്യാത്മിക വെളിച്ചം നൽകി സമ്പന്നമാക്കിയ ഈ രാജ്യത്തിന്റെ മഹത്തായ സാംസ്കാരിക പൈതൃകം ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ ഭരണഘടന വിഭാവനം ചെയ്ത എല്ലാ സെക്കുലർ മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന ഒരു സൽഭരണം കാഴ്ച്ച വെക്കാൻ നമ്മുടെ ഭരണാധികാരികൾക്ക് കഴിയുമാറാകട്ടെ.

**പേജ് 29 ൽ നിന്ന് തുടർച്ച**

ഈ വീക്ഷണകോണിൽ ഇക്കാര്യം വിശദീകരിക്കാൻ ഈ വിവരണം മതി. ആന്തരിക പ്രചോദനങ്ങൾ ഒരിക്കലും തന്നെ പ്രവചനങ്ങൾക്ക് ജൻമം നൽകുന്നില്ല. സർവ്വജ്ഞനായ ദൈവത്തിന്റെ അസ്തിത്വത്തിന് സാക്ഷ്യം എന്ന നിലക്ക് ഭാവി സംഭവങ്ങൾ പുലർന്ന് കൊണ്ട് പ്രവചനങ്ങൾ സാക്ഷ്യം വഹിക്കുന്നു. ആന്തരിക പ്രചോദനങ്ങൾക്ക് അത്തരത്തിലുള്ള യാതൊരു വഴികളുമില്ല.



Published on 07.09.2022
Pages 44
Vol: 94 Issue. 09
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly



# സത്യദൂതൻ
## 97 –ാം വർഷത്തിലേക്ക്

# സത്യദൂതൻ: വരിസംഖ്യ അയക്കാൻ പുതിയ സംവിധാനം

ബഹുമാന്യരെ, 1925 ൽ ആരംഭിച്ച സത്യദൂതൻ ഒരു നൂറ്റാണ്ട് പൂർത്തിയാക്കാൻ ഇനി മൂന്ന് വർഷം മാത്രമാണ് അവശേഷിക്കുന്നത്. മലയാള പൊതുസാഹിത്യ മണ്ഡലത്തിൽ തന്നെ സത്യദൂതനോളം പഴക്കമുള്ള മാസിക അപൂർവ്വമാണ്. സത്യദൂതന് മാത്രം സ്വന്തമായ ചരിത്രപൈതൃകം!! അൽഹംദുലില്ലാഹ്

സത്യദൂതന്റെ പുതുവർഷത്തേക്കുള്ള വരിസംഖ്യയും, കുടിശ്ശികയും വായനക്കാർക്ക് നേരിട്ട് നൽകാൻ ഇപ്പോൾ സാദ്ധ്യമാവും. **QR code** വഴി **G Pay, Phone Pe, Paytm** എന്നീ ആപ്പുകൾ ഉപയോഗിക്കാം. മെസ്സേജിൽ വരിക്കാരുടെ നമ്പറും (Subscription No.) ഫോൺ നമ്പറും എഴുതണം. പണം അയച്ചു കഴിഞ്ഞാൽ അതിന്റെ സ്ക്രീൻ ഷോർട്ട് താഴെ കൊടുത്ത അതേ നമ്പറിൽ തന്നെ വാട്സ് ആപ് ചെയ്യാൻ മറക്കരുത്. ലൈബ്രറികളിലേക്കും വായനാശാലകളിലേക്കും അയക്കാൻ താൽപര്യമുള്ളവർ ഒന്നോ, രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർചെയ്യാനും അഭ്യർത്ഥിക്കുന്നു. രശീതി ഉടൻതന്നെ അയച്ചു തരുന്നതാണ്. പ്രാർത്ഥനയോടെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

**Phone No: 9447086862 (G. Pay)**

വാർഷിക വരിസംഖ്യ 300 രൂപ.

മാനേജർ, സത്യദൂതൻ
മസ്ജിദ് ഉമർ, സെന്റ് ബെനഡിക്ട് റോഡ്
എറണാകുളം.

ISLAM INTERNATIONAL PUBLICATIONS

Scan and pay with any BHIM UPI app

G Pay PhonePe Paytm

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim